
# സ്വർഗ്ഗസ്ഥനായ പിതാവ്



2.70
EN

എസ്. വെങ്ങാലൂർ

# സ്വർഗ്ഗസ്ഥനായ പിതാവ്

CARMEL LIBRARY
No.
ALWAYE-S.A.M.-KERALA

LIBRARY
16299

എസ്. വെങ്ങാലൂർ

M/242.707
VEN

SWARGASTANAYA PITHAVU
(Our Father in Heaven)

**S. Vengaloor. C. M. I.; M. A.; S. T. L.**

First Impression July 1981

Price Rs. 3 · 00

Published by the author

Printed at S. J. Press, Mannanam.

# വിഷയവിവരം

## ഭാഗം I

പേജ്

### പശ്ചാത്തല വിവരണം

1 ആദിമസഭയും ഈശോയുടെ പ്രാർത്ഥനയും 11
2 ഈശോയുടെ പ്രാർത്ഥനയുടെ മൂലം ഏതു്? 14
3 മൂലരൂപം കണ്ടെത്തുന്നു 22
4 ഈശോയുടെ പ്രാർത്ഥന ആരാധനക്രമത്തിൽ 27

## ഭാഗം II

### അപഗ്രഥനം

5 അഭിസംബോധന 32
6 അങ്ങയുടെ നാമം പൂജിതമാകണമേ 41
7 അങ്ങയുടെ രാജ്യംവരണമേ 45
8 അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ 48
9 ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു നല്കണമേ 51
10 ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ 60
11 ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ. 65

CARMEL LIBRARY
No ..........
ALWAYE-S.A.M.-KERALA.

## എസ്സ്. വെങ്ങാലൂരിൻെറ ഗ്രന്ഥങ്ങൾ

1 ഉദ്ധരണികൾ
2 കലയുടെ അണിയറ
3 പ്രസംഗകല
4 ജനങ്ങളും നേതൃത്വവും
5 സ്നേഹം ബൈബിളിൽ (രണ്ടാം പതിപ്പ്)
6 സഭയും സ്ത്രീകളും
7 പുഷ്പമാല
8 ക്രിസ്തു, വിപ്ലവനേതാവ്
9 മരിയൻ ബൈബിൾ ശുശ്രൂഷ
10 സ്വർഗ്ഗസ്ഥനായ പിതാവ്

# ഗ്രന്ഥകർത്താവു സംസാരിക്കുന്നു

ലോകത്തിലുള്ള എല്ലാ മതസ്ഥരുടെയും ഇടയിൽ വളരെ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒന്നാണു് 'സ്വർഗ്ഗസ്ഥനായ പിതാവു്' എന്നപേരിലറിയപ്പെടുന്ന ഈശോയുടെ പ്രാർത്ഥന. ഭാഷാലാളിത്യംകൊണ്ടും അവതരണ സമ്പ്രദായംകൊണ്ടും ആർക്കും എളുപ്പത്തിൽ മനസ്സിലാകുന്നതും, സ്വന്തമാക്കുവാൻ ഉത്തേജനം ലഭിക്കുന്നതുമാണു് ഈ പ്രാർത്ഥന. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ കോടിക്കണക്കിനാളുകളുടെ അധരങ്ങളിൽനിന്നും അനുദിനം ഉയരുന്ന ഈ പ്രാർത്ഥനയുടെ അർത്ഥം ആർക്കും പ്രഥമ ശ്രവണത്തിൽ ലഭിക്കുന്നതാണു്.

എന്നാൽ ഈശോയുടെ പ്രാർത്ഥനയുടെ പശ്ചാത്തലമായി നില്ക്കുന്ന ദൈവശാസ്ത്ര വീക്ഷണങ്ങൾകൂടി മനസ്സിലാക്കിയാൽ മാത്രമേ, ആ പ്രർത്ഥന സ്വന്തമാക്കിയും അർത്ഥം ഗ്രഹിച്ചും ഹൃദയത്തിൽ തട്ടിയും നടത്തുന്നതിനു സാധിക്കയുള്ളു. ഒരു ക്രൈസ്തവമതവിശ്വാസിയുടെ ജീവന്റെ ജീവനായ 'സ്വർഗ്ഗസ്ഥനായ പിതാവി'ന്റെ ഉള്ളർത്ഥം, ഈ പ്രാർത്ഥന രൂപപ്പെടാനിടയായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ, മനസ്സിലാക്കേണ്ടതാവശ്യമാണു്. ഇതിനുതകുന്ന ഒരു ഗ്രന്ഥം മലയാളത്തിൽ കാണാതിരുന്നതുകൊണ്ടു് അങ്ങനെയൊന്നു രചിക്കുക ആവശ്യമായിത്തോന്നി.

ജോവാക്കിം ജറമിയാസ്സു്, ആർ. ഈ. ബ്രൗൺ, മകപാറി, എഡ്വേർഡ്ഡു് മറംത്തേസ്റ്റാ, റോജർ ഡിക്സൺ എന്നീ ആധുനിക ദൈവശാസ്ത്രചിന്തകന്മാരുടെ ഗവേ

ഷണ ഫലങ്ങരം ഈ ഗ്രന്ഥരചനസ്സു് വളരെ സഹായിച്ചിട്ടുണ്ടെന്നും നന്ദിയോടെ പ്രസ്താവിച്ചുകൊള്ളുന്നു.

മലയാളത്തിലെ സാധാരണ വായനക്കാർക്കുവേണ്ടി രചിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ കത്തൃപ്രാത്ഥന, ക്രിസ്തുവിൻെറ പ്രാത്ഥന, യേശുവിൻെറ പ്രാത്ഥന, ഈശോയുടെ പ്രാത്ഥന, വിശ്വാസികളുടെ പ്രാത്ഥന എന്നൊക്കെ പറയുമ്പോരം ഉദ്ദേശിച്ചിരിക്കുന്നതു 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നുള്ള സുവിശേഷത്തിലെ പ്രാത്ഥനയാണു്. ദൈവശാസ്ത്രത്തിലെ ഗഹനചിന്തകർക്കും പ്രൗഢബുദ്ധികരംക്കും വേണ്ടി ഇംഗ്ലീഷ്, ജർമ്മൻ, ഫ്രെഞ്ചു് തുടങ്ങിയ ഭാഷകളിൽ ഈ വിഷയം സംബന്ധിച്ച ധാരാളം ഗ്രന്ഥങ്ങരം ഉള്ളതു് ഉപകാരപ്രദമാകുമെന്നു കരുതുന്നതുകൊണ്ടു്, ഒരു ഗവേഷണഗ്രന്ഥത്തിൻെറ രീതിയിൽ സാങ്കേതികത്വം കുത്തിക്കലക്കി വായനക്കാരനെ ശ്വാസംമുട്ടിക്കാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്.

ഈശോയുടെ പ്രാത്ഥനയിൽ ജനങ്ങരം ആകൃഷ്ടരും തത്പരരുമാകുവാൻ ഈ ലഘുഗ്രന്ഥം സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

കോട്ടയം — എസ്സ് വെങ്ങാലൂർ

ജൂലൈ

# സ്വർഗ്ഗസ്ഥനായ പിതാവ്

സ്വർഗ്ഗത്തിൽ വാഴും പിതാവാം ദൈവമേ
നിൻനാമം പൂജിതമായിടേണം
നിന്നുടെ രാജ്യമീഭൂവിൽ വരേണം
നിൻചിത്തം സ്വർല്ലോകത്തെന്നപോലെ
നിറവേറണം നിത്യമൂഴിമേലും.
അന്നന്നുവേണ്ടുന്ന ഭോജ്യം
ഞങ്ങൾക്കു നീ നൽകീടേണം
നരരോട് ഞങ്ങൾ പൊറുക്കുന്നപോൽ
ഞങ്ങളുടെ പാപങ്ങളെല്ലാം
കനിവോടു നിത്യം പൊറുക്കേണമേ.
പാപത്തിൽ വീഴാതെ കാത്തീടണേ
തിന്മയിൽ നിന്നു നീ രക്ഷിക്കണേ
രാജ്യവും ശക്തി മഹത്വങ്ങളും
നിന്റേതാകുന്നു നിത്യം
നിന്റേതാകുന്നു നിത്യം

AL JEEVASS KENDRAM
LIBRARY
16299

# ഭാഗം I

## പശ്ചാത്തല വിവരണം

മനുഷ്യൻ പ്രാത്ഥിക്കുവാൻ തുടങ്ങിയിട്ടു് നൂററാണ്ടുകറം പലതായി. മനുഷ്യോല്പത്തിയോടുകൂടി പ്രാത്ഥനയും ആരംഭിച്ചുവെന്നു പറയാം. മനുഷ്യൻെറ വികസന ചരിത്രത്തിലെ ഒരു നാഴികക്കല്ലാണു് ഭാഷോല്പത്തി. എന്നാൽ ഭാഷ രൂപപ്പെടുന്നതിനു മുൻപുതന്നെ പ്രാത്ഥനാശീലം മനുഷ്യനുണ്ടായി എന്നഭിപ്രായപ്പെടുന്നവരുണ്ടു്. അസാധാരണ വികാരങ്ങറംക്കു വിധേയരാകുമ്പോറം മനുഷ്യർ പുറപ്പെടുവിക്കുന്ന വ്യാക്ഷേപക ശബ്ദങ്ങളിൽ നിന്നും ഭാഷയുണ്ടായി എന്നു ഭാഷോല്പത്തിയെപ്പററിയുള്ള ആത്മനിഷ്ഠസിദ്ധാന്തങ്ങളിൽ ഒന്നായ വ്യാക്ഷേപകസിദ്ധാന്തം പറയുന്നു. മനുഷ്യൻെറ അസാധാരണ വികാരങ്ങളായ ഭയവും, തന്നെക്കാറം ഉന്നതനും ശക്തനുമായ ഒരദൃശ്യശക്തിയിലുള്ള വിശ്വാസവും ആശ്രയവും ഭാഷോല്പത്തിക്കു നിദാനമായ ശബ്ദങ്ങറം ഉണ്ടാകുവാൻ കാരണമായിരിക്കണം. മാക്സ്മുള്ളറേപ്പോലുള്ള ഭാഷാശാസ്ത്രപണ്ഡിതന്മാർ "ഫൂ–ഫൂ സിദ്ധാന്ത"മെന്നു വിളിച്ചു് ഈ അഭിപ്രായത്തെ ഉപഹസിച്ചു വിഗണിക്കുന്നുണ്ടെങ്കിലും, ഭാഷോല്പത്തിക്കു മുൻപുതന്നെ മനുഷ്യൻ പ്രാത്ഥിക്കാൻ തുടങ്ങിയെന്നു വിചാരിക്കുന്നതിൽ യുക്തിഭംഗമില്ല.

പരാശക്തിയോടുള്ള മനുഷ്യൻെറ ഭയഭക്തി സ്നേഹബഹുമാനാദികൾ പ്രാർത്ഥനയിലൂടെയാണു പ്രകടിപ്പിച്ചിരുന്നതു്. ഓരോ ജനപദത്തിന്റേയും പ്രാർത്ഥനാരൂപങ്ങൾ നോക്കി, അതതിൻെറ ജീവിത സാഹചര്യങ്ങളും മാനസിക ഘടനയും ഒട്ടൊക്കെ മനസ്സിലാക്കാൻ കഴിയും.

ഏതു രീതിയിൽ ആരംഭിച്ചതാണെങ്കിലും ശരി പ്രാർത്ഥനാരൂപങ്ങൾ പ്രചരിപ്പിക്കാനും നിലനിറുത്താനും മതങ്ങളാണു് തണലേകിയിട്ടുള്ളതു്. വ്യവസ്ഥാപിതമായ പ്രാർത്ഥനാരീതികളില്ലാത്ത മതങ്ങളൊന്നുമില്ല. പ്രാർത്ഥനകൾ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക, അവരെ അഭ്യസിപ്പിക്കുക, പരമ്പരാഗതമായ പ്രാർത്ഥനാസമ്പ്രദായങ്ങൾ കാത്തുസൂക്ഷിക്കുക എന്നിവയൊക്കെ മതങ്ങളുടെ മുഖ്യകർത്തവ്യങ്ങളാണു്. വിവിധപ്രാർത്ഥനാരൂപങ്ങൾ മതങ്ങൾക്കുണ്ടാകാമെങ്കിലും, അവയിൽ പ്രാധാന്യമേറിയതെന്നോ, ഫലസിദ്ധിവർദ്ധിച്ചതെന്നോ, മതാനുയായികൾ അവശ്യം അറിഞ്ഞിരിക്കേണ്ടതെന്നോ കരുതപ്പെടുന്ന ചില പ്രാർത്ഥനകൾ ഉണ്ടായിരിക്കും. ഹിന്ദുമതത്തിലും ഇസ്ലാംമതത്തിലും ക്രിസ്തുമതത്തിലും ഒക്കെയുണ്ടു ഇപ്രകാരമുള്ള പ്രാർത്ഥനകൾ. ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നതിൽ പ്രാധാന്യമർഹിക്കുന്നതും വിശിഷ്ടവും മനോഹരവുമായ ഒന്നാണു് കർത്തൃപ്രാർത്ഥന അഥവാ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നാരംഭിക്കുന്ന ഈശോ പഠിപ്പിച്ച പ്രാർത്ഥന. ക്രൈസ്തവമതത്തിലെ വിഭിന്ന വിഭാഗക്കാരെ ഒന്നിപ്പിച്ചു നിറുത്താൻ ഈ പ്രാർത്ഥനയ്ക്കു ശക്തിയുണ്ടു്. വിവിധക്രൈസ്തവ വിഭാഗക്കാർ ഒന്നിച്ചു ചേരുമ്പോൾ അഭിപ്രായഭേദം കൂടാതെയും സന്തോഷത്തോടെയും പ്രാർത്ഥിക്കുവാൻ സഹായിക്കുന്നതുമാണു് ഈ പ്രാർത്ഥന.

ഈശോ പഠിപ്പിച്ച പ്രസിദ്ധമായ ഈ പ്രാർത്ഥനയെപ്പററി വിശദമായി പഠിക്കുവാനും, അതിൻെറ വിവിധഭാഗങ്ങളുടെ പൊരുൾ മനസ്സിലാക്കുവാനും ഉദ്ദേശിച്ചുകൊണ്ടു് വളരെ പരിശ്രമങ്ങൾ നടന്നിട്ടുണ്ടു്. ക്രൈസ്ത

വസഭയുടെ ആദ്യകാലം മുതല്ക്കുതന്നെ ദൈവശാസ്ത്രപണ്ഡിതന്മാരും ഭക്തിമാര്ഗ്ഗചിന്തകരും ഈ കാര്യത്തിൽ ഉത്സാഹം കാണിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം പ്രയത്നഫലമായി ഈശോയുടെ പ്രാര്ത്ഥനയെപ്പററി വിവിധ ഭാഷകളിലായി അനേകം ഗ്രന്ഥങ്ങളും വെളിച്ചം ദര്ശിച്ചിട്ടുണ്ട്.

## 1 ആദിമസഭയും, ഈശോയുടെ പ്രാര്ത്ഥനയും

ക്രിസ്തുവര്ഷം 350-ാ മാണ്ട്, ജറുസലേമിലുള്ള യേശുവിൻെറ കബറിടത്തെ മൂടിപ്പൊതിഞ്ഞു നില്ക്കുന്ന മനോഹരവും ചരിത്രപ്രധാനവുമായ ദേവാലയത്തിൽ വച്ച് സിറിൽ എന്ന പണ്ഡിതൻ ഇരുപത്തിനാലു പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. അടുത്തവര്ഷം ജറുസലേമിലെ മെത്രാനായി നിയമിക്കപ്പെട്ട സിറിൽ നലംതികഞ്ഞ പണ്ഡിതനും, പ്രസിദ്ധനായ വാഗ്മിയും, തനിമയുള്ള ചിന്തകനുമായിരുന്നു. അദ്ദേഹത്തിൻെറ അവസാനത്തെ പ്രഭാഷണത്തിൽ ഈശോയുടെ പ്രാര്ത്ഥന ആദിമക്രൈസ്തവരുടെ ആരാധനാസമ്മേളനങ്ങളിൽ നിത്യേന ഉപയോഗിക്കുന്ന ഒന്നാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. വി. ബലിയുടെ അവസാന ഘട്ടത്തിൽ, ജനങ്ങൾ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു മുൻപായിട്ടാണ്, ഈ പ്രാര്ത്ഥന ചൊല്ലിയിരുന്നത്. ആദിമസഭയിൽ വിശുദ്ധബലിയുടെ അതിപ്രധാനവും രഹസ്യമയവുമായ അവസാനഘട്ടത്തിൽ പങ്കെടുക്കുന്നതിനും, ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമുള്ള അവകാശം ജ്ഞാനസ്നാനം സ്വീകരിച്ചു ക്രൈസ്തവസഭയുടെ സമ്പൂര്ണ്ണ അംഗങ്ങളായിത്തീര്ന്നവര്ക്കു മാത്രമേ ഉണ്ടായിരുന്നുള്ളു.വെന്ന കാര്യം ഇവിടെ ഓര്ത്തിരിക്കേണ്ടതുണ്ട്.

ജറുസലേമിലെ സഭയിൽ നടന്നിരുന്ന കാര്യങ്ങളെപ്പററി ഇത്രയും പറഞ്ഞതു്, വിവിധ സ്ഥലങ്ങളിലായി പ്രബലപ്പെട്ടുവന്നിരുന്ന ആദിമസഭാ കേന്ദ്രങ്ങളിലെല്ലാം ഈശോയുടെ പ്രാര്ത്ഥന പ്രചാരത്തിലായിരുന്നുവെന്നു് ഊന്നിപ്പറയാൻ കൂടിയാണ്. സഭയുടെ വിശാ

സപ്രമാണംപോലെ ക്രിസ്തുവിൻെറ പ്രാത്ഥനയും വി. ബലിയുടെ അവശ്യഘടകമായി മാറിയിരുന്നു. ഇവ രണ്ടും ശരിയായി പഠിച്ചു ഹൃദിസ്ഥമാക്കിയവരെ മാത്രമേ ക്രൈസ്തവസമൂഹത്തിലേക്കു പരിപൂർണ്ണാംഗങ്ങളായി സ്വീകരിച്ചിരുന്നുള്ളു. ഈശോയുടെ പ്രാത്ഥനയുടെ ഓരോ വാചകവും വിശദമായും ലളിതമായും വ്യാഖ്യാനിച്ച് ജനങ്ങളെ പഠിപ്പിക്കുവാൻ ആചാര്യന്മാർ നിഷ്ഠ വെച്ചിരുന്നു നവക്രൈസ്തവർ അവശ്യം പഠിച്ചിരിക്കേണ്ട പ്രാത്ഥനയായി നിർദ്ദേശിച്ചിരുന്നതും ഇതാണെന്നു പറയുമ്പോഠ, ഈശോയുടെ പ്രാർത്ഥനയെപ്പററിയുള്ള ക്രൈസ്തവസഭയുടെ ഉഠംബോധവും വ്യക്തമാകുന്നുണ്ടു്. ക്രൈസ്തവർ ഒന്നിച്ചുകൂടിയിരുന്ന ഘട്ടങ്ങളിലെല്ലാം ഈ പ്രാത്ഥന ചൊല്ലിയിരുന്നു. എല്ലാ ദിവസവും ഈ പ്രാത്ഥന ചൊല്ലുകയെന്നതു് സാവധാനം ജീവിതത്തിലേക്കിറങ്ങിവന്ന പാരമ്പര്യമാണു്. മാമ്മോദീസാ സ്വീകരിച്ചു് സഭയുടെ ഔദ്യോഗികാംഗങ്ങളായവരെ മാത്രമേ ഈശോ പഠിപ്പിച്ച പ്രാർത്ഥന ചൊല്ലുവാൻ അനുവദിച്ചിരുന്നുള്ളു. തന്നിമിത്തം "വിശ്വാസികളുടെ പ്രാത്ഥന" എന്നൊരു നാമംകൂടി ഈശോയുടെ പ്രാത്ഥനയ്ക്കു സിദ്ധിക്കാനിടയായി.

ഈശോയുടെ പ്രാത്ഥനയും മാമ്മോദീസായും തമ്മിൽ ആദിമസഭയിൽ അഭേദ്യമാംവിധം ബന്ധപ്പെട്ടാണു കിടന്നിരുന്നതു്. ഏ.ഡി. 140_ൽ മാർസിയോൻ എഴുതിയ ഈശോയുടെ പ്രാത്ഥനയുടെ ആദ്യഭാഗത്തു് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "പിതാവേ, അങ്ങയുടെ പരിശുദ്ധാത്മാവു് ഞങ്ങളിലേക്കു് വരികയും ഞങ്ങളെ ശുദ്ധരാക്കുകയും ചെയ്യട്ടെ." പരിശുദ്ധാത്മാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള പ്രാത്ഥന മാമ്മോദീസാ നല്കുന്ന അവസരത്തിൽ നടത്തിയിരുന്നതാണു്. അതു് ക്രമേണ ആ സഭയിൽ ചൊല്ലിയിരുന്ന ക്രിസ്തുപ്രാത്ഥനയുടെ ഒരു ഭാഗമായിത്തീർന്നു.

ജ്ഞാനസ്നാനവും ക്രിസ്തുപ്രാത്ഥനയുമായുള്ള ബന്ധം പരിശോധിക്കുമ്പോഠ, ഒന്നാംശതകത്തിലെ ഒരു ഗ്രന്ഥ

മെന്നു വിവക്ഷിക്കപ്പെടുന്ന "പന്ത്രണ്ടു് അപ്പസ്തോലന്മാരുടെ പഠനങ്ങൾ" അഥവാ 'ദീദക്കെ'യിൽ ഈ പ്രാർത്ഥന ദൃശ്യമാകുന്നുണ്ടെന്നുള്ള കാര്യം എടുത്തു പറയണം. ക്രിസ്തുവിൻെറ പ്രാർത്ഥനയുടെ പഠനവും വി.ബലിയിൽ പങ്കെടുക്കലും ജ്ഞാനസ്നാനത്തിനുശേഷമുള്ളതായിട്ടാണു് ഈ ഗ്രന്ഥത്തിലും സൂചന.

ഈ വിശദീകരണങ്ങളെല്ലാം ചില നിഗമനങ്ങളിലേക്കാണു് നമ്മേ നയിക്കുന്നതു്. ഇന്നു് എല്ലാ മതവിശ്വാസികളുടേയും പൊതുസ്വത്തായി പരിഗണിച്ചു വരുന്ന "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന മനോഹര പ്രാർത്ഥന, ക്രിസ്തുവർഷത്തിൻെറ ആരംഭശതകങ്ങളിൽ വളരെ രഹസ്യമായി പഠിപ്പിച്ചിരുന്നതും നടത്തിയിരുന്നതുമായ ഒന്നായിരുന്നു. അന്നു് ക്രൈസ്തവസഭയുടെ അമൂല്യ നിധികളായി പരിഗണിച്ചിരുന്ന ക്രിസ്തുവിൻെറ പ്രാർത്ഥനയിലും വി. ബലിയർപ്പണത്തിലും പങ്കെടുക്കുവാൻ ക്രൈസ്തവവിശ്വാസ സംഹിത പഠിക്കയും ഏററു പറയുകയും ചെയ്യുന്നവരെ മാത്രമേ അനുവദിച്ചിരുന്നുള്ളു. മററുള്ളവർക്കു് അജ്ഞാതമായിരിക്കത്തക്കവിധം രഹസ്യമായിട്ടാണു് ഇവരണ്ടും നിർവ്വഹിച്ചിരുന്നതു്. ക്രിസ്തുവിൻെറ പ്രാർത്ഥന പഠിക്കാൻ സാധിക്കുകയെന്നതു് അവകാശമായും അനുഗ്രഹമായും ജനങ്ങൾ കരുതിപ്പോന്നിരുന്നു. വി. കുർബാനയിലും ക്രിസ്തുവിൻെറ പ്രാർത്ഥനയിലും ഭയഭക്തി സ്നേഹബഹുമാനാദികളോടെയാണു് ജനങ്ങൾ സംബന്ധിച്ചിരുന്നതു്. കിഴക്കും പടിഞ്ഞാറുമുള്ള സഭകളുടെ ആരാധനക്രമങ്ങളിൽ ഇക്കാര്യം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നു് ഗ്രീക്കു്-റഷ്യൻ ഓർത്തഡോക്സ് സഭാവിഭാഗക്കാർ ഉപയോഗിക്കുന്നതും, സെൻറു് ജോൺ ക്രിസോസ്തോമിൻെറതെന്നു് പ്രഖ്യാതവുമായ ആരാധനക്രമത്തിൽ ക്രിസ്തുവിൻെറ പ്രാർത്ഥന ചൊല്ലുന്നതിനു മുൻപായി വൈദികൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു: "കർത്താവേ, സന്തോഷത്തോടും എന്നാൽ തുനിവില്ലാതെയും ദൈവമായ അങ്ങയെ പിതാവെന്നു വിളിച്ചു്, 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന

പ്രാത്ഥന നടത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.'' ഇതിന്നു തുല്യവും എന്നാൽ സംക്ഷിപ്തവുമായ ഒരു പ്രാർത്ഥന പടിഞ്ഞാറൻ സഭയുടെ വി. ബലിക്രമത്തിൽ ദൃശ്യമാണു്. ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്നു ചൊല്ലി പ്രാത്ഥിക്കുവാൻ ഞങ്ങൾ തുനിയട്ടെ'' എന്നാണു് അതിലെ വാചക ഘടന.

ഭയഭക്തിബഹുമാനങ്ങളോടുകൂടി ക്രിസ്തുവിൻെറ പ്രാത്ഥന നടത്തുവാൻ ഒരുമ്പെടുകയെന്നതു് പ്രാചീന സഭയിലെ ഒരു നടപ്പായിരുന്നു. ഇന്നു് ആ പാരമ്പര്യത്തിനു് ക്ഷതം തട്ടിയിട്ടുണ്ടു. ഈശോയുടെ പ്രാർത്ഥനയുടെ ആന്തരികാർത്ഥം മനസ്സിലാക്കാത്തതുകൊണ്ടും, വളരെ വേഗത്തിൽ വളരെയധികം വാചികപ്രാർത്ഥനകൾ നടത്തണമെന്ന വ്യഗ്രതയുള്ളതുകൊണ്ടും ഉള്ളർത്ഥം ഉപേക്ഷിച്ചതുപോലെയുള്ള ഒരു മന:സ്ഥിതിയോടെയാണു് ഇന്നു പ്രാത്ഥന നടത്തുന്നതു്. യേശുവിൻെറ പ്രാർത്ഥനയുടെ അടിസ്ഥാനാർത്ഥത്തിലേക്കു മടങ്ങുവാനും, ആഴപ്പെട്ട ആദ്ധ്യാത്മികതയോടും താത്പര്യത്തോടുംകൂടെ ഈ പ്രാത്ഥന നടത്തുവാനും ബോധപൂർവ്വകമായ ശ്രമം നടക്കേണ്ടതുണ്ടു്. തുടർന്നുള്ള ഭാഗങ്ങളിൽ ചരിത്ര പാരമ്പര്യ പശ്ചാത്തലത്തിൽ യേശുവിൻെറ പ്രാർത്ഥന മനസ്സിലാക്കുവാൻ നാം ശ്രമിക്കയാണു്.

## 2 ഈശോയുടെ പ്രാത്ഥനയുടെ മൂലം ഏതു്?

യേശുവിൻെറ അത്യുത്കൃഷ്ടമായ പ്രാത്ഥനയെപ്പററി അവഗാഢമായി പഠിക്കുവാൻ ഒരുങ്ങുമ്പോൾ പഠനത്തിനു വിധേയമാകുന്ന ഭാഗത്തിൻെറ മൂലത്തെപ്പററി പരിശോധന നടത്തേണ്ടതായിവരും. ബൈബിളിൽ രണ്ടുഭാഗത്തു് ഈ പ്രാത്ഥന രേഖപ്പെടുത്തിയിട്ടുണ്ടു്. സുവിശേഷകരായ സെൻറു് മാത്യുവും സെൻറു് ലൂക്കും രേഖപ്പെടുത്തിയിരിക്കുന്ന പ്രാത്ഥനകൾ ഉദ്ധരിക്കുന്നതു് ഉപകാരപ്രദമായിരിക്കുമല്ലോ. വിശ്വപ്രസിദ്ധമായ ഗി

രിപ്രഭാഷണത്തിൽ പ്രാർത്ഥനയെപ്പററി പ്രസംഗിച്ച അവസരത്തിൽ യേശു ഇങ്ങനെ പഠിപ്പിച്ചു:

''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ,
അങ്ങയുടെ രാജ്യം വരണമേ;
അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ
ഭൂമിയിലും ആകണമേ.
ആവശ്യകമായ ആഹാരം ഇന്നു
ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ
ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ
ഞങ്ങളോടും ക്ഷമിക്കണമേ.
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.
തിന്മയിൽ നിന്നു് ഞങ്ങളെ രക്ഷിക്കണമേ.
(സെൻറ് മാത്യൂ 6 : 9_13).

ഇതിനെക്കാൾ ചെറുതായ ഒരു പ്രാർത്ഥനയാണു് സെൻറ് ലൂക്കിൻെറ സുവിശേഷത്തിൽ നാം വായിക്കുന്നതു്. പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഈശോയുടെ സമീപത്തുചെന്നു ശിഷ്യരിൽ ഒരാൾ ആവശ്യപ്പെട്ടതുകൊണ്ടാണു് അവിടുന്നു് ഈ പ്രാർത്ഥന പഠിപ്പിച്ചതെന്നു് ആമുഖമായി പ്രസ്താവിക്കുന്നുണ്ടു്.

''പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
ഞങ്ങൾക്കു് ആവശ്യമായ ആഹാരം ദിനംപ്രതി
ഞങ്ങൾക്കു തരണമേ.
ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ;
എന്തെന്നാൽ ഞങ്ങളോടു കടപ്പെട്ടിരിക്കുന്നവരോടെല്ലാം ഞങ്ങളും ക്ഷമിക്കുന്നു,
ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.''
(സെൻറ് ലൂക്കു് 11 : 2_4)

ഈശോയുടെ പ്രാത്ഥനയുടെ അന്തരാത്ഥത്തിലേക്കു കടക്കുന്നതിനു മുൻപ് സുവിശേഷകന്മാർ രണ്ടുപേരും വ്യത്യസ്ഥ വാചകങ്ങളിലാണ് ഈ പ്രാർത്ഥനയുടെ മൗലികാശയം വെളിപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം പരിഗണിക്കേണ്ടതായിവരുന്നു. ഒന്നാം നൂററാണ്ടിലെ ക്രൈസ്തവ ജീവിത ദർപ്പണമെന്നു പറയാവുന്ന 'ദീദക്കെ' എന്ന ഗ്രന്ഥത്തിൽ മാത്യുവിൻെറ സുവിശേഷത്തിലെ പ്രാത്ഥനാരൂപംതന്നെ ദൃശ്യമാണ്. ''എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും അങ്ങയുടേതാകുന്നു'' എന്നുള്ള സ്തുതിഗീതം ദീദക്കേയിൽ കൂട്ടതലായി എഴുതിച്ചേർത്തിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഏററവും വലിയ പ്രാർത്ഥനാരൂപം ദൃശ്യമാകുന്നത് ദീദക്കേയിലാണ്.

ഈ മൂന്നുവിധ പ്രാത്ഥനാരൂപങ്ങളിൽ ഏതാണ് ആദ്യത്തേതു്, അല്ലെങ്കിൽ ക്രിസ്തു പഠിപ്പിച്ചതെന്ന് പരിശോധിച്ചു നോക്കേണ്ടതു് ആവശ്യമായി വരുന്നു. സുവിശേഷങ്ങളോളം പ്രാധാന്യവും വിശ്വാസ്യതയും 'ദീദക്കേ'ക്കു കൊടുക്കേണ്ടതില്ലാത്തതിനാൽ പരിശോധനയുടെ ആദ്യഘട്ടത്തിൽ തന്നെ സ്തുതിഗീതം ചേത്ത ദീർഘരൂപത്തിലുള്ള പ്രാത്ഥനാരൂപം ഗൗരവമായ ഗവേഷണത്തിനു വിധേയമാക്കാതെ ഒഴിച്ചു നിറുത്താവുന്നതാണ്.

അവശേഷിക്കുന്നതു് ലൂക്കിൻെറ സുവിശേഷത്തിലുള്ള ചെറിയ പ്രാത്ഥനാരൂപവും മാത്യുവിൻെറ സുവിശേഷത്തിലുള്ള വലിയ പ്രാത്ഥനാരൂപവുമാണ്. ഇവയിൽ ഏതാണ് യഥാത്ഥമെന്നും, ഈശോ പഠിപ്പിച്ച പ്രാത്ഥനയുടെ തനിരൂപവുമെന്നുള്ള വിഷയത്തെപ്പററി കഴിഞ്ഞ നൂററമ്പതു വർഷമായി ഗൗരവമായ ഗവേഷണപഠനം നടന്നുകൊണ്ടിരിക്കയാണ്. ജമ്മനിയിൽ ആരംഭിച്ച ഈ പഠനപരിശ്രമങ്ങൾ ഇംഗ്ലണ്ടിലേക്കും അനന്തരം അമേരിക്കയിലേക്കും വ്യാപിക്കയുണ്ടായി. പുതിയ നിയമ ഗ്രന്ഥത്തിൻെറ പഴയ കൈയെഴുത്തു പ്രതികൾ കണ്ടുപിടിച്ചു് അവയിൽ ഈ പ്രാത്ഥന എങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നുവെന്നു പണ്ഡിത കേസരികൾ പരിശോധി

ച്ചുനോക്കി. സന്യാസാശ്രമങ്ങളിലേയും വിവിധരാജ്യങ്ങളിലെ വിഖ്യാതങ്ങളായ ഗ്രന്ഥശാലകളിലെയും പഴയ ബൈബിൾ കൈയെഴുത്തു ഗ്രന്ഥങ്ങളെല്ലാം പഠനത്തിന്നു വിധേയമാക്കി. ഗ്രീക്കഭാഷയിലുള്ള പുതിയ നിയമ ഗ്രന്ഥത്തിൻെറ പ്രതികൾതന്നെ അയ്യായിരത്തോളം കണ്ടെത്താൻ കഴിഞ്ഞു. ഈ കൈയെഴുത്തു പ്രതികളെല്ലാം വിദഗ്ദ്ധമായ പഠനത്തിന്നും താരതമ്യ പരിശോധനക്കും വിധേയമാക്കിയപ്പോൾ, മാർട്ടിൻ ലൂതർ തുടങ്ങിയുള്ള ബൈബിൾ പണ്ഡിതർ അവലംബമാക്കിയതിനെക്കാൾ പ്രാചീനവും ആധികാരികവുമായ മൂലകൃതികൾ കാണുവാനിടയായി.

മൂലകൃതികൾ തേടിപ്പോയ 1611 പാശ്ചാത്യ പൗരസ്ത്യ വിവർത്തകർ നാലാം നൂററാണ്ടിൻെറ അന്ത്യത്തിൽ എഴുതിയതായി കരുതപ്പെടുന്ന ബൈസന്തിയൻ സഭയിലെ ബൈബിൾ കൈയെഴുത്തു പ്രതിയാണ് ആധാരഗ്രന്ഥമായി സ്വീകരിച്ചതു്. പക്ഷേ അത്യന്താധുനിക ബൈബിൾ പണ്ഡിതന്മാർക്കു് രണ്ടാം നൂററാണ്ടിലെ കൈയെഴുത്തു പ്രതികൾ കണ്ടുപിടിക്കാനും അവയെ പഠനത്തിന്നും വിവർത്തനത്തിന്നും ഉപകരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടു്. പുതിയ നിയമത്തിന്നു ലഭ്യമാകാവുന്ന ഏററവും പ്രാചീന ഗ്രീക്കുഗ്രന്ഥം കണ്ടെത്തുവാൻ പണ്ഡിതന്മാർക്കു സാധിച്ചിട്ടുണ്ടെന്നുള്ളതു് അഭിമാനപൂർവ്വം സ്മരിക്കാവുന്നതാണു്. ഈശോ പഠിപ്പിച്ച പ്രാർത്ഥനയെപ്പററിയുള്ള പഠനങ്ങൾ താഴെപ്പറയുന്ന രീതിയിലുള്ള ഒരു നിഗമനത്തിലേക്കു പണ്ഡിതന്മാരെ നയിച്ചിട്ടുണ്ടു്.

രണ്ടു രൂപത്തിലുള്ള യേശുവിൻെറ പ്രാർത്ഥന ക്രൈസ്തവർക്കു ലഭ്യമായിട്ടുണ്ടു്. ഒന്നു് ചെറുതും മററതു് വലുതും. ലൂക്കായുടെ സുവിശേഷത്തിൽ ചെറിയ പ്രാർത്ഥനയും, മാത്യുവിൻെറ സുവിശേഷത്തിൽ വലിയ പ്രാർത്ഥനയും വായിക്കാവുന്നതാണു്. സാരാംശത്തിൽ രണ്ടും തമ്മിൽ അന്തരമില്ലതാനും. മാത്യുവിൻെറ സുവിശേഷത്തിലെ പ്രാർത്ഥനയിൽ ഏഴു് അഭ്യർത്ഥനകളും, ലൂക്കായുടെ സുവി

ശേഷത്തിലുള്ളതിൽ അഞ്ചു് അഭ്യത്ഥനകളും ഉണ്ടു്. ഇതോടൊപ്പം ഇവരിരുവരുടേയും സുവിശേഷങ്ങരം തമ്മിൽ താരതമ്യം നടത്തി പഠിക്കുകയാണെങ്കിൽ വിസ്തരിച്ചെഴുതുന്നതിൽ മാത്യൂവും സംഗ്രഹിച്ചെഴുതുന്നതിൽ ലൂക്കായും ശ്രദ്ധചെലുത്തിയിരുന്നുവെന്നു കാണാം. യേശുവിൻെറ പ്രസംഗത്തിൽനിന്നും എട്ടെണ്ണം ജീവിത സൗഭാഗ്യങ്ങളായി മാത്യു എടുത്തു കാണിക്കുമ്പോരം നാലെണ്ണം മാത്രമേ ലൂക്കായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ളു. ഗിരിപ്രഭാഷണം വിവരിച്ചെഴുതുവാൻ മാത്യു ശ്രമിച്ചപ്പോരം, ലൂക്കാ വിവരിക്കുന്ന യേശുവിൻെറ മൈതാന പ്രസംഗം ലഘുവും കാര്യമാത്ര പ്രസക്തവുമാണു്.

ആദിമസഭയിലെ ക്രൈസ്തവർ ദിവസത്തിൽ മൂന്നു പ്രാവശ്യംവീതം ചൊല്ലിയിരുന്നതും അവരുടെ ആരാധനാക്രമത്തിൽ സ്ഥാനം ഉറപ്പിച്ചിരുന്നതുമായ ഒന്നാണു് യേശു പഠിപ്പിച്ച പ്രാത്ഥന. ആദ്യബൈബിളിൻെറ രചനയോടു ബന്ധപ്പെട്ട സിറിയാ തുടങ്ങിയ പ്രദേശങ്ങളിലെ പാരമ്പര്യത്തിൻെറ ചൈതന്യം യവനഭാഷയിലുള്ള മാത്യുവിൻെറ ബൈബിളിൽ കാണാം. ഈശോ സംസാരിച്ച അറമായിക്ഭാഷ ഇവിടത്തെ സംസാര ഭാഷയായിരുന്നുവെന്നതു് പാരമ്പര്യത്തിനു പ്രാബല്യം വദ്ധിപ്പിക്കുന്നുമുണ്ടു്. മാത്യുവിൻെറ സുവിശേഷത്തിലെ യേശുവിൻെറ പ്രാത്ഥന മനോഹരമായ അറാമിക് കവിതയായി രൂപപ്പെടുത്തുക എളുപ്പമാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതും ഇവിടെ സ്മത്തവ്യമാണു്. പ്രാത്ഥനയുടെ ആദിരൂപം ചെറുതായിരുന്നുവെന്നും അതിനോടു് ആരാധനക്രമത്തിനു യോജിച്ചവിധത്തിലുള്ള അഭ്യർത്ഥനകരംകൂടി ചേർത്തു് വലുതാക്കിയതാണു് മാത്യുവിൻെറ സുവിശേഷത്തിൽ ദൃശ്യമാകുന്നതെന്നും അഭിപ്രായപ്പെടുന്നവരുണ്ടു്.

വി. ലൂക്കായുടെ സുവിശേഷത്തിലെ കർത്തൃപ്രാത്ഥന ചെറുതാണെന്നു മാത്രമല്ല, മൂലരൂപത്തോടു കൂടുതൽ സത്യസന്ധത പുലത്തുന്നതാണെന്നുകൂടി അഭിപ്രായമുണ്ടു്. ലൂക്കാ പ്രതിനിധാനം ചെയ്യുന്നതു് പുറജാതികളുടെ

സഭയുടെ പാരമ്പര്യമാണ്. ആ പാരമ്പര്യത്തിന് ലൂക്കായുടെ ജീവിത വീക്ഷണത്തിലും യേശുവിന്റെ പ്രാർത്ഥനയുടെ വിശദീകരണത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്താനും കഴിഞ്ഞിരുന്നു. പുറജാതികളുടെ അറിവിന്റെയും, വീക്ഷണ ഗതിയുടെയും അനുദിന ജീവിതാവശ്യങ്ങളുടെയും പശ്ചാത്തലത്തിനിണങ്ങിയ രീതിയിൽ ഈശോയുടെ അഭ്യർത്ഥനകൾ അവതരിപ്പിക്കുവാൻ സുവിശേഷകനായ ലൂക്കാ ഉത്സാഹിച്ചിട്ടുണ്ട്. അറമായ ഭാഷയിൽ യേശു നടത്തിയ പ്രാർത്ഥനയുടെ അന്തശ്ചൈതന്യത്തിൽ നിന്നും സുവിശേഷകനായ ലൂക്കാ അവതരിപ്പിക്കുന്ന പ്രാർത്ഥനയിലെ അഭ്യർത്ഥനകൾ അല്പമായിട്ടാണെങ്കിലും അകന്നുമാറിയിട്ടില്ലേയെന്നു സംശയിക്കുന്നവരുണ്ട്. യവനഭാഷയിൽ സുവിശേഷം രചിച്ച മാത്യുവിന് ഇങ്ങനെയൊരപഭ്രംശം വന്നിരിക്കാനിടയില്ല. ലൂക്കാ രേഖപ്പെടുത്തിയ യേശുവിന്റെ പ്രാർത്ഥനയിലെ അഭ്യർത്ഥനകളുടെ എണ്ണം മൂലരൂപത്തോടു വിശ്വസ്തത പുലർത്തുന്നതായി സിദ്ധാന്തിക്കുന്ന ആധുനിക പണ്ഡിതന്മാർപോലും മാത്യുവിന്റെ സുവിശേഷത്തിലെ പദഘടനയാണ് കൂടുതൽ സ്വീകാര്യമെന്ന് അഭിപ്രായപ്പെടുന്നു.

ഈശോ പഠിപ്പിച്ച പ്രാർത്ഥന എങ്ങനെ രണ്ടു കൈത്തോടുകളിലൂടെ ഒഴുകി രണ്ടു വ്യത്യസ്ത രൂപങ്ങളായിത്തീർന്നുവെന്നതു് ചിന്തിക്കേണ്ട ഒരു വസ്തുതതന്നെയാണ്. പ്രാർത്ഥനയെപ്പററി പഠിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ ജനങ്ങൾക്ക് ഈ പ്രാർത്ഥന ചൊല്ലിക്കൊടുത്തു പഠിപ്പിച്ചതായിട്ടാണ രണ്ടു സുവിശേഷകരും രേഖപ്പെടുത്തിയിരിക്കുന്നതു്. മാത്യുവിന്റെ സുവിശേഷത്തിലെ ആറാമദ്ധ്യായത്തിന്റെ ആദ്യഭാഗ (6 : 1–18) ത്തു് യഹൂദരുടെ മദ്ധ്യേയുള്ള വികലമായ ഭക്തികളേയും പ്രാർത്ഥനാസമ്പ്രദായങ്ങളേയും ക്രിസ്തു വിമർശിക്കുന്നുണ്ട്. പരസ്യമായി നടത്തുന്ന ധർമ്മദാനം, പ്രാർത്ഥന, ഉപവാസം മുതലായ യഹൂദ ജീവിതത്തിലെ പുഴുക്കുത്തുവീണ ഭാഗങ്ങൾ ക്രിസ്തു ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്വന്തം മഹത്വം

പ്രകടിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇത്തരം പ്രകടനങ്ങൾ അന്തസ്സാര ശൂന്യതയുടെയും മതമൂല്യ നിഷേധത്തിൻെറയും ലക്ഷണങ്ങളാണ്. യേശുവിൻെറ അനുയായികൾ ചെയ്യുന്ന ധർമ്മദാനവും, പ്രാർത്ഥനയും, ഉപവാസവും എല്ലാം വളരെ രഹസ്യത്തിലായിരിക്കേണ്ടതാണ്. ദൈവംമാത്രം അവ ദർശിച്ചാൽ മതിയാകും. ഈ മൂന്നു കാര്യങ്ങളെപ്പററിയുള്ള പരാമർശം വളരെ യുക്തിപൂർവ്വമാണ് സംഘടിപ്പിച്ചിരിക്കുന്നത്. അവ ഓരോന്നും സാധാരണ മനുഷ്യർ ചെയ്യുന്ന രീതിയും യേശുവിൻെറ അനുയായികൾ ചെയ്യേണ്ട രീതിയും തമ്മിൽ, "എന്നാൽ നിങ്ങൾ ചെയ്യേണ്ടതു്" എന്നു പറഞ്ഞു ബന്ധിപ്പിച്ചിരിക്കയാണ്. എന്നാൽ പ്രാർത്ഥനയെപ്പററിയുള്ള പരാമർശം മൂന്നു വാക്യങ്ങൾകൊണ്ട് വിശദീകരിച്ചിട്ടുണ്ട്. വഴിക്കവലകളിലും പൊതുജന മദ്ധ്യത്തിലുംനിന്ന് കാഹളമൂതിയും ജനശ്രദ്ധ ആകർഷിച്ചുകൊണ്ടും നടത്തുന്ന ഫരിസേയരുടെ പ്രാർത്ഥനാഭാസങ്ങൾ ക്രിസ്തുവിൻെറ അനുയായികൾ അനുകരിക്കാൻ പാടില്ല. മുറിയിൽ പ്രവേശിച്ച് കതകുകൾ അടച്ചു പൂട്ടിയശേഷം രഹസ്യമായി ദൈവത്തോടു പ്രാർത്ഥിക്കണം. വിജാതീയരെപ്പോലെ പ്രാർത്ഥനയിൽ അമിതഭാഷണം അവലംബിക്കുന്ന രീതി ക്രിസ്തു നിരുത്സാഹപ്പെടുത്തി. ദൈവപിതാവിൻെറ മക്കളായ ക്രിസ്ത്യാനികൾ പ്രാർത്ഥനയിൽ വാക്കുകളുടെ കസർത്തുവിദ്യകൾ പാടെ ഉപേക്ഷിക്കണം. ചുരുങ്ങിയ വാക്യങ്ങളിൽ പ്രാർത്ഥിക്കുന്നതിനുള്ള മാതൃകയായി ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന പ്രാചീനയഹൂദ പ്രാർത്ഥനകളിൽ ചെറുതെന്ന സ്ഥാനം പണ്ടേതന്നെ ആർജ്ജിച്ചുകഴിഞ്ഞു. പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണ്ട ഹൃദയഭാവത്തെപ്പററിയും ക്രിസ്തു പരാമർശിക്കുന്നുണ്ട്. ദൈവത്തോടു സ്വന്തം തെററുകൾ ക്ഷമിക്കണമെന്നു പ്രാർത്ഥിക്കുന്നവർ അന്യരുടെ തെററുകൾ ക്ഷമിക്കാനും സന്നദ്ധരാകേണ്ടതാണ്. ഇങ്ങനെ നോക്കുമ്പോൾ മാത്യുവിൻെറ സുവിശേഷത്തിലെ ആറാമദ്ധ്യായത്തിൻെറ ആദ്യഭാഗം പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവർക്കു പ്രാർത്ഥനയെപ്പററി നല്കുന്ന മതോപദേശത്തിൻെറ രൂപത്തിലിരിക്കുന്നതായി പറയാം.

ലൂക്കിൻെറ സുവിശേഷത്തിൽ ഈശോയുടെ പ്രാത്ഥന രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്തേക്കു വരുമ്പോഴും ഇതുതന്നെ കാണാവുന്നതാണ്. അനുയായികളെ പ്രാത്ഥനയിൽ തത്പരരാക്കുന്നതിനു് ആദിമക്രൈസ്തവസഭ എത്രയധികം ഉത്സാഹം കാണിച്ചിരുന്നുവെന്നു് ഈ ഭാഗവും വെളിവാക്കുന്നുണ്ടു്. മാത്യുവിൻെറ സുവിശേഷത്തിൽ ദൃശ്യമാകുന്നതിലും വ്യത്യസ്തമായ ഒരു സമീപനമാണ് ഇവിടെ അവലംബിച്ചിരിക്കുന്നതു് (ലൂക്കു് 11: 1—13). ഈശോ പഠിപ്പിച്ച പ്രാത്ഥന എല്ലാ ക്രൈസ്തവക്കും ആദർശപാഠമായിരിക്കത്തക്കവിധം ആദ്യം തന്നെ അവതരിപ്പിച്ചിരിക്കുന്നു. “കർത്താവേ, ഞങ്ങളെ പ്രാത്ഥിക്കുവാൻ പഠിപ്പിക്കണമേ” എന്നുള്ള ശിഷ്യരുടെ അഭ്യത്ഥന അതേപടി അംഗീകരിച്ചു് മറുപടി നല്കിയിരിക്കയാണു്. അർദ്ധരാത്രിക്കു് ആവശ്യത്തെപ്രതി തൻെറ സ്നേഹിതൻെറ ഭവനവാതിലിൽ മുട്ടുന്ന ഒരു മനുഷ്യൻെറ ഉപമ ഇവിടെ പറയുന്നുണ്ടു്. പ്രാത്ഥനയിൽ സ്ഥിരതയുള്ളവരാകുവാനുള്ള ഒരുദ്ബോധനമാണിതു്. ഉടൻ ഫലദായകമായില്ലെങ്കിലും പ്രാർത്ഥിക്കാനുള്ള ഉത്സാഹവും താത്പര്യവും ഉണ്ടാകേണ്ടതാവശ്യമാണു്. “ചോദിക്കുവിൻ നിങ്ങൾക്കു നല്കപ്പെടും” എന്നുള്ള ഒരുറപ്പു കൊടുത്തു് മുകളിൽ നല്കിയ ഉദ്ബോധനത്തെ യേശു ഉറപ്പിക്കയും ചെയ്യുന്നുണ്ടു്. സന്താനങ്ങൾക്കു് നല്ല സമ്മാനങ്ങൾ കൊടുക്കുന്ന ഒരുത്തമ പിതാവിൻെറ ചിത്രം വരച്ചു കാണിച്ചു്, അതുപോലുള്ള സ്വഭാവം സ്വർഗ്ഗപിതാവും പ്രദർശിപ്പിക്കുമെന്നു ചൂണ്ടിക്കാണിച്ചു് പ്രാത്ഥനയെപ്പററിയുള്ള ചർച്ച അവസാനിപ്പിക്കയും ചെയ്യുന്നു.

ഇങ്ങനെ മാത്യുവിൻെറയും ലൂക്കായുടെയും സുവിശേഷങ്ങൾ പഠനത്തിനെടുക്കുമ്പോൾ, വ്യത്യസ്ത ക്രൈസ്തവ വിഭാഗങ്ങൾക്കുള്ള ഉപദേശത്തിൻെറ പശ്ചാത്തലത്തിലാണു് അവ എഴുതപ്പെട്ടിരിക്കുന്നതെന്നു ബോദ്ധ്യമാകും. ചെറുപ്പംമുതലേ പ്രാർത്ഥനാരീതികൾ പഠിച്ചുപോന്നിട്ടുള്ള ഒരു സമൂഹത്തിലാണു് മാത്യുവിൻെറ സുവിശേഷത്തിലെ ശ്രോതാക്കൾ വളർന്നുവന്നതു്. പ്രതിദി

നപരിപാടിയായതുകൊണ്ടു് ചടങ്ങു് എന്നനിലയിലേ ക്കു് അധഃപതിച്ചു പോകാനുള്ള എല്ലാ സാധ്യതകളും അവരുടെ പ്രാർത്ഥനയ്ക്കുണ്ടു്. എന്നാൽ പ്രാർത്ഥനയെ പ്പററി ആദ്യമായി കേൾക്കുന്ന ഒരു സമൂഹത്തെ മുന്നിൽ കണ്ടാണു് ലൂക്കാ സുവിശേഷകൻ ഈ പ്രാർത്ഥനാഭാഗം രചിച്ചതു്. യഹൂദ ക്രൈസ്തവരെ ഉദ്ദേശിച്ചു മാത്യുവും വിജാതീയ ക്രൈസ്തവരെ മുന്നിൽക്കണ്ടു് ലൂക്കായും സു വിശേഷ രചന നടത്തിയെന്നു പറയുമ്പോൾ പശ്ചാത്ത ല വിവരണം പൂർത്തിയാകും. ഒന്നാം നൂററാണ്ടു് അവ സാനമായപ്പോഴേക്കും ക്രിസ്തുവിൻെറ പ്രാർത്ഥന ക്രൈ സ്തവരുടെ ഇടയിലെ പ്രധാന പ്രാർത്ഥനയായി തീർന്നു കഴിഞ്ഞിരുന്നു. സാഹചര്യങ്ങളുടെ വ്യത്യാസമൊന്നും അവരുടെ പ്രാർത്ഥനാവീക്ഷണത്തെ വികലപ്പെടുത്തി യില്ല. ഈശോ പഠിപ്പിച്ച പ്രാർത്ഥന ആവർത്തിച്ചു ചൊല്ലി അതിൻെറ അന്തശ്ചൈതന്യം അവരുടെ രക്ത ത്തിൽ അലിഞ്ഞുചേർന്നും കഴിഞ്ഞിരുന്നു.

മാത്യുവിൻെറയും ലൂക്കിൻേറയും സുവിശേഷത്തി ലായി രണ്ടു രീതിയിലുള്ള യേശുപ്രാർത്ഥനകളാണുള്ളതെ ന്നു നാം കണ്ടു. അവ വലിപ്പത്തിലും പദഘടനയിലും വ്യത്യാസപ്പെട്ടവയാണു്. സുവിശേഷകരുടെ അനാസ്ഥ കൊണ്ടോ, ആശയവ്യതിചലന വ്യഗ്രതകൊണ്ടോ അല്ല ഇങ്ങനെ സംഭവിച്ചതു്. ഈശോയുടെ പ്രാർത്ഥനയെ വി കലപ്പെടുത്തുവാൻ ആരെങ്കിലും ഉദ്യമിക്കുമെന്നു വിചാ രിക്കാനും ന്യായമില്ല. രണ്ടു വ്യത്യസ്ത സഭകളിൽ പ്രാ ബല്യത്തിലിരുന്ന പ്രാർത്ഥനകൾ സുവിശേഷകർ നമു ക്കായി രേഖപ്പെടുത്തിത്തന്നു. പ്രാർത്ഥനാപാരമ്പര്യം വ്യത്യാസപ്പെട്ടിരുന്നതുകൊണ്ടു് അവയുടെ വാചകഘട നയിലും വ്യത്യാസം ദൃശ്യമാകുന്നു.

## 3 മൂലരൂപം കണ്ടെത്തുന്നു

സുവിശേഷകന്മാർ നല്കുന്ന ഈ രണ്ടു പ്രാർത്ഥനാ രൂപങ്ങളിൽ ഏതാണു് ആദ്യത്തേതെന്നും, ക്രിസ്തു പഠി

പ്പിച്ചതിന്റെ തനിപ്പകർപ്പെന്നും അറിയാൻ ആകാംക്ഷ യുണ്ടാവുക സാധാരണമാണ്. അതുകൊണ്ട് അക്കാര്യ ത്തിലേക്കു കടക്കാം. ലൂക്കാസിന്റെ സുവിശേഷത്തിലെ പ്രാർത്ഥന മാത്യുവിന്റേതിനേക്കാൾ മൂന്നു ഭാഗങ്ങളിൽ ചെറുതായി കാണപ്പെടുന്നു. സംബോധനയുടെ കാര്യം മുതൽ തുടങ്ങാം. ''പിതാവേ', ഒന്നുകൂടി കൃത്യമായി പ റഞ്ഞാൽ, 'പ്രിയ പിതാവേ' എന്നുപറഞ്ഞാണ് ലൂക്ക് പ്രാർത്ഥന തുടങ്ങുന്നത്. ഗ്രീക്കിൽ പാത്തർ എന്നും അറ മായക്കിൽ അബ്ബാ എന്നുമാണ് ഇതിനുപയോഗിച്ചിരി ക്കുന്ന പദം. ഭക്തിപരവും ബഹുമാന സൂചകവുമായ പ ലസ്തീനിയൻ സംബോധനാരൂപമാണ് മാത്യുവിന്റെ സുവിശേഷത്തിൽ ദൃശ്യമാകുന്നത്. ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്ന് അല്പംകൂടി നീട്ടിപ്പറയു വാൻ മാത്യു ശ്രമിച്ചിരിക്കുന്നു. 'അങ്ങ്' എന്ന പദം ചേർ ത്തുള്ള അഭ്യർത്ഥനകൾ ലൂക്കിന്റെ സുവിശേഷത്തിൽ രണ്ടേ ഉള്ളു. ''അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെ പ്പോലെ ഭൂമിയിലുമാകണമേ'' എന്നുള്ള പ്രാർത്ഥനാഭാഗം മാത്യുവിന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളു. തുടർന്നുവരുന്ന 'ഞങ്ങൾ' ചേർത്തുള്ള അഭ്യർത്ഥനകളിലും ഒരു വ്യത്യാസം കാണാം. ''ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ'' എന്ന് അഭ്യർത്ഥിച്ച് ലൂക്ക് പിൻവാ ങ്ങുമ്പോൾ 'തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ' എന്നുകൂടി പ്രാർത്ഥിക്കുവാൻ മാത്യു സന്നദ്ധനാകുന്നു.

ഈ രണ്ടു പ്രാർത്ഥനാരൂപങ്ങളിൽ ഏതാണ് ഈ ശോ പഠിപ്പിച്ചതിന്റെ തനിപ്പകപ്പ് എന്നുള്ള വസ്തുത യിലേക്കു ഇനിയും കടക്കേണ്ടതായിവരുന്നു. ലൂക്കിന്റെ ചെറിയ പ്രാർത്ഥനാരൂപം പൂർണ്ണമായും മാത്യുവിന്റെ വ ലിയ പ്രാർത്ഥനാരൂപത്തിലുണ്ട്. ഒന്നും ഉപേക്ഷിച്ചു കള ഞ്ഞിട്ടില്ല മാത്യുവിന്റെ പ്രാർത്ഥന ലൂക്കിന്റെ പ്രാർത്ഥ നയുടെ വികസനവും വിശദീകരണവുമാണ് എന്ന സി ദ്ധാന്തത്തിലേക്കാണ് ഈ വസ്തുത കൈചൂണ്ടുന്നത്. ആ രാധനാക്രമത്തിലെ പ്രാർത്ഥനകളുടെ വികസനത്തെപ്പ റ്റിയുള്ള നിയമങ്ങൾ വച്ചു നോക്കുമ്പോൾ വലിയ പ്രാ

ത്ഥനകളിൽ ചെറിയ പ്രാത്ഥനകഠം പൂൎണ്ണമായും ഉഠം ക്കൊണ്ടിട്ടുണ്ടെങ്കിൽ, ചെറിയതാണു് ആദ്യരൂപം എന്നൊരു നിഗമനത്തിലെത്താം. ഈശോയുടെ പ്രാത്ഥനയുടെ മനോഹരവും പാവനവും പ്രസിദ്ധവുമായ മൂലരൂപത്തെ സംഗ്രഹിക്കാനും വെട്ടിച്ചുരുക്കാനും സമബുദ്ധിയുള്ള ആരും ധൈര്യപ്പെടുകയില്ലെന്നാണു് ഇതിനു ന്യായമായി പറയാനുള്ളതു്. യേശുവിൻെറ ശിഷ്യന്മാർ അവിടുത്തെ ദിവ്യവചസ്സുകളെ മാററിയെഴുതാൻ ശ്രമിച്ചുവെന്നു വിചാരിക്കുന്നതു് അവിവേകമായിരിക്കും. മറിച്ചു് ആദിമസഭയിൽ യേശുവിൻെറ ആശയങ്ങഠം നിശ്ചിത പദങ്ങളിലും വാക്യങ്ങളിലുമായി രൂപപ്പെട്ടു് അംഗീകൃതങ്ങളായിത്തീരുന്നതിനുമുൻപു്, ആരാധനാഭാഗങ്ങഠം വാക്കുകളും വാക്യങ്ങളും ചേൎത്തു വിപുലവും വിശദവുമാക്കിത്തീക്കുക സാധാരണമായിരുന്നു. ഇങ്ങനെ വിപുലമാക്കിയവ ആശയ സമ്പന്നവും ആകർഷകവുമായ ആരാധനാരൂപങ്ങളായിത്തീന്നിട്ടുണ്ടു്. മാത്യുവിൻെറ സുവിശേഷത്തിലെ ക്രിസ്തുവിൻെറ പ്രാത്ഥന ഇങ്ങനെ വിപുലമാക്കപ്പെട്ട ഒന്നാണു്. നാം ചർച്ചക്കു വിധേയമാക്കിയ വ്യത്യാസമുള്ള ഭാഗങ്ങഠം മൂന്നിലും ഓരോ വാക്യത്തിൻേറയും അവസാനത്തിലാണു് വ്യത്യാസങ്ങഠം ഉള്ളതെന്നകാര്യം ഓൎത്തിരിക്കേണ്ടതാണു്. പദതുല്യതയ്ക്കും ശബ്ദഭംഗിക്കുംവേണ്ടി വാക്യങ്ങഠം ക്രമീകരിച്ചിരിക്കുന്നതിനുദാഹരണമായി ഇവ കരുതാം.

മാത്യുവിൻെറ സുവിശേഷത്തിലെ പ്രാത്ഥനയുടെ മറെറാരു പ്രത്യേകത അതിൻെറ പദവിന്യാസ ചതുരതയാണു്. 'അങ്ങു്' ചേൎത്തുള്ള മൂന്നു് അഭ്യത്ഥനകഠംക്കു തുല്യമായി 'ഞങ്ങഠം' ചേൎത്തുള്ള മൂന്നു് അഭ്യത്ഥനകളും ദൃശ്യമാകുന്നു. (മാത്യുവിൻെറ സുവിശേഷത്തിൽ അക്കമിട്ടുനോക്കിയാൽ കാണുന്ന ആറും ഏഴും അഭ്യത്ഥനകഠം ഒന്നായിട്ടാണു് സാധാരണഗതിയിൽ പരിഗണിക്കപ്പെടുന്നതു്). ലൂക്കിൻെറ സുവിശേഷത്തിലെ ''ഞങ്ങഠം'' ചേൎത്തുള്ള മൂന്നാമത്തെ അഭ്യത്ഥന ലഘുവായതുകൊണ്ടു് വാക്യം മുറിച്ചു നിറുത്തിയിരിക്കുന്നതുപോലെ തോന്നും.

ഇതു മനസ്സിലാക്കണമെങ്കിൽ അഭ്യർത്ഥനകളിലെ സമാനത കാണേണ്ടതുണ്ട്.

ആവശ്യമായ ആഹാരം / ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെററു ചെയ്യുവരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ/ ഞങ്ങളോടും ക്ഷമിക്കണമേ.

ലൂക്കിൻെറ സുവിശേഷത്തിൽ മൂന്നാമത്തെ പ്രാർത്ഥന പെട്ടെന്നങ്ങു മുറിച്ചു നിറുത്തിയിരിക്കയാണ്.

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ:

എന്നുപറഞ്ഞു ലൂക്കു് നിറുത്തുന്നു. എന്നാൽ മാത്യവാകട്ടെ,

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ/ തിന്മയിൽനിന്നു് ഞങ്ങളെ രക്ഷിക്കണമേ.

എന്നെഴുതി സമാനത പാലിച്ചിട്ടുണ്ട്. ആരാധനക്രമപാരമ്പര്യം പാലിച്ചുകൊണ്ടാണ് മാത്യ പ്രാർത്ഥനയെഴുതി അവസാനിപ്പിച്ചിരിക്കുന്നതെന്നു് ഇതിൽനിന്നും വ്യക്തമാകുന്നു.

പ്രാർത്ഥനയിലെ വാക്യങ്ങളിൽ സമതുലനസ്ഥിതി പാലിക്കുക പ്രാചീന പ്രാർത്ഥനാരൂപങ്ങളിൽ ദൃശ്യമാകുന്ന ഒരു പ്രത്യേകതയാണ്. അന്ത്യത്താഴ സമയത്തു് വിശുദ്ധ കർബാന സ്ഥാപിച്ചുകൊണ്ടുള്ള ഈശോയുടെ വാക്കുകൾ വിവിധ സുവിശേഷകന്മാർ രേഖപ്പെടുത്തിയിരിക്കുന്ന ഭാഗം നോക്കിയാലും ഇക്കാര്യം വ്യക്തമാകുമെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്.

ക്രൈസ്തവസഭയിലെ ആദ്യത്തെ ദൈവശാസ്ത്രജ്ഞനായ സെൻറു് പോൾ റോമാക്കാർക്കും (8:15), ഗലാത്തിയക്കും (4:6) അയച്ച കത്തുകളിൽ പിതാവേ (ആബാ) എന്നപദം പ്രയോഗിച്ചിരിക്കുന്നതു് ആദിമ ക്രൈസ്തവരുടെ ആരാധനാപാരമ്പര്യത്തിൻെറ ചുവടുപിടിച്ചാവാനേ തരമുള്ളു. എന്നാൽ മാത്യവിൻെറ സുവിശേഷത്തിൽ ''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നുള്ള സംബോധനാരീതിയിൽ പ്രാർത്ഥനാനിരതരും

ഭക്തജീവിതോത്സുകരുമായ യഹൂദ–പലസ്തീനിയരുടെ പാരമ്പര്യങ്ങളോട് കടപ്പാട കാണാൻ കഴിയും.

വിശദമായ ഈ ചർച്ചയിൽനിന്നും നാം ആററി ക്കുറുക്കി എടുക്കുന്ന ആശയം ഇതാണ്: 'ആബാ– പിതാവേ– എന്നുള്ളതായിരുന്നു' ഈശോയുടെ പ്രാത്ഥനയിലെ സംബോധനാരൂപം. വിശേഷണങ്ങളും വിശദീകരണങ്ങളുമായി വന്നുചേൎന്നിട്ടുള്ളവയാണ് മററുള്ളവ. ഈ പശ്ചാത്തലത്തിൽ ഈശോയുടെ പ്രാത്ഥനയെ ഒന്നാകെ വീക്ഷിക്കുമ്പോൾ ലൂക്കിൻെറ സുവിശേഷത്തിലൂടെ വെളിച്ചം കണ്ടിട്ടുള്ള പ്രാത്ഥനാരൂപമാണ് ആദിപ്രാർത്ഥനയോട് ഏററവും അടുത്തിരിക്കുന്നതെന്ന നിഗമനത്തിലെത്തിച്ചേരാനേ തരമുള്ളു. വിജാതീയ ക്രൈസ്തവസഭ മാററങ്ങളൊന്നും മൂലരൂപത്തിൽ വരുത്താൻ ധൈര്യപ്പെടാതെ തലമുറകളിൽനിന്നു തലമുറകളിലേക്കു തനിരൂപത്തിൽ അതു കൈമാറിപ്പോന്നു. പ്രാർത്ഥനാ പാരമ്പര്യത്തിൽ വളൎന്നുവന്ന യഹൂദ ക്രൈസ്തവർ, അവരുടെ മതപശ്ചാത്തലത്തിൽ ഈശോയുടെ പ്രാർത്ഥനയെ വികസിപ്പിച്ചു പ്രചരിപ്പിക്കയും ചെയ്തു. മാത്യു വികസിപ്പിച്ചെടുത്ത പ്രാത്ഥന ആദിമ സഭയിലെമ്പാടും പ്രചാരം നേടുകയും, അതുതന്നെ ഒന്നുകൂടി വികസിപ്പിച്ചെടുത്തതു 'ദീദക്കേ' തുടങ്ങിയ പ്രാചീന ഗ്രന്ഥങ്ങളിൽ സ്ഥാനംപിടിക്കയും ചെയ്തു.

സാക്ഷികളില്ലാതെ സാഹചര്യത്തെളിവുമാത്രം അവലംബമാക്കിയുള്ള വാദം ഉറപ്പുള്ള നിഗമനത്തിലേക്കു നയിക്കാത്തതുപോലെ, യേശുവിൻെറ പ്രാത്ഥയുടെ മൂലരൂപത്തെപ്പററിയും സവ്വദോഷവിമുക്തമായ ഒരു തീരുമാനത്തിലെത്തിച്ചേരാൻ സാദ്ധ്യമല്ല. ഒന്നിലധികം സ്ഥലങ്ങളിൽവെച്ച് ക്രിസ്തു ഈ പ്രാത്ഥന പഠിപ്പിച്ചുവെന്നും, അപ്പോൾ ചെറുതും വലുതുമായി ഇന്നുകാണുന്ന രൂപങ്ങൾ രണ്ടും വ്യത്യസ്ത സന്ദർഭങ്ങളിലായി ഉപയോഗിച്ചുവെന്നും വിചാരിക്കുന്നതിൽ അപാകതയൊന്നുമില്ല. ലൂക്കിൻെറ സുവിശേഷത്തിൽ ദൃശ്യമാകുന്നതു് പഴക്കംകൂടിയ പ്രാത്ഥനാരൂപമാണെന്നും, ക്രൈസ്തവസമൂഹത്തിൻെറ അ

നുദിന പ്രാർത്ഥനകളിലേക്ക് 'ഈശോയുടെ പ്രാർത്ഥന' സ്ഥലം പിടിച്ചപ്പോഴാം ദൃശ്യമാകുന്ന രൂപമാണ് മാത്യുവിൻെറ സുവിശേഷത്തിൽ കാണുന്നതെന്നും പറഞ്ഞുവച്ചാലും തരക്കേടില്ല. എങ്ങനെ വാദിച്ചാലും സുവിശേഷകന്മാർ തമ്മിൽ ആശയപരമായി അകൽച്ചയൊന്നും പ്രകടിപ്പിക്കുന്നില്ലെന്ന കാര്യം ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

## 4 ഈശോയുടെ പ്രാർത്ഥന, ആരാധനക്രമത്തിൽ

അനുദിനപ്രാർത്ഥനയിലും, ആരാധനക്രമത്തിലും അനുസ്യൂതമായി ഉപയോഗിച്ചുവന്നിരുന്ന ഒന്നാണ് യേശുവിൻെറ പ്രാർത്ഥന. ക്രൈസ്തവ സഭാംഗങ്ങളായവർക്ക മാത്രമായി ഈ പ്രാർത്ഥന ചിലേടങ്ങളിൽ നീക്കിവയ്ക്കപ്പെട്ടിരുന്നു. ആദിമ ആഫ്രിക്കൻ സഭയിൽ 'ക്രൈസ്തവ വിശ്വാസ സംഹിത' പഠിച്ചു കഴിഞ്ഞു് എട്ടു ദിവസം കഴിയുമ്പോഴാം മാമ്മോദീസാർത്ഥികാംക്ക് ഉപദേശിച്ചു കൊടുക്കുന്ന ഒരു രഹസ്യ പ്രാർത്ഥനയായിട്ടാണ് ഇതിനെ പരിഗണിച്ചിരുന്നതു്. ഈശോയുടെ പ്രാർത്ഥനയ്ക്കു ഭാഷ്യം രചിച്ചവരിൽ പ്രഥമനെന്നു കരുതാവുന്ന തെർത്തുല്യൻ ജ്ഞാനസ്നാനാർത്ഥികാംക്കുപകരിക്കുന്ന രീതിയിലാണ് അതു നിർവ്വഹിച്ചതു്. ജ്ഞാനസ്നാനം സ്വീകരിച്ചവർക്കു വേണ്ടിയുള്ള വിശദീകരണത്തിൻെറ ഭാഗമായാണ് 'യേശുവിൻെറ പ്രാർത്ഥന' യേയും അദ്ദേഹം പരാമർശിച്ചതു്. ചുരുക്കത്തിൽ ദിവ്യബലിയോടനുബന്ധിച്ച പശ്ചാത്തലത്തിലാണ് ഈ പ്രാർത്ഥന കൂടുതൽ ഉപയോഗിച്ചിരുന്നതെന്ന വസ്തുത ഇവിടെ സ്മരണീയമാണ്.

ലൂക്കിൻെറയും മാത്യുവിൻെറയും സുവിശേഷങ്ങളിൽ യേശുവിൻെറ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങാം, പരിശോധിച്ചു നോക്കുമ്പോഴാം വ്യക്തമാകുന്ന ചില കാര്യങ്ങളുണ്ട്. ജറുസലേമിലേക്കുള്ള ക്രിസ്തുവിൻെറ യാത്രാമദ്ധ്യേ ഈ പ്രാർത്ഥന പഠിപ്പിക്കുന്നതായാണ് ലൂക്കിൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരി

ക്കുന്നതു്. മറിയത്തേയും മർത്തായേയും സന്ദർശിച്ച സംഭാഷണം നടത്തുന്നതിനെ തുടന്നാണു് യേശു ഈ പ്രാത്ഥന പഠിപ്പിക്കുന്നതു് മർത്തായോട്ടു് യേശു പറഞ്ഞു: ''ഒരു കാര്യമേ ആവശ്യമായിട്ടുള്ളു.'' മർത്തായുമായി നടത്തിയ സംഭാഷണത്തിൽ ഈശോ ഊന്നിപ്പറഞ്ഞ 'ഒരു കാര്യം' തുടന്നു പഠിപ്പിച്ച പ്രാത്ഥനയായിരിക്കത്തക്ക വിധമാണു് ലൂക്കാ സുവിശേഷം രചിച്ചതെന്നുള്ള അഭിപ്രായവും ഇവിടെ പരിഗണനനീയമണു്. യഹൂദക്ക നിശ്ചിത പ്രാത്ഥനകളും പ്രാത്ഥനാരീതികളും ഉണ്ടായിരുന്നു. അതുപോലെ നിശ്ചിതരീതിയിലുള്ള ഒരു പ്രാത്ഥന പഠിപ്പിക്കുവാനുള്ള പശ്ചാത്തലം ഒരുക്കുകയാണോ യേശു ചെയ്തതു്? രണ്ടു രീതിയിലുള്ള പ്രാത്ഥനകാം സുവിശേഷത്തിൽ ദൃശ്യമാകുന്നതുകൊണ്ടു് അങ്ങനെ ഒരു നിഗമനം എടുക്കുന്നതിനു ബുദ്ധിമുട്ടുണ്ടു്. ദൈവത്തിൽ പരിപൂണ്ണമായി ആശ്രയം അപ്പിക്കുന്നതും, വളരെ ചെറുതുമായ ഈ പ്രാത്ഥന ക്രൈസ്തവരുടെ പ്രാത്ഥനക്കു് ഒരു മാതൃകയായിരിക്കുവാൻ യേശു ഉദ്ദേശിച്ചിരിക്കണം. അചിരേണ അതു ക്രൈസ്തവ പ്രാത്ഥനാജീവിതത്തിൽ സ്ഥാനം പിടിക്കയും ചെയ്തു.

സെൻറു് മാത്യുവിൻെറ സുവിശേഷത്തിൽ ഈശോയുടെ പ്രാത്ഥന പരാമർശിച്ചിരിക്കുന്നതു് വിപുലമായ പശ്ചാത്തല സംവിധാനത്തോടുകൂടെയാണു്. ഈശോയുടെ സന്ദേശങ്ങളുടെ സാരസംഗ്രഹം ദൃശ്യമാകുന്നതു് ഗിരിപ്രഭാഷണത്തിലാണല്ലോ. കപടബുദ്ധികളുടെ ദാനധമ്മം, പ്രാത്ഥന, ഉപവാസം തുടങ്ങിയ അനുഷ്ഠാനവൈകൃതങ്ങളെ ഈശോ വിമർശിക്കുന്നുണ്ടു്. അനന്തരം ''അതുകൊണ്ടു് നിങ്ങാം ഇതുപോലെ പ്രാത്ഥിക്കുവിൻ'' എന്നു പറഞ്ഞാണു് യേശുവിൻെറ പ്രാത്ഥന സുവിശേഷകൻ ആരംഭിക്കുന്നതു്. ഈ സന്ദർഭം പരിശോധിച്ചുനോക്കിയാൽ ചിട്ടപ്പെട്ട വാക്യങ്ങളിലും രീതികളിലുമായി പ്രാത്ഥിച്ചുകൊള്ളണമെന്നു് യേശു നിർദ്ദേശിച്ചിരിക്കുന്നതായി വ്യാഖ്യാനിച്ചുറപ്പിക്കുവാൻ സാധിക്കയില്ല.

പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടതിന്റെയും അതിനായി ഗുരുവിനോട് അഭ്യർത്ഥിക്കേണ്ടതിന്റേയും ആവശ്യകത ശിഷ്യർക്കുണ്ടായി; ഒപ്പം ശിഷ്യരെ പ്രാത്ഥന പഠിപ്പിക്കേണ്ടതിന്റെ ആവശ്യകത യേശുവിനും ബോദ്ധ്യംവന്നു. യഹൂദമതാനുയായികളുടെ ഇടയിൽ നിലവിലിരുന്ന പ്രാത്ഥനാരീതികളൊന്നും ക്രിസ്തുവിന്റെ അനുയായികൾക്കു ഉചിതമല്ലെന്ന് അനുഭവപ്പെട്ടതുകൊണ്ടാണ് ഇങ്ങനെ ഒരു ബോദ്ധ്യം ഗുരുശിഷ്യന്മാർക്കു വന്നതു്. യഹൂദമത വിമർശകനായും നൂതനജീവിതരീതിയുടെ ഉപജ്ഞാതാവായും ക്രിസ്തു അറിയപ്പെടുകയും അനുയായികളാൽ അംഗീകരിക്കപ്പെടുകയും ചെയ്തിരുന്നു. നവീനങ്ങളും സുന്ദരങ്ങളുമായിരുന്ന യേശുവിന്റെ ആശയങ്ങൾ 'പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത പുതിയ വീഞ്ഞാ'യിരുന്നു. പഴയ ഉടമ്പടി ഗ്രന്ഥത്തോടും അതിന്റെ ജീവിത നിയമങ്ങളോടും ആദരവുണ്ടായിരുന്നെങ്കിലും, കാലോചിതമായ മാററങ്ങൾ അതിൽ വരുത്തണമെന്ന് ഈശോയ്ക്ക് ഉറച്ച അഭിപ്രായമുണ്ടായിരുന്നു. വ്യർത്ഥാചാരനിരതന്മാരേയും കഴമ്പില്ലാത്ത പാരമ്പര്യ ഭക്തരേയും വിമർശിച്ചിരുന്ന ക്രിസ്തു സാവധാനത്തിലുള്ള പുരോഗമനത്തിനുവേണ്ടിയാണ് വാദിച്ചിരുന്നതു്.

''നിങ്ങൾ ഇതു കേട്ടിട്ടുണ്ടല്ലോ, എന്നാൽ ഞാൻ പറയുന്നു....'' എന്നു പ്രസ്താവിച്ചുകൊണ്ടാണ് ഈശോ നൂതന സന്ദേശങ്ങളൊക്കെ അവതരിപ്പിച്ചിരുന്നതു്. പഴയ സമ്പ്രദായത്തെ ചോദ്യം ചെയ്യുന്ന ആശയങ്ങൾ അരോചകം വരുത്താത്ത ഭാഷയിലും രീതിയിലും അവിടുന്ന് അവതരിപ്പിച്ചു. ഇങ്ങനെ പുതിയ ആശയങ്ങൾ അവതരിപ്പിച്ച് ഒരു പുതിയ മതത്തിന്റെ ഉപജ്ഞാതാവായിത്തീന്ന ക്രിസ്തുവിനു് പ്രാത്ഥനാരീതികളിലും നവീനത്വം പ്രദർശിപ്പിക്കേണ്ടതുണ്ടായിരുന്നു. യഹൂദപ്രാത്ഥനയുടെ ശൈലി കാണുന്നുണ്ടെങ്കിലും സ്വർഗ്ഗപിതാവിനെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈശോയുടെ പ്രാത്ഥനയിൽ നൂതനത്വവും തനിമയും ദൃശ്യമാണ്. പഴയ ഉടമ്പടിയെ അടിസ്ഥാനമാക്കിയുള്ള ഇസ്രായേൽജനതയുടെ

പ്രാത്ഥന, പൂവ്വപിതാക്കാംക്ക ദൈവം നല്കിയിട്ടുള്ള സഹായങ്ങളും ദർശനങ്ങളും അടിസ്ഥാനമാക്കിയുള്ളതായിരുന്നു. പൂവ്വപിതാക്കന്മാരോടുള്ള ഉടമ്പടിയിലൂടെ ദൈവത്തിലേക്കടുക്കുക എന്ന പ്രമാണത്തിനാണതിൽ പ്രാധാന്യം. എന്നാൽ ക്രിസ്തുവിലൂടെ ഒരു പുതിയ യുഗം പിറന്നിരിക്കുന്നുവെന്നും പിതാവിൻെറ പക്കലേക്കുള്ള വഴി ദൈവപുത്രനായ അവിടുന്നാണെന്നും വിശ്വസിക്കുന്ന ക്രൈസ്തവക്ക് ഈശോയുടെ പ്രാത്ഥന ഒരു ഭദ്രദീപം തന്നെയാണ്.

അനുയായികളിൽ പ്രതീക്ഷയുടെ ദീപം കൊളുത്തിയിട്ടുകൊണ്ടാണ് ഈശോ തിരോധാനം ചെയ്തതു്. ക്രിസ്തു വീണ്ടും ആഗതനാകുമെന്നും, അതു് കഴിവതും വേഗത്തിൽ സംഭവിക്കുമെന്നുമുള്ള ധാരണ ആദിമ ക്രൈസ്തവരിൽ ഉണ്ടായിരുന്നു. തെസലോണിക്കായിലെ സഭാംഗങ്ങാംക്കു് സെൻറു് പോാം എഴുതിയ ഒന്നും രണ്ടും കത്തുകളിലും സെൻറു് പീററിൻെറ ഒന്നാമത്തെ കത്തിലും ഇക്കാര്യം ധ്വനിക്കുന്നുണ്ടു്. ഏതായാലും ആദിമക്രൈസ്തവരുടെ അധരങ്ങളിലും ഹൃദയങ്ങളിലും യേശുവിൻെറ പ്രാർത്ഥനയ്ക്കു് പ്രഥമസ്ഥാനം ഉണ്ടായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടുവേണം വിശദമായ ചർച്ചകളിലേക്കു പ്രവേശിക്കാനെന്ന കാര്യം ഓർത്തിരിക്കാം.

സെൻറു് മാത്യുവും ലൂക്കും എന്തുകൊണ്ടു് വ്യത്യസ്തങ്ങളായ രീതിയിലും ശൈലിയിലും ഈശോയുടെ പ്രാത്ഥന എഴുതി എന്ന ചോദ്യത്തിനു്, പ്രസിദ്ധമായ ഫ്രഞ്ച് അക്കാഡമിയിൽ പ്രവേശനം കിട്ടിയപ്പോാം ജോർജ്ജ് ബുഫോൺ പറഞ്ഞ വാക്കുകളേ പറയാനുള്ളു. "രീതിയാണു മനുഷ്യൻ". ഓരോ വ്യക്തിയും അന്യരിൽനിന്നു് വ്യത്യാസപ്പെടുന്നതു് തനിമ പ്രദർശിപ്പിക്കുമ്പോഴാണു്. എഴുത്തിലും പ്രസംഗത്തിലും ജീവിതത്തിലും സ്വന്തമായ രീതികാം എല്ലാവരും പാലിക്കുന്നു. അനനുകരണീയമായ ഈ 'രീതി' കാം വഴിയാണു് വ്യക്തിത്വം നാം കെട്ടിപ്പൊക്കുന്നതു്. പൊക്കവും, തൂക്കവും,

ധനവും നോക്കിയെന്നതിനേക്കാാം ജീവിതരീതി നോക്കിയാണല്ലോ വ്യക്തിത്വത്തെ വിലയിരുത്തുന്നത്. ഇതുപോലെ സെൻറ് മാത്യുവിൻെറ ആശയാവതരണരീതിയും ലൂക്കിൻെറ രീതിയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നത് അവരുടെ വ്യക്തിത്വം സുവിശേഷങ്ങളിൽ ദൃശ്യമാകുന്നതുകൊണ്ടാണ്.

# ഭാഗം II

## അപഗ്രഥനം

ഈശോയുടെ പ്രാത്ഥന താത്പര്യപൂർവ്വം പഠിക്കു മ്പോഠം അതു് അപഗ്രഥിച്ചു നോക്കേണ്ടതായിവരുന്നു. പണ്ഡിതന്മാർ പലവിധത്തിലുള്ള വിഭജനരീതികഠം അവലംബിക്കുന്നുണ്ടു്. ഓരോന്നിനും അതതിൻെറ മേന്മ കളും പോരായ്മകളും ഉണ്ടു്. റെയ്മണ്ടു് ബ്രൌണിനെ പ്പോലുള്ള ബൈബിഠം പണ്ഡിതന്മാർ അവലംബിച്ചി രിക്കുന്ന രീതിയാണു് ഇവിടെ നാം സ്വീകരിക്കുന്നതു്. അഭിസംബോധനയും, ആറു് അഭ്യത്ഥനകളും ഉള്ള ഒന്നാ യിട്ടാണു് ഈശോയുടെ പ്രാത്ഥനയെ അദ്ദേഹം വിഭജി ച്ചിരിക്കുന്നതു്.

### അഭിസംബോധന

''സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു സെൻറു് മാത്യുവും, 'പിതാവേ' എന്നു് സെൻറു് ലൂക്കും ഈ പ്രാത്ഥനയുടെ ആദ്യഭാഗത്തു് ദൈവത്തെ അഭിസം ബോധന ചെയ്തിരിക്കുന്നു.

മനുഷ്യൻ ദൈവത്തെ 'പിതാവേ' എന്നുവിളി ക്കാൻ തുടങ്ങിയതു് ഏതുകാലം മുതല്ക്കാണെന്നുള്ളതു് ര സാവഹമായ പഠനത്തിനുള്ള വിഷയമാണു്. കല്ലിലും കടലാസിലുമായി ചരിത്രം രേഖപ്പെടുത്താൻ തുടങ്ങുന്ന

തിനുമുൻപുതന്നെ, മനുഷ്യൻ അവൻെറ ആശ്രയകേന്ദ്രമായ ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ തുടങ്ങിയിരുന്നു. പൗരസ്ത്യരാജ്യങ്ങളിലെ മതങ്ങളാണ് ഈ സംബോധനാരീതിക്കു തുടക്കം കുറിച്ചതു്. ബി.സി. മൂവായിരാമാണ്ടിലും രണ്ടായിരാമാണ്ടിലും പ്രാബല്യത്തിലിരുന്ന മതങ്ങളിൽ ഇപ്രകാരമുള്ള സംബോധനാരീതി ഉണ്ടായിരുന്നുവെന്നു ജോവാക്കിം ജറമിയാസ്സ് അഭിപ്രായപ്പെടുന്നുണ്ടു്. സുമേരിയൻ സംസ്കാരം കൊടികുത്തിവാണിരുന്ന കാലത്തു് ദൈവത്തെ 'പിതാവേ' എന്നു വിളിച്ചുകൊണ്ടു് അവർ പ്രാർത്ഥിച്ചിരുന്നു. പ്രമാണദാതാവായ മോസസിൻേറയും പ്രവാചകന്മാരുടേയും കാലഘട്ടത്തിനു വളരെ മുൻപാണു് ഇതു നടന്നതു്. ജനങ്ങളുടെ ജനയിതാവും ജനനേതാവായ രാജാവിൻെറ പൂർവ്വികനുമാണു് ദൈവം എന്നൊരർത്ഥം 'പിതാവു്' എന്ന സംജ്ഞകൊണ്ടു് അവർ വിവക്ഷിച്ചിരുന്നില്ല. കാരുണ്യനിധിയും വാത്സല്യ മൂർത്തിയുമാണു് ദൈവമെന്നും അവിടുത്തെ കരങ്ങളിലാണു് ജനങ്ങളുടെ ഭാവിഭാഗധേയങ്ങൾ സ്ഥിതിചെയ്യുന്നതു് എന്നുമുള്ള വിവക്ഷയാണു് ഈ രീതിയിലുള്ള അഭിസംബോധനയ്ക്കു പ്രേരകമായിരുന്നിട്ടുള്ളതു്. അന്നത്തെ പൗരസ്ത്യ മതാനുയായികളെ സംബന്ധിച്ചിടത്തോളം, സ്നേഹവാത്സല്യങ്ങളുടെ നികേതനമായ മാതാവു് എന്ന പദം നമ്മുടെ ഹൃദയത്തിൽ ഉളവാക്കുന്ന വികാരവിചാര പരമ്പരകളാണു് ദൈവത്തെ പിതാവെന്നു വിളിക്കുന്ന ഘട്ടത്തിലും ഉണ്ടായിരുന്നതു്. ഈ പ്രാചീന മതങ്ങളുടെ അന്തസ്സത്തയിലേക്കു കടക്കാതെ അവയുടെ ഉള്ളർത്ഥം മനസ്സിലാക്കാനും സാദ്ധ്യമല്ല.

പഴയ ഉടമ്പടി ഗ്രന്ഥങ്ങളിലേക്കു കടന്നുവരുമ്പോൾ വളരെ വിരളമായേ ഈ സംജ്ഞ പ്രയോഗിച്ചു കാണുന്നുള്ളു. വിപുലമായ പഴയ ഉടമ്പടി സാഹിത്യകൃതികൾ അരിച്ചു പരിശോധിച്ചുനോക്കിയാൽ, പതിന്നാലു പ്രാവശ്യം ഈ പദപ്രയോഗം ദൃശ്യമാകുന്നു. എന്നാൽ ഈ പദം പ്രയോഗിച്ചിരിക്കുന്ന ഘട്ടങ്ങളെല്ലാം വളരെ പ്ര

ധാനങ്ങളാണെന്നും പറയാം. ഇവിടെയും ഇസ്രായേൽ ജനത്തിൻെറ ജനകനും പൂർവ്വികനുമാണ് ദൈവമെന്ന സങ്കല്പം മുന്നിട്ടുനില്ക്കുന്നില്ല. ഇസ്രായേൽ ജനത്തെ തെരഞ്ഞെടുക്കുകയും, ആപത്തുകളിലും ശത്രുക്കളിലും നിന്നു രക്ഷിക്കയും നിർണ്ണായകമായ ചരിത്രഘട്ടങ്ങളിൽ മാർഗ്ഗദർശനം നല്കി നയിക്കയും ചെയ്ത നേതാവാണ് ദൈവമെന്ന ധാരണയാണ് മുന്നിട്ടു നിന്നിരുന്നത്. പ്രവാചകന്മാരുടെ പ്രഭാഷണങ്ങളിലും സന്ദേശങ്ങളിലുമാണ് ദൈവപിതാവിനെപ്പററിയുള്ള സങ്കല്പങ്ങളിൽ മിഴിവു കാണുന്നതു്. ഇസ്രായേൽ ജനത്തിൻെറ പിതാവാണ് യാഹ്‌വേ എന്ന വസ്തുത പ്രവാചകന്മാരെല്ലാം തറപ്പിച്ചു പറഞ്ഞു. ഒരു പുത്രൻ പിതാവിനു നല്കേണ്ട ബഹുമാനാദരവുകളുടെ ഒരംശം പോലും ദൈവത്തിനു നല്കാൻ ഇസ്രായേൽ സന്നദ്ധമാകാത്തതിൽ പ്രവാചകരെല്ലാം അമർഷം കൊള്ളുകയും ജനങ്ങളെ ശാസിക്കയും ചെയ്യുന്നുണ്ട്. "പുത്രൻ പിതാവിനെയും, സേവകൻ യജമാനനെയും ബഹുമാനിക്കുന്നു. ഞാൻ പിതാവാണെങ്കിൽ എനിക്കുള്ള ബഹുമാനമെവിടെ? സൈന്യങ്ങളുടെ കർത്താവു പറയുന്നു:" മലാഖിയാസ് പ്രവാചകൻെറ പ്രഭാഷണത്തിലാണ് (1:6) ഇങ്ങനെ കാണുന്നതെങ്കിലും, ജറമിയാസിൻെറ പ്രവചനങ്ങളിലും നിയമാവർത്തന ഗ്രന്ഥത്തിലും ഈ ശാസനയുടെ അനുരണനം ശ്രാവ്യമാണ്.

ദൈവത്തിൻെറ പ്രമാണങ്ങൾ ധിക്കരിച്ചും ഇംഗിതങ്ങൾ വിഗണിച്ചും മാലിന്യം നിറഞ്ഞ ജീവിതമാർഗ്ഗങ്ങൾ അവലംബിച്ചും കഴിഞ്ഞിരുന്നതുകൊണ്ടാണ് ഇസ്രായേൽ കോപത്തിനു പാത്രമായതു്. തെററുകളെപ്പററി അനുതപിക്കയും 'അവിടുന്നാണ് ഞങ്ങളുടെ പിതാവു്' (അബിനു അത്ത) എന്നു ആവർത്തിച്ചു പറഞ്ഞു് അനുതാപം രേഖപ്പെടുത്തുകയും ചെയ്താൽ സകല പാപങ്ങളിൽ നിന്നും വിമുക്തമാകും. അനുതാപികളോട് അനുകമ്പ പ്രദർശിപ്പിക്കുവാൻ ഉത്സാഹം കാണിക്കുന്ന പിതാവാണല്ലോ ദൈവം. ഉദാരമായ ക്ഷമയുടെയും സ്നേഹത്തിൻെറയും പ്രതീകമായി നില്ക്കുക എന്നതിൽ കവിഞ്ഞ പിതൃത്വപ്രകടനമില്ലെന്നു പറയാം.

ഈശോയുടെ പ്രഭാഷണങ്ങളിലും പ്രാർത്ഥനകളിലു മൊക്കെ ദൃശ്യമാകുന്ന പദമാണ് 'ആബാ'. ഗദ്സേമ്മ നിലെ ഈശോയുടെ സുദീർഘ പ്രാർത്ഥനാഘട്ടത്തിൽ 'ആബാ' എന്നുവിളിച്ച് ദൈവത്തെ സംബോധന ചെയ്യുന്നതായി നമുക്കു കാണാൻ കഴിയും. പുരാതന യഹൂദ പ്രാർത്ഥനാ സാഹിത്യം മുഴുവൻ പരിശോധിച്ചു നോക്കി യാലും ഒരിടത്തും ദൈവത്തെ 'ആബാ' എന്നപദംകൊ ണ്ട് അഭിസംബോധന ചെയ്യുന്നതു കാണാൻ കഴിയുക യില്ല. ദൈവത്തെ പിതാവായി സങ്കല്പിക്കുവാൻ തുനി ഞ്ഞ യഹൂദ സംസ്കാരത്തിനുപോലും ഈപദം പ്രാ ർത്ഥനയിൽ ഉൾപ്പെടുത്തുവാനുള്ള ധൈര്യം ഉണ്ടായിരു ന്നില്ല. എന്തായിരിക്കും ഇതിനു കാരണം? ക്രിസോസ്റ്റം, മെപ്സുവെസ്റ്റിയായിലെ തെയഡോർ, സൈറസിലെ തെയഡോർ എന്നിവരൊക്കെ അഭിപ്രായപ്പെടുന്നതു് ഒരു ശിശു പിതാവിനെ വിളിക്കാൻ ഉപയോഗിക്കുന്ന പദ മാണ് 'ആബാ' എന്നാണ്. സ്തന്യപാനം നടത്തുന്ന ശി ശു 'പ്രിയ അപ്പച്ചാ' എന്നർത്ഥംവരുന്ന ആബാ എന്നപ ദവും 'പ്രിയ അമ്മച്ചി' എന്നർത്ഥംവരുന്ന 'ഇമ്മാ' എന്ന പദവും ഉച്ചരിച്ചാണ് ഭാഷ പഠിക്കുന്നതെന്നു 'തൽമദി' ൻെറ ആധികാരികതവച്ച് ജെറമിയാസ് അഭിപ്രായ പ്പെടുന്നു. ശിശുക്കളുടെ സംഭാഷണശൈലിയിൽ പെട്ട താണെങ്കിലും, ഈശോയുടെ കാലഘട്ടത്തിൽ ഈ പദ ത്തിനു് പ്രയോഗപ്രചാരം സിദ്ധിച്ചിരുന്നു. മുതിന്ന കു ട്ടികൾ മാതാപിതാക്കളെ സംബോധന ചെയ്യുവാൻ ഈ വാക്കു് ഉപയോഗിച്ചിരുന്നു. എന്നാൽ കുടുംബവൃത്ത ത്തിനു പുറമേ ഈപദം പ്രയോഗിക്കാൻ അധികമാളു കൾ താത്പര്യം കാണിച്ചിരുന്നില്ല. തന്നിമിത്തം പ്രാർത്ഥനകളിൽ ആബാ എന്നപദം പ്രയോഗിക്കാൻ യഹൂദരിലാർക്കും ധൈര്യം ഇല്ലായിരുന്നു. ഈശോയുടെ തായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന മിക്ക പ്രാർത്ഥനകളിലും 'ആബാ' എന്ന പദം പ്രയോഗി ച്ചിരിക്കുന്നതു കാണാം. ഒരു ശിശു പിതാവിനോടു് സംസാരിക്കുന്ന അതേ ലാളിത്യത്തോടും ആത്മാർത്ഥത യോടും ഹൃദ്യതയോടും കൂടെ ദൈവത്തോടു പ്രാർത്ഥിക്കു

വാൻ ഈശോയ്ക്കു സാധിച്ചിരുന്നു. ഈ രീതിയിൽ ദൈവത്തെ അഭിസംബോധന ചെയ്യുന്നതു് തന്നിലൂടെയുള്ള പിതാവിൻെറ ആവിഷ്കാരത്തിൻെറ പ്രധാന ഭാഗമായി ഈശോ കരുതിയിരുന്നു. ഈ അഭിസംബോധന ക്രിസ്തുരഹസ്യത്തിൻെറ മർമ്മഭാഗമായിരുന്നു. ദൈവത്തെ 'പിതാവേ' എന്നു വിളിക്കാൻ സാധിക്കുന്നതിൽ കവിഞ്ഞ മഹത്ത്വം ആർക്കും ലഭിക്കുവാനുമില്ല. സുവിശേഷങ്ങളിൽ ദൃശ്യമാകുന്ന ഈശോയുടെ സ്വന്തം വചനങ്ങളിൽ നിന്നുതന്നെ അടർത്തിയെടുത്തതാണു് ഈ സംബോധനാരീതിയെന്നുംകൂടി പറയുമ്പോൾ ഇതിൻെറ ആധികാരികത വ്യക്തമാണല്ലോ.

ആദിമസഭയിലെ അംഗങ്ങൾ ഈ സംബോധനാരീതി പ്രത്യേകം ഓർത്തിരുന്നു. യവനഭാഷ സംസാരിച്ചിരുന്ന ഗലാത്തയായിലെയും റോമായിലെയും ക്രൈസ്തവസമൂഹങ്ങൾക്കു് കത്തുകളയച്ചപ്പോൾ ഈ അറമായ പദംകൂടി കലർത്തി ആശയവിശദീകരണം നടത്താൻ സെൻറു് പോൾ (ഗാല 4:6; റോമ്മാ 8:15) ഉത്സാഹിച്ചിട്ടുണ്ടു്. യഹൂദമതത്തിലും പേഗൻമതത്തിലും ദൈവത്തെ പിതാവേ എന്നുവിളിക്കുന്ന സമ്പ്രദായം തീർത്തും അജ്ഞാതമായിരുന്നില്ല എന്നു നാം കാണുകയുണ്ടായി. എന്നാൽ സമകാലീന യഹൂദ പ്രാർത്ഥനാ സമ്പ്രദായത്തിൽ 'അബീനു' എന്ന ഹീബ്രുപദത്തിനായിരുന്നു പ്രയോഗപ്രചാരം.

ഇതിൽനിന്നും 'പിതാവേ' എന്നുമാത്രമുള്ള ലൂക്കിൻെറ മൂലരൂപത്തെ യഹൂദജനത്തിൻെറ പ്രാർത്ഥനാശൈലിയോടു പൊരുത്തപ്പെടുത്തി 'ഞങ്ങളുടെ പിതാവേ' എന്നു സെൻറു് മാത്യു പ്രയോഗിച്ചുവെന്നു സിദ്ധാന്തിക്കാനേ വഴികാണുന്നുള്ളു. 'അബ്ബാ' എന്നപദത്തിനു പിതാവേ എന്നും 'എൻെറ പിതാവേ' എന്നും അർത്ഥം വരാമെന്നു് ലോഹ്മേയറിനെപ്പോലുള്ള പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ പ്രാചീന ഭാഷാപ്രയോഗങ്ങളെപ്പററി അഭിപ്രായാന്തരം ഉണ്ടാവുക സാധാരണമായതുകൊണ്ടും, ഓരോന്നും ഉറപ്പിക്കാനും ഇളക്കാനും

തുല്യയുക്തികം ഉള്ളതുകൊണ്ടും ഉറപ്പുണ്ടെന്നു വ്യക്തി പരമായിരിക്കുന്ന ഭാഗത്തു നിലയുറപ്പിക്കാനേ നിവൃത്തിയുള്ളു. അതുകൊണ്ടു് നാം മുൻനിലപാടിൽനിന്നും മാറാതെയാണു് വിചിന്തനം തുടരുന്നതു്. അറമായ പദം ഉപയോഗിച്ചുവെന്നതിനെക്കാൾ വ്യത്യസ്തവും പ്രാധാന്യമേറിയതുമായ ചില ഘടകങ്ങൾകൂടി ഈശോയുടെ പ്രാർത്ഥനയിലെ 'പിതാവു്' എന്ന പ്രയോഗത്തിനുണ്ടു്. പഴയ ഉടമ്പടി ഗ്രന്ഥങ്ങളിൽ ദൈവത്തെ ഇസ്രായേൽ ജനസമൂഹത്തിന്റെ പിതാവായും, ദൈവത്തിന്റെ പ്രമാണങ്ങളോടു വിശ്വസ്തത പുലർത്തുന്നിടത്തോളം കാലം ഇസ്രായേലിനെ ദൈവത്തിന്റെ സന്താനമായും വിവക്ഷിച്ചുകൊണ്ടുള്ള പരാമർശങ്ങൾ ദൃശ്യമാണു് (സംഖ്യ 11:12; ഐസ. 63:16; വിജ്ഞാ 5:5, നിയമം 32: 6). ദൈവവും മനുഷ്യനും തമ്മിലുള്ള പിതൃപുത്രബന്ധം ദേശീയ ഉടമ്പടിയുടെ അടിസ്ഥാനത്തിലാണു് ഇക്കാലഘട്ടത്തിൽ വിലയിരുത്തപ്പെടുന്നതു്. ഇസ്രായേൽ ജനങ്ങളുടെ വിവിധതലങ്ങളിലുള്ള നേതാക്കളുമായി വിവിധകാലങ്ങളിലും വ്യത്യസ്ത സ്ഥലങ്ങളിലുംവച്ചു് യാഹ്‌വേ നടത്തിയിട്ടുള്ള ഉടമ്പടികൾ, രണ്ടു വിഭാഗക്കാരേയും ഒന്നിപ്പിക്കുന്ന കണ്ണികളായിരുന്നു.

ഈശോയുടെ ആഗമനത്തോടുകൂടി പുതിയ ഉടമ്പടിയുടെ യുഗം ഉദയം ചെയ്തപ്പോൾ, ഉടമ്പടികൾക്കുപകരം ദൈവസുതനായ അവിടുന്നായിത്തീർന്നു മനുഷ്യരേയും ദൈവത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി. ക്രിസ്തുവാണു് ദൈവസുതൻ. ദൈവത്തെ 'എന്റെ പിതാവേ' എന്നു വിളിക്കുവാനുള്ള അവകാശം ക്രിസ്തുവിനു മാത്രമേ ഉള്ളുവെന്നുപറയാം. ഈശോയോടു് ഒന്നിച്ചിരിക്കുന്നവരും ഈ അവകാശത്തിൽ പങ്കുകാരാകുന്നുണ്ടു്. "ഈശോയാണു് മ്ശിഹാ എന്നു വിശ്വസിക്കുന്ന ഏവനും ദൈവത്തിന്റെ സുതനാണു്". സെൻറു്. ജോൺ സ്വന്ത ലേഖനത്തിലൂടെ (1 ജോൺ 5:1) ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി. ഗലാത്തിയർക്കുള്ള കത്തിൽ സെൻറു് പോളും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടു്. വിശ്വാസംവഴി

നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ദൈവമക്കളായിത്തീർന്നിരിക്കുന്നു (3: 26). പുതിയ ഉടമ്പടിയിലെദൈവശാസ്ത്രവീക്ഷണത്തിൻെറ അടിസ്ഥാന ബിന്ദുവായി നില്ക്കുന്ന ആശയവും ഇതുതന്നെയാണല്ലോ.

ദൈവത്തിൻെറ പിതൃത്വവും മനുഷ്യരുടെ പുത്രത്വവും വിശദമായ പഠനത്തിനു വകനല്കുന്ന വിഷയമാണു്. സമാനസുവിശേഷങ്ങളിൽ ദൈവിക സുതത്വത്തെപ്പററി പറഞ്ഞിരിക്കുന്നതു് സ്വർഗ്ഗരാജ്യത്തു സംഭവിക്കുന്ന കാര്യമെന്ന നിലയിലാണു്. എന്നാൽ സെൻറു് പോളും, ജോണും ഇതുസംബന്ധിച്ചു വ്യത്യസ്ത നിലപാടാണു് അവലംബിച്ചിരിക്കുന്നതു്. ഇപ്പോഠംതന്നെ മനുഷ്യൻ പ്രാപിച്ചുകഴിഞ്ഞ ഒന്നാണു് ദൈവസുതത്വം എന്നരീതിയിലാണു് ഇവർ രണ്ടുപേരും പരാമർശങ്ങഠം നടത്തിയിരിക്കുന്നതു്. ഈ രണ്ടു വീക്ഷണഗതികളും- ദൈവസുതത്വം നാം പ്രാപിച്ചുകഴിഞ്ഞെന്നും, പ്രാപിക്കാൻ പോകുന്നതാണെന്നും ഉള്ളവ- യേശുവിൻെറ പ്രഭാഷണങ്ങളിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ളതാണു്. ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനം അതിവേഗം സംഭവിക്കുമെന്നു കരുതിയിരുന്ന ജനവിഭാഗത്തിൻെറ ചിന്താധാരകഠം സമാനസുവിശേഷങ്ങളിൽ പ്രാബല്യം ചെലുത്തിയിട്ടുണ്ടു്. ഉത്ഥാനം ചെയ്ത ക്രിസ്തു അതിവേഗം ആഗതനായി രാജ്യം സ്ഥാപിക്കുമെന്നു കരുതുന്നതു് ക്രൈസ്തവജീവിതത്തിൻെറ കാതലായ പ്രമാണമായി പരിഗണിക്കാതിരുന്ന ഇരുത്തംവന്ന ക്രൈസ്തവരുടെ മറെറാരു ചിന്താധാരയും സുവിശേഷത്തിൽ ദൃശ്യമാണു്. ദൈവരാജ്യത്തെപ്പററിയുള്ള സമീപനത്തിലാണു് ഈ വ്യത്യാസം ദൃശ്യമാകുന്നതു്. കൃപവഴി ദൈവസുതരുടെ സൗഭാഗ്യം അനുഭവിക്കുന്ന മനുഷ്യർ മരണാനന്തരം ദൈവവുമായുള്ള ഗാഢബന്ധത്തിൽ ആ പാവനപദവിയിൽ ഉറപ്പിക്കപ്പെട്ടവരായിത്തീരുന്നു. സെൻറു് പോളും, ജോണും ഇക്കാര്യം നന്നായി മനസ്സിലാക്കിയിരുന്നു. ജോണിൻെറ ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു. "പ്രിയപ്പെട്ടവരേ, നാം ഇപ്പോഠം ദൈവ

ത്തിൻെറ മക്കളാണു്. നാം എന്തായിത്തീരുമെന്നു് ഇനി യും വെളിപ്പെട്ടിട്ടില്ല. ഒരു കാര്യം നമുക്കറിയാം: ഈശോ പ്രത്യക്ഷപ്പെടുമ്പോൾ നാം അവിടുത്തെപ്പോലെ യായിത്തീരും.'' ഇതേ ആശയംതന്നെ റോമാക്കാക്കുള്ള കത്തിൽ രേഖപ്പെടുത്തുവാൻ പോലും തുനിഞ്ഞിട്ടുണ്ടു് (8:23). വരുവാനിരിക്കുന്ന യുഗത്തിൽ വിവാഹത്തിനു സ്ഥാനമില്ലെന്നു ചൂണ്ടിക്കാണിക്കുന്ന സെൻറു് ലൂക്കു് അതിനുള്ള കാരണംകൂടി രേഖപ്പെടുത്തുന്നു. ''അവർ പുനരുത്ഥാനത്തിൻെറ പുത്രരെന്ന നിലയിൽ ദൈവദൂതതുല്യരും ദൈവപുത്രരും ആയതുകൊണ്ടു് അവക്കിനി മരിക്കാൻ സാദ്ധ്യമല്ല.'' ശത്രുക്കളെ സ്നേഹിക്കുന്നവക്കുള്ള പ്രതിഫലം സ്വർഗ്ഗത്തിൽ ലഭിക്കുമെന്നു വാഗ്ദാനം ചെയ്യുന്ന ലൂക്കു്, ''നിങ്ങളുടെ പ്രതിഫലം വലുതായിരിക്കും; നിങ്ങൾ അത്യുന്നതൻെറ പുത്രന്മാരാവുകയും ചെയ്യും'' (6:36) എന്നുവരെ പറഞ്ഞുവെക്കുന്നുണ്ടു്. അഷ്ടസൗഭാഗ്യങ്ങളെപ്പററിയുള്ള ഈശോയുടെ പ്രസംഗത്തിൽ ദൈവപുത്രരായിത്തീരുവാനുള്ള മനുഷ്യൻെറ സാദ്ധ്യത ക്രിസ്തു ഉപദേശിക്കുന്നു. ''സമാധാനസ്ഥാപകർ ഭാഗ്യവാന്മാർ, അവർ ദൈവമക്കളെന്നു വിളിക്കപ്പെടും''. ഗിരിപ്രഭാഷണത്തിലെ കാതലായ വാഗ്ദാനങ്ങളിൽ ഒന്നാണിതെന്നു് നമുക്കോർത്തിരിക്കാം.

ദൈവത്തെ 'പിതാവേ' എന്നുവിളിക്കുമ്പോൾ, മക്കളെന്ന അഭിമാനകരമായ പദവി പാലിക്കുവാൻ മനുഷ്യരും പരിശ്രമിക്കേണ്ടതാണു്. ഈശോയുടെ പ്രഭാഷണങ്ങളോടുകൂടെ ആരംഭിച്ചതും, പ്രതീക്ഷയോടെ ദൈവസുതർ കാത്തിരിക്കുന്നതുമാണു് ദൈവരാജ്യം. സമാധാനസ്ഥാപകരെ ദൈവമക്കളായി ഉയർത്തിക്കാണിച്ച പ്രഭാഷണത്തിൽ, 'ആത്മനാ ദരിദ്രരായിട്ടുള്ളവർ ദൈവരാജ്യം അവകാശപ്പെടുത്തും' എന്നുകൂടി ഈശോ പറഞ്ഞുവച്ചിട്ടുണ്ടു്. പാവങ്ങളും രോഗികളും പാപികളും നിറഞ്ഞ ദൈവജനമാണു് ക്രിസ്തുവിൻെറ പ്രഭാഷണത്തിൽ പ്രതീക്ഷയർപ്പിച്ചു് ദൈവരാജ്യത്തിൻെറ ആഗമനത്തെ കാത്തുകാത്തിരിക്കുന്നതു്.

പിതാവിനെപ്പററിയുള്ള സെൻറ് മാത്യവിൻെറ വിശേഷണത്തിൽ 'സ്വർഗ്ഗസ്ഥനായ' എന്നുകൂടി ചേത്തിരിക്കുന്നു. യഹൂദപ്രാത്ഥനകളിൽ ദൈവത്തെ "സ്വർഗ്ഗസ്ഥനായ പിതാവായി അവതരിപ്പിക്കുന്ന പതിവും ഉണ്ടായിരുന്നു. "നമ്മുടെ പിതാവായ അബ്രാഹ"ത്തിൽ നിന്നും വ്യതിരിക്തനാണ് ഈ പിതാവെന്നു കാണിക്കുന്നതിനുള്ള ഒരു മാർഗ്ഗവും കൂടിയായിരുന്നു ഈ പ്രയോഗം. സീനായിലും, സെഹിയോനിലും, ഗെരിസിമിലുമായി ദൈവത്തിൻെറ സാന്നിദ്ധ്യം ക്ലിപ്തപ്പെടുത്തുന്ന ചിന്താസമ്പ്രദായത്തെ മാററി, ദൈവത്തിൻെറ ഉജ്ജ്വല സാന്നിദ്ധ്യം പ്രതീക്ഷാകേന്ദ്രമായ സ്വർഗ്ഗരാജ്യത്താണെന്നു കാണിക്കുന്നതിനും ഈ വിശേഷണം ഉപകരിക്കുന്നു. യാക്കോബിൻെറ കിണററിനു സമീപംവെച്ച് സമറായവനിതയോടു നടത്തിയ സംഭാഷണമദ്ധ്യേ യേശു ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. "സ്ത്രീയേ, എന്നെ വിശ്വസിക്കുക, പിതാവിനെ നിങ്ങൾ ആരാധിക്കുന്നതു് ഈ മലയിലോ ജറുസലേമിലോ അല്ലാത്ത സമയം അടുത്തുവരുന്നു" (ജോൺ 4:21).

ഈ പ്രാത്ഥനാഭാഗത്തു് അത്ഭുതകരമായ ചില രഹസ്യങ്ങൾ കൂടി ഉൾക്കൊള്ളുന്നുണ്ടെന്നു് ഓർത്തിരിക്കേണ്ടതുണ്ടു്. ദൈവത്തെ 'ആബാ' എന്നു വിളിച്ചു പ്രാത്ഥിക്കുവാൻ ക്രിസ്തു അനുയായികളോടു് ഉപദേശിക്കുക മാത്രമല്ല ആവശ്യപ്പെടുക കൂടി ചെയ്യുന്നു. ദൈവസുതനെന്നുള്ള ഈശോയുടെ മഹനീയ പദവിയും തജ്ജന്യമായ അവകാശവും അവിടുന്നു നമുക്കും പങ്കുവെച്ചു നല്കുകയാണ്. ഒരു ബാലൻ സ്വപിതാവിൽ ആശ്രയം വെക്കുകയും സ്നേഹത്തോടെ അദ്ദേഹത്തെ സമീപിക്കയും ചെയ്യുന്നതുപോലെ നാമും ദൈവത്തെ സമീപിക്കണം. ഈ ബന്ധം സ്വർഗ്ഗ കവാടങ്ങൾ തുറക്കാൻ മനുഷ്യരെ സഹായിക്കുന്നു. "നിങ്ങൾ മാനസാന്തരപ്പെട്ടു് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ലെന്നു് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഈ ശിശുവിനെപ്പോലെ സ്വയം വിനീതനാക്കുന്നവനാണ്

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ'' (മാത്യു. 18: 3, 4). ശിശുക്കൾക്കു മാത്രമേ പിതാവിനെ 'ആബാ' എന്നു വിളിക്കാനുള്ള വിനയവും ഹൃദയലാളിത്യവും ഉണ്ടാവുകയുള്ളു. ഈശോയിലൂടെ ശിശുവിൻെറ ഹൃദയലാളിത്യത്തിൽ പങ്കുചേൎന്നു വ്യാപരിക്കുന്നവൻ സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശന ടിക്കററായിരിക്കും കരസ്ഥമാക്കുന്നതു്.

## 6 അങ്ങയുടെ നാമം പൂജിതമാകണമേ

പ്രാചീന പ്രാൎത്ഥനയായ 'കദീശി'നോടു സാധൎമ്മ്യം വഹിക്കുന്നതാണു് യേശുവിൻെറ പ്രാൎത്ഥനയുടെ ആദ്യഭാഗങ്ങൾ. യഹൂദസിനഗോഗിലെ പ്രാർത്ഥനാ ശുശ്രൂഷകളുടെ അവസാനം അറമായ ഭാഷയിൽ ചൊല്ലിയിരുന്ന ഒന്നാണു് കദീശ് പ്രാൎത്ഥന. ദേവാലയപ്രസംഗകൻ ഈ പ്രാർത്ഥനയോടുകൂടി പ്രസംഗം ഉപസംഹരിക്കുകയായിരുന്നു പതിവു്. സിനഗോഗിലെ പ്രാൎത്ഥനാസമ്മേളനങ്ങളിൽ സംബന്ധിക്കുന്ന ശീലമുണ്ടായിരുന്ന ഈശോയ്ക്കു് കദീശ് പ്രാൎത്ഥനാ ശൈലികളോടു് ചെറുപ്പം മുതലേ അടുപ്പമുണ്ടായിരുന്നു. നസ്രസ്സിലെ യേശുവിൻെറ ഭവനത്തിൻെറ തൊട്ടടുത്തു് ഒരു സിനഗോഗുണ്ടായിരുന്നുവെന്നുള്ള ചരിത്രവസ്തുത ഈ നിഗമനത്തെ ദൃഢപ്പെടുത്തുകയും ചെയ്യുന്നു. വ്യക്തിപരമായ പ്രാൎത്ഥനകൾ നാട്ടുഭാഷയിൽ നടത്തുന്നതിൽ നിർബ്ബന്ധബുദ്ധി കാണിച്ചിരുന്ന ഈശോ, ആ ശീലം അനുയായികളെ പഠിപ്പിച്ച പ്രാൎത്ഥനയിലും പ്രകടിപ്പിക്കുകയുണ്ടായി. പണ്ഡിതരും, പാരമ്പര്യാരാധകരും ഹീബ്രു ഭാഷയിൽ നടത്തിയിരുന്ന പ്രാൎത്ഥനകൾ (ഷെമായും, തെഫീലായും) ഈശോയും ശരിയായി പഠിച്ചിരുന്നു. എന്നാൽ വിദ്യാഭ്യാസത്തിലും ധനസ്ഥിതിയിലും ജീവിതരീതിയിലും തീൎത്തും സാധാരണക്കാരായ ശിഷ്യരോടു സംസാരിച്ചപ്പോഴൊക്കെ ഭാഷാലാളിത്യം പ്രദർശിപ്പിക്കുവാൻ ഈശോ നിഷ്ഠ കാണിച്ചിരുന്നു. പ്രാൎത്ഥന പഠിപ്പിച്ച അവസരത്തിൽ ഈ നിഷ്ഠയിൽ നിന്നു വ്യതിചലിക്കാൻ പരി

ശ്രമിച്ചുമില്ല. സാമാന്യ ജനങ്ങൾക്ക് അജ്ഞാതമായ ഭാഷയെ വിശുദ്ധമെന്നു വിശേഷിപ്പിച്ച്, പ്രാർത്ഥനകളെല്ലാം മൃതഭാഷകളിലും പ്രചാരലുപ്തഭാഷകളിലും നടത്തണമെന്നു ശാഠ്യം പിടിച്ചിരുന്നവരോടു മമത പുലർത്തുവാൻ ഈശോ താത്പര്യം കാണിച്ചില്ല. ജനങ്ങളുടെ അനുദിന ജീവിതത്തിലേക്കും ബുദ്ധിനിലവാരത്തിലേക്കും പ്രാർത്ഥനയും മതജീവിതവും കൊണ്ടുവന്നാക്കിയതു് പരിവർത്തനത്തിൻെറ നാന്ദിയായിരുന്നു.

“അവിടുത്തെ വലിയ നാമം ഭൂമിയിൽ മഹത്വപ്പെടട്ടെ” എന്നൊരു വാക്യം കദീശ് പ്രാർത്ഥനയിലുണ്ടെന്നു അനുസ്മരിച്ചുകൊണ്ടു് ഈ അഭ്യർത്ഥനയുടെ അന്തസ്സത്തയിലേക്കു നമുക്കു പ്രവേശിക്കാം. “അങ്ങയുടെ നാമം പൂജിതമാകണമേ” എന്നു പ്രാർത്ഥിക്കുമ്പോൾ ഈ പൂജിതമാക്കേണ്ട വ്യക്തിയാരാണെന്നുള്ള കാര്യത്തിൽ സംശയമുദിക്കാം. മനുഷ്യനോ ദൈവമോ ഇക്കാര്യത്തിൽ പരിശ്രമിക്കേണ്ടതു്? ദൈവത്തിൻെറ നാമം വിശുദ്ധമാക്കുന്നതിൽ മനുഷ്യരാണു പരിശ്രമിക്കേണ്ടതെന്ന ആശയമാണു സെൻറ് അഗസ്റ്റിൻ, മാർട്ടിൻ ലൂതർ തുടങ്ങിയ പലരും പ്രകടിപ്പിച്ചതു്. “ദൈവത്തിൻെറ നാമം വൃഥാ പ്രയോഗിക്കരുതു്” എന്നുള്ള മോസസിൻെറ രണ്ടാമത്തെ പ്രമാണം ഈ രീതിയിലുള്ള ഒരു വ്യാഖ്യാനത്തിനു ഇവക്കു പ്രേരണ നല്കിയെന്നു വിശ്വസിക്കാൻ ന്യായം കാണുന്നുണ്ടു്. എന്നാൽ ദൈവത്തെ അഭിസംബോധന ചെയ്തുകൊണ്ടുള്ള ഈ പ്രാർത്ഥന ഇതുപോലെ വ്യാഖ്യാനിക്കുന്നതിനോടു വേറെ പലക്കും അനുകൂലമായ അഭിപ്രായമില്ല. ദൈവത്തിൻെറ നാമവിശുദ്ധി അവിടുന്നു തന്നെ വെളിപ്പെടുത്തണമെന്നാണു് ഈ പ്രാർത്ഥനയിലെ വിവക്ഷയെന്നും, പഴയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ പുതിയ ഉടമ്പടിയിലെ ഈ പ്രാർത്ഥന പഠിക്കുമ്പോൾ മറെറാരു നിഗമനത്തിൽ എത്തിച്ചേരാൻ കഴിയുകയില്ലെന്നുമുള്ള അഭിപ്രായമാണു പണ്ഡിതന്മാരായ ഷുർമാൻ, ലോഹമെയർ, ഹമ്മാൻ, ജറമിയാസ്സ് തുടങ്ങിയവർ പ്രകടിപ്പിക്കുന്നതു്.

ഹീബ്രു ഭാഷയിലെ സംജ്ഞകളുടെ സവിശേഷത കളെപ്പററി അറിഞ്ഞാൽ മാത്രമേ ഇക്കാര്യം പൂർണ്ണമായും മനസ്സിലാക്കാൻ കഴിയൂ. ഓരോ വസ്തുവിനും അതതിന്റെ സ്വഭാവത്തിനും ഗുണത്തിനും ചേർന്ന നാമം നല്കുകയെന്നതു് ഹെബ്രായ ചിന്താഗതിയുടെ ഒരു പ്രത്യേകതയായിരുന്നു. ദൈവത്തിന്റെ നാമം അവിടുത്തെ സത്തയുടെയും സാരാംശത്തിന്റെയും ആകെത്തുകയാണ്. ദൈവത്തെ മനുഷ്യനു മനസ്സിലാക്കാൻ കഴിയുന്നിടത്തോളം ആ നാമത്തിലൂടെ കൈമാറാനും കഴിയണം. സ്വയം വിശുദ്ധിയായിട്ടുള്ളതു് ദൈവം മാത്രമേയുള്ളു. മററു വസ്തുക്കൾ വിശുദ്ധമായിത്തീരുന്നതു് ദൈവത്തോടുള്ള സാമീപ്യത്തെ അടിസ്ഥാനമാക്കിയാണ്. ദൈവാരാധന നടത്താനുള്ള സ്ഥലമെന്ന നിലയ്ക്കാണ് ദൈവാലയം വിശുദ്ധമാകുന്നതു്. ഇസ്രായേൽജനം ഒരു വിശുദ്ധസമൂഹമാണ്. ദൈവം അവരെ സ്വന്തമായി തെരഞ്ഞെടുത്തതുകൊണ്ടും ദൈവാരാധന അവരിൽ നിന്നും പ്രതീക്ഷിക്കുന്നതുകൊണ്ടും അവർ ഒരു വിശുദ്ധ സമൂഹമായി അറിയപ്പെടുന്നു. "നിങ്ങൾ വിശുദ്ധരാണ്, എന്തുകൊണ്ടെന്നാൽ ഞാൻ വിശുദ്ധിയാണ്." ഇസ്രായേൽ ജനത്തെ ആപത്തുകളിൽ സംരക്ഷിച്ചുകൊണ്ടു ദൈവം സ്വന്ത വിശുദ്ധി പ്രകടിപ്പിക്കുകയുണ്ടായി. യഹൂദ ജനത്തിന്റെ ചരിത്രത്തിന്റെ ഗതി നിയന്ത്രിച്ചുകൊണ്ടും ഭാവിഭാഗധേയങ്ങളിൽ അവരെ സഹായിച്ചുകൊണ്ടും ദൈവം അവിടുത്തെ വിശുദ്ധി വിശദമാക്കി. ദൈവത്തെ ധിക്കരിച്ചും പ്രമാണങ്ങൾ തിരസ്കരിച്ചുംകൊണ്ടു് അവിടുത്തെ വിശുദ്ധമായ നാമം പല അവസരങ്ങളിലും ഇസ്രായേൽ അശുദ്ധമാക്കിയിട്ടുണ്ടു്. ഈ ഘട്ടങ്ങളിൽ പ്രവാചകർ വഴി ഇസ്രായേലിനെ നവീകരിക്കുമെന്നും പുതിയ ചൈതന്യം നല്കി അതിനെ ഉദ്ധരിക്കുമെന്നും, അങ്ങനെ 'അവിടുത്തെ പരിശുദ്ധനാമത്തിന്റെ മഹത്ത്വ മൂല്യം' നിലനിറുത്തുമെന്നും പറയാൻ ദൈവം തുനിഞ്ഞിട്ടുണ്ടു്. ഇങ്ങനെ ദൈവത്തിന്റെ മഹത്ത്വവും വിശുദ്ധിയും പ്രകടിപ്പിക്കുന്ന സംഭവങ്ങൾ പഴയ ഉടമ്പടിയിൽ ധാരാളം ദൃശ്യമാണ്.

മനുഷ്യനായിത്തീന്ന ദൈവവചനമായ ക്രിസ്തുവിലൂടെയാണ് ദൈവം സ്വവിശുദ്ധി വെളിപ്പെടുത്തിയിരിക്കുന്നതു്. "കത്താവിൻെറ നാമത്തിൽ ആഗതനാകുന്നവൻ അനുഗൃഹീതൻ" എന്നു ജനങ്ങരം ആത്ത്തുവിളിച്ചുല്ലസിച്ചു. പിതാവു് ലോകത്തിലേക്കയച്ചിരിക്കുന്ന ഈശോ ദൈവനാമം പ്രചരിപ്പിക്കാനുള്ള യത്നത്തിലാണ് ഏർപ്പെട്ടിരുന്നതു്. ഈശോയുടെ പരസ്യജീവിതത്തിൻെറ അവസാന ഘട്ടത്തോടടുക്കുന്തോറും ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നുമുണ്ടു്. ജീവിത സായാഹ്നത്തിലെത്തിയെന്നു മനസ്സിലാക്കിയ ക്രിസ്തു, അനുപമമായ വേദനയോടുകൂടിയ മരണവും തുടൻുള്ള ഉത്ഥാനവും സ്വർഗ്ഗാരോഹണവും മുന്നിൽ ദർശിച്ചുകൊണ്ടു പറയുന്നു: "പിതാവേ; അങ്ങയുടെ നാമം മഹത്ത്വപ്പെടുത്തണമേ" (ജോൺ 12: 28). സുതൻെറ ഈ പ്രാത്ഥന ശ്രവിച്ച പിതാവു മൂകനായിരിക്കുന്നില്ല. പിതാവിൽനിന്നുള്ള മറുപടി ഈ രൂപത്തിൽ ശ്രവിക്കാൻ കഴിയുന്നു. "ഞാൻ അതിനെ മഹത്ത്വപ്പെടുത്തി, ഇനിയും മഹത്ത്വപ്പെടുത്തുകയും ചെയ്യും." ഭൂതഭാവികാലക്രിയകരം ഉപയോഗിച്ചുള്ള ഈ മറുപടിയുടെ ആന്തരികാത്ഥത്തിലേക്കു പ്രവേശിക്കുമ്പോരം അതിവിപുലമായ അത്ഥം ഇതിനുള്ളിൽ കാണാൻ സാധിക്കും. ക്രിസ്തുവിൻെറ ജീവിതവും പ്രവത്തനങ്ങളുംവഴി സാധിച്ച ദൈവനാമ മഹത്ത്വീകരണമാണു ഭൂതകാലക്രിയയുടെ പ്രയോഗത്തിലൂടെ വിവക്ഷിച്ചിരിക്കുന്നതു്. പിതാവിൻെറ സവിധത്തിൽ ഈശോ എത്തിക്കഴിയുമ്പോരം അയയ്ക്കുന്ന പവിത്രാത്മാവുവഴി സാധിക്കാനിരിക്കുന്ന ദൈവനാമ മഹത്ത്വീകരണത്തെ ഭാവികാലക്രിയയുടെ പ്രയോഗം കൊണ്ടു് ഉദ്ദേശിക്കയും ചെയ്യുന്നു. ദൈവനാമത്തിൻെറ സമുന്നതവും ഉജ്ജ്വലവുമായ വിശുദ്ധീകരണം വരാനിരിക്കുന്നതേയുള്ളു.

ദൈവം അവിടുത്തെ വിശുദ്ധിയുടെ മഹത്ത്വം പൂണ്ണമായും പ്രദർശിപ്പിക്കണമെന്നുദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രാത്ഥനയാണിതു്. തുടൻുള്ള അഭ്യത്ഥനകളിൽ കാണുന്നതുപോലെ ദൈവരാജ്യം ഭൂമിയിൽ കൂടി സ്ഥാപിച്ചുകൊണ്ടും ദൈവം ആഗ്രഹിക്കുന്ന പരിപാടികരം അതേ

രീതിയിൽ ഭൂമിയിൽ പൂർത്തിയാക്കിക്കൊണ്ടുമാണ് ദൈവനാമം മഹത്ത്വപ്പെടേണ്ടത്. ഈ പ്രാർത്ഥനയിൽ നിന്നും ദൈവനാമ മഹത്ത്വീകരണത്തിന് മനുഷ്യന് ഒരു സഹകരണവുമില്ലെന്നു സിദ്ധാന്തിക്കാൻ പാടില്ല. ദൈവം അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തുന്നതും അതു മനുഷ്യർ അംഗീകരിക്കുന്നതും ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ പരസ്പര ബന്ധിതങ്ങളാണ്. "അജ്ഞതയിൽ നിന്നും ദൈവനാമ മഹത്ത്വീകരണത്തിന്റെ സമ്പൂർണ്ണ വിജ്ഞാന"ത്തിലേക്കു വിളിക്കപ്പെട്ട ക്രൈസ്തവസമൂഹമാണ് ഇതിനായി പ്രാർത്ഥിക്കേണ്ടത്.

'പിതാവേ' എന്നു വിളിച്ചുകൊണ്ടാണ് ഈ അഭ്യർത്ഥന നടത്തുന്നതെന്ന കാര്യം പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു ക്രൈസ്തവൻ ഈ പ്രാർത്ഥന നടത്തുമ്പോൾ ദൈവം അവിടുത്തെ വിശുദ്ധിയും മഹത്ത്വവും പിതാവെന്ന നിലയിൽ പ്രകടമാക്കണമെന്നും, ക്രൈസ്തവന്റെ പുത്രത്വം ദൈവരാജ്യത്തിൽ വേഗം പൂർണ്ണമാക്കണമെന്നുമുള്ള ആശയമാണ് നാം മനസ്സിലാക്കുന്നത്.

## 7 അങ്ങയുടെ രാജ്യം വരണമേ

യഹൂദപ്രാർത്ഥനയായ 'കദീശി'ലെ ആശയങ്ങളോട് ഇവിടെയും സാധർമ്മ്യം ദൃശ്യമാണ്. "അവിടുത്തെരാജ്യം അങ്ങയുടെ നാളിൽ സ്ഥാപിതമാകട്ടെ" എന്നുള്ള കദീശ് പ്രാർത്ഥനാഭാഗം ഇവിടെ ഓർമ്മയിലെത്തുന്നു. ദൈവരാജ്യം ഭൂമിയിൽ ആഗതമാകുന്നതിന് ദൈവത്തിന്റെ സഹകരണവും പ്രവർത്തനവും മുഖ്യഘടകമായി ഇവിടെ പ്രതീക്ഷിക്കുന്നുണ്ട്. എന്നാൽ ഈ പ്രാർത്ഥനാഭാഗത്തു ദൈവരാജ്യത്തിന്റെ അനുദിനവളർച്ചയാണോ, ലോകാവസാനത്തിൽ നടപ്പാകുമെന്നു വിശ്വസിക്കുന്ന ദൈവഭരണമാണോ ലക്ഷ്യമാക്കുന്നത് എന്നതിൽ അഭിപ്രായാന്തരമുണ്ട്. മൂലഭാഷയുടെ വ്യാകരണ ഘടനയെടുത്തു നോക്കിയാൽ രണ്ടാമത്തെ അഭിപ്രായത്തിനാണ് മുൻതൂക്കം.

പഴയ ഉടമ്പടി മുഴുവൻ പരിശോധിച്ചാലും ദൈവരാജ്യത്തെപ്പററി വ്യക്തമായ പരാമർശങ്ങളൊന്നും കാണാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിൻെറ സാർവ്വത്രിക രാജത്വത്തെപ്പററിയുള്ള വാഗ്ദാനങ്ങൾ പഴയ ഉടമ്പടിയിൽ ദൃശ്യവുമാണ് (ജറമി. 10: 7; 10; മലാക്കി 1: 14). ലോകാവസാനത്തിൽ സൂര്യചന്ദ്രന്മാർ ഇരുണ്ടുപോകുമെന്നും സൈന്യങ്ങളുടെ കർത്താവിൻെറ ഭരണം സെഹിയോനിൽ ആരംഭിക്കുമെന്നും, അവിടുത്തെ മഹത്ത്വം പ്രകടമാകുമെന്നും ഐസയാസിൻെറ ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട് (24: 23). ഭൗതിക രാജത്വങ്ങൾ അവസാനിച്ചു കഴിയുമ്പോൾ അത്യുന്നതൻെറ വിശുദ്ധന്മാർ രാജ്യം സ്വീകരിക്കുമെന്ന ദാനിയേലിൻെറ പ്രവചനങ്ങളും ഇവിടെ പരിഗണിക്കാവുന്നതാണ്. ഇങ്ങനെ പഴയ ഉടമ്പടി സൂക്ഷ്മപരിശോധനയ്ക്കു വിധേയമാക്കുമ്പോൾ ദൈവരാജ്യത്തെപ്പററിയുള്ള അവ്യക്തപരാമർശങ്ങൾ കാണാൻ കഴിയും.

മനുഷ്യർക്കു നൂതന ദൗത്യം നല്കിക്കൊണ്ടു് ആഗതനായ ക്രിസ്തുവിൻെറ ആശയങ്ങൾ പുതിയ ഉടമ്പടി ഗ്രന്ഥത്തിലാണല്ലോ കാണുന്നതു്. ഈശോയുടെ ആഗമനത്തോടു വളരെ ബന്ധപ്പെട്ടാണ് ദൈവരാജ്യത്തെപ്പററിയുള്ള ആഖ്യാന വ്യാഖ്യാനങ്ങളെല്ലാം കിടക്കുന്നതു്. 'ദൈവരാജ്യം സമാഗതമായിരിക്കുന്നു' എന്നുള്ള പ്രഖ്യാപനത്തോടുകൂടിയാണ് ക്രിസ്തു പൊതുജീവിതത്തിലേക്കു പ്രവേശിക്കുന്നതു്. അനുപമമായ പ്രസംഗവും പ്രവർത്തനവും വഴി ദൈവത്തിൻെറ നേതൃത്വം ലോകത്തെ അംഗീകരിപ്പിക്കുവാൻ ഈശോയ്ക്കു കഴിഞ്ഞു. ക്രിസ്തുവിൻെറ രണ്ടാമത്തെ ആഗമനത്തിൻെറ അവസരത്തിലാണ് ദൈവരാജ്യം പൂർണ്ണമായും സ്ഥാപിതമാകുന്നതു്. ലോകത്തിൻെറ നേതൃത്വത്തിനുവേണ്ടിയുള്ള സാത്താൻെറ ശ്രമങ്ങളെ തീർത്തും നിഷ്ഫലമാക്കിയാലേ ദൈവരാജ്യം പരിപൂർണ്ണമായും സ്ഥാപിതമാകയുള്ളു.

"അങ്ങയുടെ രാജ്യം വരണമേ" എന്നുള്ള പ്രാർത്ഥനാഭാഗം ലോകാവസാനം സംഭവിക്കാനിരിക്കുന്ന

ദൈവരാജ്യപ്രാപ്തിയെപ്പററിയാണെന്നതിൽ സംശയത്തിനിടമില്ല. വാസ്തവത്തിൽ ''രാജ്യം വരണമേ'' എന്നുള്ള ശൈലിപ്രയോഗം സുവിശേഷങ്ങളിൽ വളരെ വിരളമാണ്. അവ ഉപയോഗിച്ചിരിക്കുന്ന ഘട്ടങ്ങളിലെല്ലാം ഭാവികാല വിവക്ഷയുണ്ടുതാനും. മക്കോസിൻെറ സുവിശേഷം ഒൻപതാം അദ്ധ്യായം ആരംഭിക്കുന്നതു് യേശുവിൻെറ ഒരു പ്രഖ്യാപനത്തോടുകൂടെയാണ്. ''സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ദൈവരാജ്യം പ്രാഭവത്തോടെ സമാഗതമാകുന്നതു കാണുന്നതുവരെ, മരിക്കയില്ലാത്ത ചിലർ ഇവിടെ നില്ക്കുന്നവരിലുണ്ടു്.'' അന്ത്യത്താഴ സമയത്തു ശിഷ്യരോടു നടത്തിയ സംഭാഷണമദ്ധ്യേ യേശു പറയുന്നു: ''ഇപ്പോഠം മുതൽ, ദൈവരാജ്യം സമാഗതമാകുന്നതുവരെ മുന്തിരിയുടെ ഫലത്തിൽനിന്നും ഞാൻ പാനം ചെയ്യുകയില്ല''. ലൂക്കിൻെറ സുവിശേഷത്തിൽ ലോകാവസാനത്തെപ്പററിയുള്ള ഈശോയുടെ വിവരണമദ്ധ്യേ ഇങ്ങനെ പറയുന്നു: ''ഈ കാര്യങ്ങഠം സംഭവിക്കുന്നതു കാണുമ്പോഠം ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു മനസ്സിലാക്കിക്കൊള്ളുവിൻ.'' സമാനങ്ങളായ മററു സുവിശേഷ ഭാഗങ്ങളിലെ ദൈവരാജ്യകല്പനകഠം വേറൊരത്ഥത്തിൽ മനസ്സിലാക്കാനും പ്രയാസമാണ്.

ഈശോയുടെ പ്രാത്ഥനയിലെ ഈ അഭ്യത്ഥനാഭാഗം ചൊല്ലി പ്രാത്ഥിക്കുമ്പോഠം, ദൈവികപ്ലാനിനോടു സഹകരിക്കുന്ന മനഃസ്ഥിതിയാണ് നാം പ്രദർശിപ്പിക്കുന്നതു്. ഓരോ വ്യക്തിയിലും ദൈവരാജ്യം സമാഗതമാകണം. എല്ലാ മനുഷ്യഹൃദയങ്ങളിലൂടെയും അതു വ്യാപിച്ച് ലോകത്തിലെല്ലായിടത്തും സത്യത്തിലും സ്നേഹത്തിലും സഹകരണത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായ ദൈവരാജ്യം വ്യാപിക്കണം. ''എൻെറ രാജ്യം ഐഹികമല്ല'' എന്നു് ഗവർണ്ണറായ പീലാത്തോസിൻെറ മുൻപാകെവെച്ച് ഈശോ അസന്ദിഗ്ദ്ധമായി പ്രസ്താവിക്കയുണ്ടായി. അതുകൊണ്ടു് ക്രിസ്തുവിൻെറ നേതൃത്വത്തിൽ, വെൻഡൽ വില്ക്കി വിഭാവനംചെയ്ത രീതിയിലുള്ള ഒരു ഏകലോകനിമ്മാണമല്ല ദൈവരാജ്യം

കൊണ്ട വിവക്ഷിക്കുന്നത്. എല്ലാ ജനപദങ്ങളേയും സ്നേഹംകൊണ്ട കൂട്ടിയോജിപ്പിക്കുന്നതും, ദൈവത്തിൻെറ പിതൃത്വത്തെ അംഗീകരിക്കുന്നതുമായ ദൈവസുതരുടെ ജീവിതക്രമമാണ് ഇവിടെ ലക്ഷ്യമാക്കുന്നത്.

## 8 അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ

സെൻറ് മാത്യുവിൻെറ സുവിശേഷത്തിൽമാത്രമേ ഈ അഭ്യർത്ഥന കാണുന്നുള്ളു. ക്രിസ്തുവിൻെറ ഗദ്സേമനിലെ പ്രാർത്ഥനാഘട്ടത്തിൽ "അങ്ങയുടെ അഭീഷ്ടം നിറവേറട്ടെ" യെന്നുള്ള പ്രാർത്ഥനാശൈലി മാത്യു അവതരിപ്പിക്കുന്നുണ്ട്. ഈ പ്രാർത്ഥനാഭാഗത്തെപ്പററിയുള്ള വ്യാഖ്യാനങ്ങൾ വ്യത്യസ്തരീതിയിലുണ്ട്. ദൈവത്തിൻെറ അഭീഷ്ടം നിറവേററാൻ മനുഷ്യർ ഒരുങ്ങണമെന്ന അഭ്യർത്ഥനയാണ് ഇതിലുള്ളതെന്നു തെർത്തുല്യനും അദ്ദേഹത്തിൻെറ അനുയായികളിൽ പലരും പറഞ്ഞിട്ടുണ്ട്. "അങ്ങയുടെ അഭീഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ" എന്നുള്ള മൂന്നാമത്തെ അഭ്യർത്ഥനയ്ക്കുശേഷം വേണം, "അങ്ങയുടെ രാജ്യം വരണം എന്നുള്ള രണ്ടാമത്തെ അഭ്യർത്ഥന നടത്തേണ്ടതെന്നുവരെ തെർത്തുല്യൻ സിദ്ധാന്തിച്ചു വച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ യുക്തിശാസ്ത്രത്തിൽ, ദൈവരാജ്യത്തിനുവേണ്ടി മനുഷ്യഹൃദയങ്ങളെ സജ്ജമാക്കുകയാണ് ഈ പ്രാർത്ഥനാഭാഗത്തിൻെറ ലക്ഷ്യം.

ദൈവത്തിൻെറ അഭീഷ്ടം, മനസ്സ് എന്നൊക്കെപറയുന്നതിനു വിവിധാർത്ഥങ്ങളുണ്ടെന്നുള്ള കാര്യം ഓർത്തിരിക്കണം. പത്തു കല്പനകളിലൂടെ ദൈവത്തിൻെറ അഭീഷ്ടം പ്രകടമാകുന്നുവെന്നു നാം കരുതുന്നു. വിശ്വത്തെപ്പററിയുള്ള ദൈവത്തിൻെറ പൊതുപദ്ധതിയിൽ ദൈവത്തിൻെറ അഭീഷ്ടമാണ് നാം കാണുന്നത്. ഈശോയിൽക്കൂടി സാധിതമാകേണ്ടതും, അപ്പസ്തോലന്മാരിലൂടെ പ്രാവർത്തികമാകുന്നതുമായ മനുഷ്യരക്ഷയാണ് ദൈവത്തിൻെറ അഭീഷ്ടമായി സുവിശേഷകന്മാർ വിഭാവനം

ചെയ്തു. എഫേസൂസ്കാക്കുള്ള കത്തിൻെറ ഒന്നാമദ്ധ്യായത്തിൽ ഇക്കാര്യം ചൂണ്ടിക്കാണിച്ച് ദൈവതിരുമനസ്സിൻെറ തെരഞ്ഞെടുപ്പിനെപ്പററിയും, രഹസ്യത്തെപ്പററിയും, പദ്ധതിയെപ്പററിയും വിശദീകരിക്കാൻ സെൻറ് പോ‍ാം മറന്നുപോയില്ല.

ദൈവാഭീഷ്ടം ഭൂമിയിൽ നിർവ്വഹിക്കാനുള്ള മുഖ്യവ്യക്തി ക്രിസ്തുവാണ്. "എന്നെ അയച്ചവൻെറ ഇഷ്ടം നിർവ്വഹിക്കാനല്ലാതെ, എൻെറ ഇഷ്ടം നിർവ്വഹിക്കുവാനല്ലാ ഞാൻ ഭൂമിയിലേയ്ക്കു വന്നതു്" എന്നുള്ള ക്രിസ്തുവിൻെറ പ്രസ്താവന ഈ ധാരണ ഉറപ്പിക്കയും ചെയ്യുന്നു. ക്രിസ്തുവിനു് ഗദ്സേമൻ തോട്ടത്തിൽ ഉണ്ടായ ദുരന്താനുഭവങ്ങൾ ദൈവാഭീഷ്ടം നടപ്പാക്കുന്നതിലെ സംഘർഷാത്മകമായ ഒരു ഘട്ടത്തിൻെറ ചിത്രീകരണമാണ്. ഈശോയുടെ മാനുഷികമനസ്സ് പിതാവിൻെറ ദൈവികമനസ്സിനു കീഴ്പ്പെടുന്നതിൻെറ അംഗീകാരശബ്ദമായി ക്രിസ്തുവിൻെറ വാക്കുകളെ വ്യാഖ്യാനിച്ചെടുക്കാനും ബുദ്ധിമുട്ടുണ്ട്. "ആബാ, പിതാവേ.... എൻെറ ഇഷ്ടമല്ല, അങ്ങയുടെ അഭീഷ്ടം നിറവേറട്ടെ" (മാർക്ക് 14:36) എന്നുള്ള പ്രാർത്ഥന രക്ഷാകരപദ്ധതിയെപ്പററിയുള്ള ദൈവാഭീഷ്ടം നിറവേററാനുള്ള അഭ്യർത്ഥനയാണ്. ഏതായാലും ഈശോ വേദന സഹിച്ച മഹത്ത്വത്തിലേക്കു പ്രവേശിക്കുക എന്നുള്ളതായിരുന്ന ദൈവത്തിൻെറ ഇംഗിതമെന്നതു് സുവിശേഷങ്ങളിൽനിന്നും വിശദമാകുന്ന സത്യമാണ്.

ക്രിസ്തുവിൻെറ രക്ഷാകരമായ മരണത്തിൻെറയും ഉത്ഥാനത്തിൻെറയും ഫലങ്ങൾ എല്ലാ ജനങ്ങളുടേയും മദ്ധ്യത്തിലേക്കു വ്യാപിക്കണം. ദൈവത്തിൻെറ ഇഷ്ടം പൂർത്തിയാക്കുവാനാണ് ക്രിസ്തു ലോകത്തിലേക്കു വന്നതെന്നു സുവിശേഷകനായ ജോൺ വ്യക്തമാക്കിയിട്ടുണ്ട്. പിതാവു് ഏല്പിച്ചുകൊടുത്ത ആരേയും നഷ്ടമാക്കരുതെന്നുള്ളതാണ് ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ദൈവത്തിൻെറ അഭീഷ്ടം. സെൻറ് പോളിനെപ്പോലുള്ള ഉജ്ജ്വല പ്രേഷിത പ്രതിഭകളുടെ തെരഞ്ഞെടുപ്പ് ദൈ

വാഭീഷ്ടത്തിൻെറ ഭാഗമായാണ് കരുതപ്പെടുന്നതു്. "യേശുവിൻെറ പ്രേഷിതനാകാൻ ദൈവഹിതമനുസരിച്ച് വിളിക്കപ്പെട്ട പോറം" എന്നു പറഞ്ഞാണ് കൊറിന്തോസുകാർക്കുള്ള ആദ്യത്തെ കത്തിൽ അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നതു്.

വിശ്വത്തിൻെറ വിശുദ്ധീകരണവും രക്ഷയും യേശുവിലൂടെ സാധിക്കണമെന്നും, എല്ലാ ചരാചരങ്ങളും പിതാവിൻെറ ഇംഗിതാനുസരണം വ്യാപരിക്കണമെന്നും ഉള്ളതാണ് ആത്യന്തികമായും ദൈവത്തിൻെറ പ്ലാൻ. ഇക്കാര്യസാദ്ധ്യത്തിനുവേണ്ടി സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും ക്രിസ്തുവിനു നല്കുകയും ചെയ്തിട്ടുണ്ടു് (മാത്യു 28: 18).

ഈ പശ്ചാത്തലത്തിൽവേണം, "അങ്ങയുടെ അഭീഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണം" എന്നുള്ള പ്രാർത്ഥനാഭാഗത്തിൻെറ പൊരുറം പരിശോധിച്ചു നോക്കുവാൻ. ഉല്പത്തി പുസ്തകത്തിൻെറ ആരംഭഭാഗത്തു പറഞ്ഞിരിക്കുന്നതുപോലെ ദൈവം അവിടുത്തെ ഇംഗിതാനുസരണമാണ് ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചിരിക്കുന്നതെങ്കിൽ അവയുടെ ആത്യന്തികപൂർണ്ണതയും അവിടുത്തെ സമഗ്രപരിപാടിയിൽ ഉറംപ്പെട്ടിരിക്കണം. ബൈബിളിൽ 'സ്വർഗ്ഗവും ഭൂമിയും' എന്നു പറഞ്ഞിരിക്കുന്നതു് 'വിശ്വ' മെന്ന നമ്മുടെ സങ്കല്പത്തിൻെറ ഹെബ്രായഭാഷയിലുള്ള ആശയപ്രകാശന ശൈലിയാണു്. ബൈബിറം രചനയുടെ കാലം കഴിഞ്ഞാണ് വിശ്വത്തെ ഏകപദത്തിൽ സൂചിപ്പിക്കുന്ന സംജ്ഞ ആ ഭാഷയിൽ രൂപപ്പെട്ടതെന്നു് അഭിജ്ഞന്മാർ അഭിപ്രായപ്പെടുന്നുണ്ടു്. "സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളേയും ക്രിസ്തുവിലൂടെ തന്നോടു് അനുരഞ്ജിപ്പിക്കാനും അവിടുന്നു കുരിശിൽ ചിന്തിയ രക്തംവഴി, സമാധാനം സ്ഥാപിക്കാനും ദൈവം തിരുമനസ്സായി" എന്നുള്ള സെൻറു് പോളിൻെറ കൊളോസിയർക്കുള്ള കത്തിലെ പ്രസ്താവന വിശ്വവസ്തുക്കളെ മുഴുവനും ഉദ്ദേശിച്ചുള്ള

താണെന്നോർത്തിരിക്കാം. പിതാവിൻെറ ഇംഗിതം പൂർണ്ണമായും പൂർത്തിയാകുമ്പോഠം 'പുതിയ ആകാശവും പുതിയ ഭൂമിയും' വിശ്വത്തിൽ ഉദയം ചെയ്യും.

യേശുവിൻെറ പ്രാർത്ഥനയുടെ ആദ്യഭാഗത്തെ മൂന്നു് അഭ്യർത്ഥനകളും ഒരേ ആശയത്തിൻെറ വിവിധ രൂപത്തിലുള്ള അവതരണമാണെന്നു മനസ്സിലാക്കാം. ദൈവത്തിൻെറ രക്ഷാകരപദ്ധതി പൂർത്തിയാകണം. ദൈവത്തിൻെറ നാമം പൂജിതമാകുന്നതുവഴി അവിടുത്തെ ആന്തരിക മഹത്ത്വത്തിൻെറ വികസനമാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ദൈവരാജ്യത്തിൻെറ ആഗമനം അവിടുത്തെ ബാഹ്യമഹത്ത്വവർദ്ധനവാണു് വിഭാവനം ചെയ്തിരിക്കുന്നതു്. ദൈവാഭിഷ്ടം സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും ആകുന്നതുവഴി ദൈവമഹത്ത്വം വിശ്വവ്യാപകമായിത്തീരണമെന്ന ആഗ്രഹം പ്രഖ്യാപിക്കയും ചെയ്യുന്നു.

## 9 ആവശ്യകമായ ആഹാരം ഇന്നു ഞങ്ങഠംക്കു തരണമേ

ഇതുവരെയുള്ള അഭ്യർത്ഥനകളിൽ "അങ്ങു" എന്ന പദത്തിനായിരുന്നു പ്രാധാന്യം ഉണ്ടായിരുന്നതു്. ഇനിയുമുള്ള അഭ്യർത്ഥനകളിൽ "ഞങ്ങഠംക്കു്" ആവശ്യമായ കാര്യങ്ങളെപ്പററിയാണു് പരാമർശം കാണുന്നതു്. അങ്ങനെ ദൈവസ്തുതിയിൽനിന്നും മനുഷ്യാവശ്യങ്ങളിലേക്കു ഊന്നൽ മാററിയിട്ടുള്ളതു് ശ്രദ്ധിക്കേണ്ടകാര്യമാണു്.

ഈശോയുടെ പ്രാർത്ഥനയിലെ രണ്ടാംഭാഗത്തെ ആദ്യത്തെ ഈ അഭ്യർത്ഥനയുടെ വാചകഘടനയിൽ മാത്യുവും ലൂക്കും വ്യത്യാസം പ്രദർശിപ്പിക്കുന്നുണ്ടു്. "ആവശ്യകമായ ആഹാരം ദിനംപ്രതി ഞങ്ങഠംക്കു തരണമേ" എന്നാണു് ലൂക്കിൻെറ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. വ്യത്യസ്തങ്ങളായ ആഖ്യാന വ്യാഖ്യാനങ്ങഠംക്കു് വിധേയമായിട്ടുള്ളതാണു് ഈ ഭാഗമെന്നു് ആമുഖമായി പറഞ്ഞുകൊള്ളട്ടെ.

ഈ അഭ്യർത്ഥനയിലെ ''അപ്പം'' എന്ന നാമത്തിനു വിശേഷണമായി നില്ക്കുന്ന 'എപ്പിയൂസിയോസു്'' എന്ന ഗ്രീക്കപദത്തിനു് വിവിധാർത്ഥങ്ങൾ കല്പിച്ചാണു് വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഉണ്ടാകുവാൻ ഇടയായതു്. അനുദിനഅപ്പം, ആവശ്യകമായ ആഹാരം, നാളെയുടെ അപ്പം എന്നിങ്ങനെ മൂന്നുവിധത്തിൽ ഈ പദം വിവർത്തനം ചെയ്യുകയും തദനുസരണം ദൈവശാസ്ത്ര വ്യാഖ്യാനങ്ങൾ ഉണ്ടാവുകയും ചെയ്തിട്ടുണ്ടു്. മൂന്നാം നൂററാണ്ടിലെ മതപണ്ഡിതന്മാരിൽ പ്രശസ്തനായ ഒരിജൻ ഈ പദത്തിനു തക്ക അർത്ഥം കണ്ടുപിടിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടുകയുണ്ടായി. യവനഭാഷയിലെ എഴുത്തുകാരാരും അവരുടെ സാഹിത്യകൃതികളിൽ ഈ പദം പ്രയോഗിച്ചിട്ടില്ലായെന്നുള്ളതും പ്രശ്നത്തെ സങ്കീർണ്ണമാക്കി. ഒരിജനുശേഷം നൂററാണ്ടുകൾ പതിനേഴുകഴിഞ്ഞു. പണ്ഡിതന്മാർ പലവിധത്തിൽ ശ്രമിച്ചിട്ടും ഉറപ്പുള്ള അർത്ഥം പറഞ്ഞു് ഈ പദം വ്യാഖ്യാനിക്കുവാൻ ഇന്നും കഴിയുന്നില്ല.

അർത്ഥഗ്രഹണത്തിനു പദനിഷ്പത്തി പരിശോധിക്കുക ഒരു മാർഗ്ഗമാണു്. ഇവിടെയും ഒന്നിൽക്കൂടുതൽ അർത്ഥകല്പനയ്ക്കുള്ള സാദ്ധ്യതകൾ തുറന്നുകിടക്കുകയാണു്.

1. 'ആയിരിക്കുക' എന്നർത്ഥം വരുന്ന 'ഐനയാ'ധാതുവിൽനിന്നും 'എപ്പ്യൂസിയോസു്'' എന്നപദം നിഷ്പന്നമായി എന്നു സിദ്ധാന്തിച്ചാൽ അതിനു് രണ്ടർത്ഥം കല്പിക്കാവുന്നതാണു്.

a) അനുദിനഭക്ഷണം എന്നതാണു് ആദ്യത്തെ അർത്ഥം. ''ഞങ്ങളുടെ ഭക്ഷണം ഓരോ ദിവസവും തരണമേ'' എന്ന അറാമയിക് മൂലലിഖിതത്തെപ്പററി മാത്യു ബ്ലാക് പറയുന്നതു് ഇത്തരുണത്തിൽ സ്മരണീയമാണു്.

b) ജീവിതത്തിനാവശ്യമായ ഭക്ഷണം എന്ന അർത്ഥത്തിൽ ''എപ്പി ഓസിയാ'' എന്നപദം നിഷ്പന്നമാവുകയാണെങ്കിൽ ''ജീവിതത്തിനാവശ്യകമായ അപ്പം'' എന്നു് അർത്ഥം വരും. സുറിയാനി മൂലത്തിൽ 'ആവശ്യ

കമായ ആഹാരം'' എന്നു വരുവാനിടയായതു് ഈ രീതിയിലാണു്.

2. ''പോവുക,'' 'വരിക' എന്നത്ഥമുള്ള ''ഏതൈനെയ്'' എന്ന ധാതുവിൽനിന്നും ഈ പദം നിഷ്പാദിതമാവുകയാണെങ്കിൽ ''അടുത്ത ദിവസത്തെ ഭക്ഷണം, ഭാവിയിലെ ഭക്ഷണം'' എന്നൊക്കെയാണു് അത്ഥം. അപ്പോൾ 'എപ്പിഓസിയോ'യ്ക്കു 'നാളെ' എന്നത്ഥവും വരുന്നു. നാലാം നൂററാണ്ടിലെ ബൈബിൾ പണ്ഡിതന്മാരിൽ പ്രസിദ്ധനായ സെൻറു് ജറോം നഷ്ടപ്പെട്ടുപോയ 'നസ്രായരുടെ സുവിശേഷം' എന്ന ഒരു അറമായ ബൈബിളിനെപ്പററി പറയുന്നുണ്ടു്. അതിൽ പ്രയോഗിച്ചിരിക്കുന്ന 'മാഹാർ' എന്ന അറമായ വാക്കിനു് 'നാളെ' എന്നത്ഥമുണ്ടെന്നും 'നാളെക്കുവേണ്ടിയുള്ള അപ്പം' എന്നാണു സൂചനയെന്നും വാദിക്കുന്നു.

എന്നാൽ ഈ വാച്യാർത്ഥങ്ങളെക്കാൾ പ്രാധാന്യമേറിയ ഒരു വ്യംഗ്യാർത്ഥം കൂടി ഈ വാക്യത്തിലുണ്ടെന്നു ജറോമിനഭിപ്രായമുണ്ടു്. പുരാതന യഹൂദ ജനതയുടെ ഇടയിൽ 'മഹാർ' എന്നപദത്തിനുള്ള അർത്ഥ കല്പനകൾവെച്ചുനോക്കുമ്പോൾ ''നാളെ'' എന്നും 'മഹത്തായ നാളെ' എന്നും പറയാം. ലോകാവസാന ദിവസമാണു് 'മഹത്തായ നാളെ' കൊണ്ടു് പ്രാചീന യഹൂദർ വിവക്ഷിച്ചിരുന്നതു്. അതുകൊണ്ടു് ''നാളെയുടെ അപ്പം തരണമേ'' എന്നു പ്രാർത്ഥിക്കുമ്പോൾ കോതമ്പപ്പത്തിനുവേണ്ടിയുള്ള മനുഷ്യൻെറ അഭ്യർത്ഥനയല്ലെന്നും, ലോകാവസാന ദിവസം നിത്യജീവൻെറ അപ്പം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷയാണെന്നും സെൻറു് ജറോമിനു അഭിമതമുണ്ടു്. പാശ്ചാത്യ പൗരസ്ത്യ സഭകളിലെ പ്രാചീനഗ്രന്ഥങ്ങളിൽ യേശുവിൻെറ പ്രാർത്ഥന വിവത്തനം ചെയ്തെഴുതിയിരിക്കുന്ന ഭാഗത്തു 'രക്ഷയുടെ യുഗത്തിലെ അപ്പം, ജീവൻെറ അപ്പം, സ്വർഗ്ഗീയ മന്ന' എന്നൊക്കെയാണു് 'നാളെയുടെ അപ്പം' എന്നതിനു പകരമായി എഴുതിച്ചേത്തിരിക്കുന്നതു്. ഇവയൊക്കെ

യും ജീവൻെറ അപ്പമായി ക്രിസ്തു നിർദ്ദേശിച്ചതന്ന വി. കർബാനയെ ഉന്നം വയ്ക്കുന്നുവെന്നു സെൻറ് ജറോം പ്രസ്താവിക്കുന്നു.

ഇനിയും ഈ പദത്തിൻെറ വാച്യാത്ഥമാണു് പ്രധാനമെന്നും, അതല്ല വ്യംഗ്യാർത്ഥത്തിനാണു് മുൻതൂക്കമെന്നും വാദിക്കുന്നവർ അവതരിപ്പിക്കുന്ന യുക്തികൾ കൂടി പരിശോധിച്ചുനോക്കുക ആവശ്യമായിവരുന്നു. അനുദിന ജീവിതത്തിനാവശ്യകമായ ഭക്ഷണത്തിനുവേണ്ടിയുള്ള അഭ്യർത്ഥനയാണിതെന്നു വാദിക്കുന്നവർ ആദ്യത്തെ പദനിഷ്പത്തിക്രമമാണു് മുറുകെപ്പിടിക്കുന്നതു്. ക്രൈസ്തവസമൂഹം അവരുടെ അനുദിന ഭക്ഷണത്തിനുവേണ്ടി പ്രാത്ഥിക്കുക ന്യായവും യുക്തവുമാണു്. "നാളെയെപ്പററി ആകുലപ്പെടേണ്ടതില്ലെന്നും ദൈവകരുണയിൽ ആശ്രയം വച്ചാൽ മതി"യെന്നും ഈശോ ഉപദേശിക്കയുണ്ടായല്ലോ. യാത്രക്കൊരുങ്ങുന്ന ശിഷ്യരോടു് "ഒരു വടിയല്ലാതെ അപ്പമോ, സഞ്ചിയോ, അരപ്പട്ടകളിൽ പണമോ" ഒന്നും എടുക്കരുതെന്നും ക്രിസ്തു നിഷ്കർഷിക്കയുണ്ടായി. ജീവിതാവശ്യങ്ങൾക്കുവേണ്ടി പ്രാത്ഥനാപൂർവ്വം ദൈവത്തിൽ ആശ്രയിക്കുന്ന പാവങ്ങളുടെ ഒരു സമൂഹത്തെയാണു് ക്രിസ്തു വിഭാവനം ചെയ്തിരുന്നതു്. ദാരിദ്ര്യത്തെ സ്നേഹപൂർവ്വം ആശ്ലേഷിച്ച സമൂഹം അവരുടെ സ്വർഗ്ഗസ്ഥനായ പിതാവിങ്കലേക്കു തിരിഞ്ഞു് ആഹാരത്തിനുവേണ്ടി അപേക്ഷിക്കുക സാധാരണമാണു്. ദൈവരാജ്യത്തെപ്പററി പ്രസംഗിക്കുന്നതിനു മുഴുവൻ സമയവും വിനിയോഗിച്ച ഒരു സമൂഹത്തിനു ജീവിതത്തിനാവശ്യമായ ഭക്ഷണസാധനങ്ങൾ ആജ്ജിക്കുവാൻ സമയം കിട്ടുകയില്ല. അങ്ങനെ വിശപ്പിൻെറ വേദന അനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ അധരങ്ങളിൽ ഈ പ്രാത്ഥന അത്ഥപൂർണ്ണവും ആശാനിർഭരവുമായിത്തീരുന്നു. പഴയ ഉടമ്പടിയിലെ സുഭാഷിതങ്ങളുടെ ഗ്രന്ഥത്തിൽ കാണുന്ന, "എനിക്കാവശ്യമായ അപ്പം കൊണ്ടു് എന്നെ തീററിപ്പോററണമേ" എന്നുള്ള പ്രാത്ഥന ഈ വാദഗതി ഉറപ്പിക്കാൻ വേണ്ടി ഉദ്ധരിക്കാറുണ്ടു്. ചുരുക്കത്തിൽ വിശപ്പിൻെറ വേദന ശമിപ്പി

ക്കാൻ അപ്പം കിട്ടുന്നതിനുവേണ്ടിയുള്ള ഒരഭ്യത്ഥനയാണിതെന്നു് ഒരു കൂട്ടർ സിദ്ധാന്തിക്കുന്നു.

എന്നാൽ ഈ അഭ്യത്ഥനയിൽ വാച്യാത്ഥത്തിനും ഉപരിയായി ഒരു വ്യംഗ്യാത്ഥം ഉണ്ടെന്നും, അതു് വാച്യാത്ഥത്തെക്കാരം കാതലാണെന്നും അഭിപ്രായപ്പെടുന്ന മറെറാരു വിഭാഗമുണ്ടു്. അവരുടെ യുക്തികാംകൂടി ശ്രവിക്കേണ്ടിയിരിക്കുന്നു. നാം മുൻപുകണ്ട 'എപ്പ്യുസിയൂസു്' എന്ന പദത്തിൻെറ രണ്ടാമത്തെ നിഷ്പത്തിയാണു് അവർ മുറുകെപ്പിടിക്കുന്നതു്. അപ്പോരം ഭാവിയിലെ അപ്പം എന്നു ധ്വനിയുള്ള നാളെയുടെ അപ്പത്തിനുവേണ്ടിയാണു് പ്രാത്ഥന നടത്തുന്നതു്. ഒരു ക്രൈസ്തവസമൂഹം അടിസ്ഥാനപരമായും പാവങ്ങളുടെ ഗണമാണെങ്കിലും അന്നന്നു തീർന്നുപോകുന്ന അപ്പത്തിനുവേണ്ടി പ്രാത്ഥിക്കുവാൻ ക്രിസ്തു ജനങ്ങളെ പഠിപ്പിച്ചുവെന്നു വിശ്വസിക്കുവാൻ പലക്കും സാധിക്കുന്നില്ല. സ്വർഗ്ഗീയ മേശയിൽ വിളമ്പുന്ന നിത്യജീവൻെറ അപ്പത്തിനുവേണ്ടിയാണു് ക്രൈസ്തവർ പ്രാത്ഥിക്കുന്നതെന്നും പ്രാത്ഥിക്കേണ്ടതെന്നും ഭിന്നാഭിപ്രായക്കാർ വാദിക്കുന്നു. ദൈവം മനുഷ്യർക്കു ഭക്ഷണം നല്കുന്നതായി സുവിശേഷങ്ങളിൽ വിവരിക്കുന്ന ഭാഗങ്ങളെല്ലാം പരിശോധിക്കുകയാണെങ്കിൽ സ്വർഗ്ഗീയ വിരുന്നിനെ ഉന്നംവച്ചുകൊണ്ടാണു് അവ നടത്തിയതെന്നു കാണാൻ കഴിയും. പ്രസക്തങ്ങളായ സുവിശേഷഭാഗങ്ങരം നമുക്കു പരിശോധിച്ചുനോക്കാം.

അന്ത്യത്താഴസമയത്തെ അതിമനോഹരവും ആശയനിർഭരവുമായ സംഭാഷണമദ്ധ്യേ ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞു: "എൻെറ പിതാവു് എനിക്കു രാജത്വം നല്കിയതുപോലെ ഞാനും നിങ്ങരംക്കു നല്കുന്നു. അതു്, നിങ്ങരം എൻെറ രാജ്യത്തു് എൻെറ മേശയിൽനിന്നു ഭക്ഷിക്കയും പാനംചെയ്യുകയും ചെയ്യുന്നതിനു വേണ്ടിയത്രേ" (ലൂക്കാ 22 : 29_30).

"വളരെപ്പേർ കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വന്നു് സ്വർഗ്ഗരാജ്യത്തിൽ അബ്രാഹത്തിനോടും ഇസഹാ

ക്കിനോടും യാക്കോബിനോടുംകൂടെ വിരുന്നിനിരിക്കും'' (മാത്യു 8 : 11).

ധന്യതനിറഞ്ഞ ജീവിതം നയിക്കുന്നവർക്ക് ലഭിക്കുവാനിരിക്കുന്ന സൗഭാഗ്യങ്ങളെപ്പററി വിവരിച്ചപ്പോൾ ക്രിസ്തു പറഞ്ഞു: ''ഇപ്പോൾ വിശപ്പുസഹിക്കുന്ന നിങ്ങൾ ഭാഗ്യവാന്മാർ; നിങ്ങൾ തൃപ്തരാക്കപ്പെടും.'' (ലൂക്ക് 6 : 21). ഈശോയോടുകൂടി അത്താഴവിരുന്നിനിരുന്ന ഒരുവൻ അവിടുത്തോടു പറഞ്ഞു: ''ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ.'' (ലൂക്കാ 14: 15). ഈശോ അവൻെറ പ്രസ്താവനയെ എതിർത്തില്ല.

വരാനിരിക്കുന്ന ലോകത്തെപ്പററിയും അവിടെ ലഭ്യമാകാനിരിക്കുന്ന വിരുന്നിനെപ്പററിയും ബൈബിളിലുള്ള പരാമർശനങ്ങൾ അവഗണിക്കാവുന്നതല്ല. സ്വർഗ്ഗത്തിലെ അപ്പം ക്രൈസ്തവനു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് അവകാശമുള്ള അപ്പത്തിനുവേണ്ടി അഭ്യർത്ഥിക്കുക ന്യായമാണുതാനും. നാളേക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ജീവൻെറഅപ്പം ഇന്നു വേണമെന്നാവശ്യപ്പെടുന്നതു് മർദ്ദിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന ക്രൈസ്തവരുടെ അവശതയും അത്യാവശ്യവും പ്രകാശിപ്പിക്കുന്നു.

ഈ അഭ്യർത്ഥനയോടു സാധർമ്മ്യം പറയാവുന്ന ചില വാക്യങ്ങൾ പഴയ ഉടമ്പടി ഗ്രന്ഥത്തിൽ ദൃശ്യമാണ്. പുറപ്പാടിൻെറ പുസ്തകത്തിൽ കാണുന്ന മന്നായെപ്പററിയുള്ള വിവരണം ഇവിടെ ഉദ്ധരണാർഹമാണ്. ''ഞാൻ ആകാശത്തുനിന്നും നിങ്ങൾക്ക് അപ്പം വർഷിക്കും........ ഒരു ദിവസത്തേക്കു ആവശ്യമുള്ളതുവീതം ഓരോ ദിവസവും.'' എഴപത്തെട്ടാം സങ്കീർത്തനത്തിൽ ഇസ്രായേൽജനത്തോടു ദൈവംചെയ്ത കാരുണ്യപ്രവൃത്തികളെ വർണ്ണിക്കുന്ന അവസരത്തിൽ ഇപ്രകാരം പറയുന്നു. സ്വർഗ്ഗത്തിലെ അപ്പം അവൻ അവർക്ക് നല്കി.'' വിശപ്പിൻെറ ആധിക്യംകൊണ്ടു മോസസിനെതിരായി പിറുപിറുക്കുകയും ദൈവദൂഷണം പറയുകയും ചെയ്തി

രുന്ന ജനങ്ങളോട്, അടുത്തദിവസം ആകാശത്തിൽനി
ന്നും വീഴുവാനിരിക്കുന്ന അപ്പത്തെപ്പററി പറഞ്ഞു് അദ്ദേ
ഹം സാന്ത്വനപ്പെടുത്തി. മാലാഖാമാരുടെ അപ്പമെന്നു
വിശേഷിപ്പിക്കപ്പെടുന്ന സ്വർഗ്ഗീയ മന്നയെപ്പററിയുള്ള
വിവരണം ഇസ്രായേലിൻെറ മനസ്സിൽ ഒരു നല്ലചിത്രം
വരച്ചുവച്ചിരുന്നു.

ആകാശത്തിൽനിന്നും വർഷിച്ച അപ്പത്തെ പരാമ
ശിച്ചു് ക്രിസ്തു സംസാരിക്കയുണ്ടായി. പൂർവ്വികർക്കു് ആ
കാശത്തുനിന്നു ലഭിച്ച അപ്പത്തെപ്പററി യഹൂദർ ക്രിസ്തു
വിനോടു പറഞ്ഞു: ''സത്യം സത്യമായി ഞാൻ നിങ്ങ
ളോടു പറയുന്നു, മോശയല്ല സ്വർഗ്ഗത്തിൽനിന്നും നി
ങ്ങാംക്കു് അപ്പം നല്കിയതു്. എൻെറ പിതാവാണു്
സ്വർഗ്ഗത്തിൽനിന്നു യഥാർത്ഥമായ അപ്പം നിങ്ങാംക്കു ന
ല്കുന്നതു്'' (ജോൺ 6 : 32). ആവശ്യകമായ ആഹാരം
ഞങ്ങാംക്കു നല്കണമേ'' എന്നുള്ള പ്രാർത്ഥനയോടു വള
രെ ബന്ധപ്പെടുന്ന ആശയങ്ങാം ഇതിനുള്ളിലുണ്ടു്.
''ഞാൻ ജീവൻെറ അപ്പമാണു്. എൻെറ അടുക്കൽ വരു
ന്നവനു് ഒരിക്കലും വിശക്കുകയില്ല.'' അവസാന ദിവ
സം ഉയിർത്തെഴുന്നേല്ക്കാൻ ആഗ്രഹിക്കുന്നവൻ ജീവ
ൻെറ ഈ അപ്പം ഭക്ഷിക്കയും വേണം.

ഇങ്ങനെ പഴയ ഉടമ്പടിയിൽ വിവരിച്ചിരിക്കുന്ന
മന്നയും പുതിയ നിയമത്തിലെ യേശുവിൻെറ ശരീര
രക്തങ്ങളടങ്ങിയ വി. കുർബാനയും തമ്മിൽ യുക്തിപൂർവ്വ
കമായബന്ധം യേശുവിൻെറ പ്രാർത്ഥനയിൽ ദൃശ്യമാ
ണു്. മരുഭൂമിയിൽ അലഞ്ഞുതിരിഞ്ഞു നടന്ന ഇസ്രായേ
ലിനു് അനുദിനഭക്ഷണം ആകാശത്തിൽനിന്നും ലഭിച്ചി
രുന്നു. അതുപോലെ അനന്തതയിൽനിന്നും വളരെ വിദൂ
രതയിൽ ജീവിതത്തിൻെറ ഊഷരഭൂമിയിലൂടെ ഉഴറിന
ടക്കുന്ന ആധുനിക ഇസ്രായേൽ സമൂഹമായ ക്രൈസ്തവ
ർക്കു് സ്വർഗ്ഗപിതാവു നല്കിയിരിക്കുന്ന അപ്പമാണു്
വി. കുർബാന. ദൈവരാജ്യത്തിലെ സ്വർഗ്ഗീയ വിരു
ന്നിൻെറ അച്ചാരം കൂടിയാണിതു്.

വിശുദ്ധ കുർബാനയുമായി ഈ പ്രാർത്ഥനാഭാഗത്തിനുള്ള ബന്ധം മനസ്സിലാക്കുവാൻ ബൈബിൾ സഹായകമായി നില്ക്കുന്നു. വളരെ ചുരുക്കമായിട്ടുമാത്രമേ, ''അപ്പം നല്കുക' എന്നശൈലി സുവിശേഷത്തിൽ പ്രയോഗിച്ചുകാണുന്നുള്ളു. ജീവൻെറ അപ്പത്തെപ്പററിയുള്ള സെൻറ് ജോണിൻെറ വിവരണത്തിലും, രണ്ടു പ്രധാനപ്പെട്ട ഇതര സന്ദർഭങ്ങളിലും ഈ ശൈലി ഉപയോഗിച്ചു കാണുന്നു. അപ്പം വർദ്ധിപ്പിച്ച് അത്ഭുതം പ്രകടിപ്പിച്ചപ്പോഴും, അവസാനത്താഴസമയത്തും ഈ ശൈലി ഉപയോഗിച്ചാണ് ആശയവിനിമയം നടത്തിയത്. അന്ത്യത്താഴസമയത്ത് ''അപ്പമെടുത്തു വാഴ്ത്തി, മുറിച്ച് അവക്കു കൊടുത്തു''വെന്നാണ് സുവിശേഷകനായ മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച സംഭവം രേഖപ്പെടുത്തിയിരിക്കുന്ന ഭാഗത്തും (മാർക്ക് 6:41) ഈ ആശയം മററു വാചകങ്ങളിൽ പറഞ്ഞിരിക്കുന്നു. വിശുദ്ധ കുർബാനയെന്ന വിരുന്നിൻെറ മുന്നാസ്വാദനംകൂടി അപ്പവർദ്ധനവിൻെറ അത്ഭുതത്തിൽ ഒളിച്ചുവച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അപ്പോൾ 'ഞങ്ങൾക്ക് ആവശ്യകമായ അപ്പം നല്കണമേ' എന്നുള്ള പ്രാർത്ഥന വിശുദ്ധ കുർബാനയോടു ബന്ധപ്പെട്ട വാക്കുകൾ ഉപയോഗിച്ചുള്ള ഒരഭ്യർത്ഥനയാണ്. വി. ബലിയുടെ അവസാനത്തിൽ കുർബാന സ്വീകരണത്തിനുമുൻപ് ഈശോയുടെ പ്രാത്ഥന ചൊല്ലുന്ന പാരമ്പര്യം അത്ഥവത്താണെന്ന വസ്തുത അംഗീകരിക്കാതെ നിവൃത്തിയില്ല.

ഈശോയുടെ പ്രാർത്ഥനയിലെ ഈ അഭ്യർത്ഥന ഇങ്ങനെ വ്യാഖ്യാനിക്കുന്നതിൽ അത്ഭുതവും നിരാശയും തോന്നുന്ന വ്യക്തികളുണ്ട്. അനുദിന ജീവിതത്തോടും, ഭൗതികാവശ്യങ്ങളോടും ബന്ധപ്പെടുത്തി ഒരഭ്യർത്ഥനയെങ്കിലും നടത്തേണ്ടതല്ലേയെന്ന് അവർ ചിന്തിക്കുന്നു. ഭൂമിയിലെ അപ്പമെന്നും സ്വർഗ്ഗത്തിലെ അപ്പമെന്നുമുള്ള വിഭജനവും വ്യാഖ്യാനവും, എവിടെയും ആദ്ധ്യാത്മികതയും പരലോകകാര്യങ്ങളും ഉണ്ടെന്നു വ്യാഖ്യാനിക്കാ

നുള്ള പ്രവണതയുടെ ഭാഗമല്ലേയെന്നും ചിലർ വിചാരിക്കുന്നു. ഭൗതികഭക്ഷണവും സ്വർഗ്ഗീയഭക്ഷണവും തമ്മിലുള്ളബന്ധം വിശദീകരിക്കുമ്പോഴാണ് ഈ പ്രാർത്ഥനയ്ക്കു അർത്ഥവ്യാപ്തിയുണ്ടാവുകയാണു ചെയ്യുന്നതു്. ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ഭൗതികഭക്ഷണവും ആദ്ധ്യാത്മികഭക്ഷണവും തമ്മിൽ അർത്ഥവ്യത്യാസം ഉണ്ടായിരുന്നില്ല. ദൈവത്തിൻെറ വിശാലമായ രാജത്വത്തിനു കീഴിൽ എല്ലാവസ്തുക്കളും പാവനമായി കരുതുന്ന ശീലമായിരുന്നു അവിടുത്തേയ്ക്കുണ്ടായിരുന്നതു്. മരണത്തിൻെറ പഴയ യുഗത്തിൽനിന്നും ജീവൻെറ പുതിയ യുഗത്തിലേക്കു ജനങ്ങളെ നയിക്കുകയായിരുന്നു അവിടുത്തെ ലക്ഷ്യം.

യേശുവിൻെറ വീക്ഷണത്തിൽ പാരമ്പര്യപ്രേമികളുടെ 'ശുദ്ധ'മെന്നും 'അശുദ്ധ'മെന്നുമുള്ള ഭക്ഷണ വിഭജനം തന്നെ ശരിയല്ല. ഭക്ഷണത്തിനു് ഒരുവനെ അശുദ്ധനോ ശുദ്ധനോ ആക്കാൻ കഴിയുകയില്ല. ദൈവം സൃഷ്ടിച്ചിട്ടുള്ളവയെല്ലാം നല്ലതും നന്മയിലേക്കു നയിക്കുന്നവയുമാണു്. പാപികളുടെയും പിടിച്ചുപറിക്കാരുടെയും കൂടെയിരുന്നു് ക്രിസ്തു ഭക്ഷണം കഴിച്ചിട്ടുണ്ടു്. ശരീരത്തിനു് ആരോഗ്യവും പോഷണവും നല്കുന്ന ഭക്ഷണമാണു് അവിടെ വിളമ്പിയതെങ്കിലും, അതു് ജീവൻെറ ഭക്ഷണമായിരുന്നു. അന്ത്യത്താഴസമയത്തു് ശിഷ്യരോടൊത്തു് ഭക്ഷണ മേശയിലിരുന്നപ്പോൾ വിളമ്പിയതു് ഭൗതികഭക്ഷണമായിരുന്നെങ്കിലും അതിലുമുപരിയായ അർത്ഥം അതിനുണ്ടായിരുന്നല്ലോ. പ്രിയ ശിഷ്യരുടെ കൂടെയിരുന്നു ഈശോ ഭക്ഷണം കഴിച്ചതെല്ലാം ലോകാവസാനം സ്വർഗ്ഗസദനത്തിലിരുന്നു വിരുന്നിൽ സംബന്ധിക്കുന്നതിൻെറ മുന്നാസ്വാദനത്തോടു കൂടെയായിരുന്നു. ആദിമസഭയിലെ അംഗങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിനും, ബന്ധം പുലർത്തുന്നതിനുമായി അനുദിനം സമ്മേളിച്ചു സ്നേഹവിരുന്നു നടത്തിയിരുന്നു. കർത്താവിൻെറ വിരുന്നെന്നു സെൻറു് പോൾ വിളിക്കുന്ന ഈ സമ്മേളനങ്ങൾ സൗഹൃദവും സാഹോദര്യവും വളർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉപകരിക്കുന്നതായിരുന്നു. ഇതുപോലെ ശി

ഷ്യരെ സംബന്ധിച്ചിടത്തോളം ഓരോ വിരുന്നും ഈ ശോയുടെ സാന്നിദ്ധ്യം പ്രതീക്ഷിച്ചും വിശ്വസിച്ചും നടത്തിയിരുന്നതുമായിരുന്നു.

## 10 ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതു പോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ

സെൻറ് മാത്യുവിൻെറ സുവിശേഷത്തിൽ വായിക്കുന്ന ഈ അഭ്യർത്ഥന ആശയത്തിൽ കാതലായ വ്യത്യാസം കൂടാതെയാണെങ്കിലും വാചകഘടനയിൽ വ്യതിയാനത്തോടു കൂടെയാണ് സെൻറ് ലൂക്കിൻെറ സുവിശേഷത്തിൽ കാണുന്നതു്. "ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ; എന്തെന്നാൽ ഞങ്ങളോടു കടപ്പെട്ടിരിക്കുന്നവരോടെല്ലാം ഞങ്ങളും ക്ഷമിക്കുന്നു."

മാത്യുവിൻെറ സുവിശേഷത്തിലെ 'കടങ്ങൾ' എന്നുള്ള പദപ്രയോഗം സെമിററിക് പാരമ്പര്യത്തോടു് ബന്ധം പ്രദർശിപ്പിക്കുന്നുണ്ടു്. യവനഭാഷയിൽ മതപരമായ യാതൊരു പശ്ചാത്തലവും ഈ വാക്കിനില്ല. അറമായക് ഭാഷയിൽ കച്ചവടക്കാര്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഈ പദം പതുക്കെപ്പതുക്കെ മതപരമായ കാര്യങ്ങളെപ്പററിയുള്ള വിശദീകരണങ്ങളിലേക്കും കടന്നുവന്നു. പാപിയും, തെററുകാരനും, അക്രമിയുമൊക്കെ ഈ വാക്കിൻെറ വിശദീകരണ പരിധിയിൽ വന്നു ചേർന്നു. ദൈവിക നിയമങ്ങളും പ്രമാണങ്ങളും ധിക്കരിച്ചവർ 'കടക്കാ'രുടെ നിർവ്വചനത്തിനുള്ളിലാണു്. ഈ പദത്തിനുപകരം 'പാപങ്ങൾ' എന്ന വാക്കു ചേർത്താണു് സെൻറ് ലൂക്കു് ഈ അഭ്യർത്ഥന പൂർത്തിയാക്കിയിരിക്കുന്നതു്. അന്യസമുദായക്കാർ അധികമുള്ള ലൂക്കിൻെറ ശ്രോതാക്കൾക്കു് മനസ്സിലാകുന്ന ശൈലിയും അതായിരുന്നു. 'കടങ്ങൾ' ക്ഷമിക്കുക എന്നുള്ള യഹൂദ ഭാഷാശൈലി ഗ്രീക്കു ബൈബിളിലേക്കും വ്യാപിച്ചു. ബൈബിളിലുപയോഗിച്ചിരിക്കുന്ന ഗ്രീക്കിലല്ലാതെ മറെറങ്ങും മതപരമായ

പശ്ചാത്തലവ്യാഖ്യാനത്തോട് കൂടിയ ഈ പദം പ്രയോഗിച്ചും കാണുന്നില്ല.

'ക്ഷമിക്കണമേ' എന്നഭ്യർത്ഥിച്ചുകൊണ്ടു് ദൈവത്തോട് പ്രാർത്ഥിക്കുന്നതിൽ നൂതനത്വം ഒന്നും കണ്ടെത്താൻ സാധിക്കയില്ല. ''എൻെറ പാപങ്ങളെല്ലാം ക്ഷമിക്കണമേ'' എന്നാണു് ഇരുപത്തഞ്ചാം സങ്കീർത്തനത്തിൽ പ്രാർത്ഥിക്കുന്നതു്. ബൈബിളിലെ പ്രഭാഷകഗ്രന്ഥത്തിലും ഇതേ ആശയം ദൃശ്യമാണു്. ''നിൻെറ അയല്ക്കാരൻെറ അനീതി ക്ഷമിക്കുക; അനന്തരം നീ പ്രാർത്ഥിക്കുമ്പോൾ, നിൻെറ പാപങ്ങളും ക്ഷമിക്കപ്പെടും.'' പഴയ ഉടമ്പടിയുടെ പ്രാർത്ഥനാപാരമ്പര്യത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഈ ആശയം ഈശോയുടെ പ്രാർത്ഥനയിൽ പുതിയ അർത്ഥം ഉൾക്കൊള്ളുന്നുണ്ടു്.

യേശുവിൻെറ പുനരാഗമനം വേഗം സംഭവിക്കുമെന്ന പ്രതീക്ഷയിൽ കഴിഞ്ഞവരാണു് ആദിമക്രൈസ്തവർ. വിവാഹവിരുന്നിൽ സംബന്ധിക്കാൻപോയ യജമാനൻ വേഗം വന്നു വാതിലിൽ മുട്ടുമെന്നു കരുതിക്കഴിയുന്ന വേലക്കാരെപ്പോലെ (ലൂക്കാ 12: 37) ജീവിതത്തിൻെറ കണക്കു ചോദിക്കുവാൻ ക്രിസ്തു വേഗമെത്തുമെന്നുള്ള ഭയം നിറഞ്ഞ പ്രതീക്ഷ ക്രൈസ്തവർക്കുണ്ടായിരുന്നു. ആസന്നമെന്നു കരുതിയ അവസാന വിധിയെപ്പററിയുള്ള വിചാരം എല്ലാവിധ പാപങ്ങളും പരിപൂർണ്ണമായി പൊറുക്കണമേയെന്നു പ്രാർത്ഥിക്കുവാൻ അവരെ പ്രേരിപ്പിച്ചു. സുവിശേഷത്തിൻെറ പലഭാഗങ്ങളിലും അവസാന വിധിയോടു ഘടിപ്പിച്ചു പാപമോചനം വിവരിച്ചിട്ടുണ്ടു്. ഈശോയുടെ പ്രാർത്ഥനയുടെ പശ്ചാത്തലമൊരുക്കിയ ഗിരിപ്രഭാഷണത്തിൽ ഇതിനുദാഹരണം ദൃശ്യമാണു്. അയല്ക്കാരനു് നമ്മോടു കോപമോ പകയോ ഉണ്ടെന്നു മനസ്സിലായാൽ, അങ്ങോട്ടു ചെന്നു് അവനോടു രമ്യപ്പെടുവാനുള്ള മന:സ്ഥിതി പ്രദർശിപ്പിക്കണം. ''........ വഴിയിൽ വച്ചുതന്നെ അന്യായക്കാരനുമായി രമ്യപ്പെടുക. അല്ലാത്ത പക്ഷം അയാൾ നിന്നെ ന്യായാധിപനും, ന്യായാധിപൻ നിന്നെ സേവകനും ഏല്പിച്ചു കൊടുക്കും. അങ്ങനെ

നീ തടവിലാകും. അവസാനത്തെ ചില്ലിക്കാശും കൊടുത്തുവീട്ടുവോളം നീ അവിടെ നിന്നും രക്ഷപെടുകയില്ലെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു'' (മാത്യു 5: 23 – 25). ലൂക്കിൻെറ സുവിശേഷത്തിൽ വിധിയും ക്ഷമയും തമ്മിൽ താരതമ്യ വിശകലനം നടത്തിയിട്ടുണ്ടു്. ''വിധിക്കരുതു്: എന്നാൽ നിങ്ങളും വിധിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ. നിങ്ങളോടു ക്ഷമിക്കപ്പെടും''. കരുണയില്ലാത്ത ഭൃത്യനെപ്പററിയുള്ള ഉപമ ഇവിടെ പരിചിന്തനത്തിനു വിധേയമാക്കുന്നതു് ഉത്തമമാണു് (മാത്യു 18: 23 – 25). ഭൃത്യന്മാരുടെ കടങ്ങൾ തീക്കുവാൻ ആഗതനാകുന്ന രാജാവു് ദൈവമല്ലാതെ മററാരുമല്ല. അധമർണ്ണനായ ഭൃത്യൻ, അവൻെറ മറെറാരു സഹപ്രവത്തകനോടു ക്ഷമിക്കാനോ, കരുണ പ്രദശിപ്പിക്കാനോ തയ്യാറായില്ല. കാരുണ്യരഹിതനായ അവനെ ജയിലിലിലടയ്ക്കാനും, പണം പൂർണ്ണമായും കൊടുത്തുതീക്കുവോളം യാതനകൾക്കു വിധേയനാക്കുവാനും രാജാവിൻെറ വിധിയുണ്ടാകുന്നു അധമർണ്ണരോടു ക്ഷമിക്കുവാൻ നാം താത്പര്യം കാണിച്ചാൽ മാത്രമേ, നമ്മുടെ ഉത്തമർണ്ണനായ ദൈവവും നമ്മോടു ക്ഷമയും കാരുണ്യവും പ്രകടിപ്പിക്കയുള്ളവെന്നു് ഈ ഉപമയിലൂടെ വ്യക്തമാക്കിയിരിക്കുന്നു.

''ഞങ്ങളുടെ കടക്കാരോടു് ഞങ്ങൾ ക്ഷമിച്ചതുപോലെ'' എന്നുള്ള അഭ്യത്ഥനയുടെ ഉത്തരഭാഗവും പരിഗണനയ്ക്കു വിധേയമാക്കേണ്ടതുണ്ടു്. ജീവിത വ്യാപാരങ്ങളുടെ കണക്കുകൾ പരിശോധിക്കുന്ന അന്തിമ വിധിദിവസത്തിൽ, മനുഷ്യക്കു് പരസ്പരമുണ്ടായിട്ടുള്ള ബന്ധങ്ങളും പെരുമാററ രീതികളുമാണു പരിശോധനയ്ക്കു വിധേയമാകുന്നതു്. മനുഷ്യൻ മനുഷ്യനോടു ചെയ്യുന്ന അക്രമങ്ങളും തെററുകളും ശിക്ഷാർഹങ്ങളാണു്. അവശരും ആലംബഹീനരുമായവരെ സഹായിക്കാതെ, കിട്ടുന്ന പണമത്രയും സുഖസമൃദ്ധിയുടെ പട്ടുമെത്തയിൽകിടന്നു് ജീവിതം ആസ്വദിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്ന സ്വാത്ഥമതികളായ ധനികർ ശിക്ഷാർഹരാണെന്നു ധനികൻെറയും ലാസറിൻെറയും ഉപമയിൽനിന്നും വ്യക്തമാകുന്നു.

ഈ പ്രാൎത്ഥനയുടെ ശരിയായ അൎത്ഥഗ്രഹണത്തിനു പാപപ്പൊറുതിയെപ്പററിയുള്ള ധാരണകഠം പരിശോധി ക്കേണ്ടതായിട്ടുണ്ടു്. ദൈവത്തിൻെറ പിതൃത്വത്തെപ്പററി യുള്ള ധാരണയിൽനിന്നുമാണു് ക്ഷമയും പാപപ്പൊറുതി യുമൊക്കെ ഉരുത്തിരിയുന്നതു്. പഴയ ഉടമ്പടിയിലെ നൂററിമൂന്നാമത്തെ സങ്കീൎത്തനത്തിൽ ക്ഷമാശീലനും കാ രുണ്യവാനുമായ പിതാവായിട്ടാണു് ദൈവത്തെ ചിത്രീ കരിച്ചിരിക്കുന്നതു്. ധൂൎത്തപുത്രൻെറ ഉപമയിലെ പി താവിൻെറ സ്വഭാവനിരൂപണം നടത്തുമ്പോഠം ദൈവ ത്തിൻെറ പ്രതിഛായ അദ്ദേഹത്തിൽ ദർശിക്കുവാൻ കഴിയും. ധിക്കാരിയും താന്തോന്നിയുമായ ആ ഇളയ സന്താനം പുത്രനെന്ന നാമംകൂടി അർഹിച്ചിരുന്നില്ല. എന്നാൽ അവൻ തിരിച്ചെത്തിയപ്പോഠം പിതാവു് അ വനെ തഴുകിത്തലോടി സ്വീകരിക്കുന്നു. അന്യരുടെ തെ റുകഠം ക്ഷമിക്കാത്തവരോടു് ദൈവവും ക്ഷമിക്കയില്ലെ ന്നു കരുണയില്ലാത്ത ഭൃത്യൻെറ ഉപമയിലൂടെ സ്പഷ്ടമാ ക്കുന്നുണ്ടു്. ‘‘നിങ്ങഠം ഓരോരുത്തനും തൻെറ സഹോദര നോടു് ഹൃദയപൂൎവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എൻെറ സ്വർ ഗ്ഗീയ പിതാവു് നിങ്ങളോടും അപ്രകാരംതന്നെ ചെയ്യും’’ എന്നുള്ള ക്രിസ്തുവിൻെറ താക്കീതും സാരവത്താണു്.

‘കടക്കാർ’ എന്ന പദത്തിനു് അൎത്ഥസമൃദ്ധി ലഭി ക്കുന്നതു് ദൈവത്തിൻെറ പിതൃത്വത്തെ ഊന്നിപ്പറയു മ്പോഠം മാത്രമാണു്. അയൽക്കാരനെതിരായി ചെയ്യുന്ന തിന്മയെപ്പററിയോ, അക്രമത്തെപ്പററിയോ പറയുന്നതു് മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ അയൽക്കാൎക്കു് നാം എന്തെങ്കിലും കടപ്പെട്ടുന്നുവെന്നു് സാധാരണ നീതി ശ്ശാസ്ത്രമനുസരിച്ചു് വ്യാഖ്യാനം നല്കാൻ പ്രയാസമുണ്ടു്. ദൈവം പിതാവും, മനുഷ്യരെല്ലാം സഹോദരങ്ങളുമായി രിക്കുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയിൽ മാത്രമേ, പരസ്പരമുള്ള കടപ്പാടുകളെപ്പററി പ്രസ്താവിക്കാറുള്ളു. സ ഹോദരങ്ങഠം തമ്മിൽ പല കടപ്പാടുകളുമുണ്ടെന്നു നമു ക്കറിയാം. അവഗണനയും അവജ്ഞയും ‘കട’ ങ്ങളായി മാറുന്നതു് ഇതുപോലുള്ള ഒരു സമൂഹത്തിലാണു്. ക്രൈ

സ്തവരെ തമ്മിൽ ബന്ധിപ്പിക്കുന്നതു് സ്നേഹത്തിൻെറ നൂലുകൊണ്ടാണല്ലോ. ഈ സ്നേഹത്തിനു് ഭംഗം വരാതെ സൂക്ഷിക്കുവാനുള്ള കടമ എല്ലാവക്കുമുണ്ടു്.

മാത്യുവിൻെറയും ലൂക്കിൻെറയും സുവിശേഷങ്ങളിൽ കാണുന്ന പാഠഭേദം പരിഗണനാർഹമായ അത്ഥവ്യത്യാസം വരുത്തുന്നില്ല. "ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ" എന്നുള്ള പ്രാത്ഥന കച്ചവട മനഃസ്ഥിതിയോടെ ദൈവത്തോടു യുക്തിവാദം നടത്തുന്നതാണെന്നു കരുതാൻ നിവൃത്തിയില്ല. ലൂക്കിൻെറ സുവിശേഷത്തിലെ ഈ പ്രാത്ഥനാഭാഗം കൂടുതൽ അത്ഥവ്യക്തത നല്കുന്നു. "ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമേ, എന്തെന്നാൽ ഞങ്ങളോടു കടപ്പെട്ടിരിക്കുന്നവരോടെല്ലാം ഞങ്ങളും ക്ഷമിക്കുന്നു." വത്തമാനകാലക്രിയ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു് അത്ഥവ്യക്തതയ്ക്കു് അവസരം നല്കുന്നു. മനുഷ്യർ പരസ്പരം തെററുകൾ പൊറുക്കുകയും രമ്യപ്പെടുകയും ചെയ്താൽ മാത്രമേ ദൈവവും ക്ഷമിക്കുകയുള്ളുവെന്നൊരു വ്യവസ്ഥ ഇവിടെയില്ല. രണ്ടും ഒരുമിച്ചു പോകുന്നതാണെന്നു പറയാം. "കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കയില്ല" എന്നുള്ള യോഹന്നാൻെറ ഒന്നാമത്തെ കത്തിലെ സൂചന ഇവിടെ ഉപോദ്ബലകമാണു്. ദൈവസ്നേഹവും മനുഷ്യസ്നേഹവും ഒരേ വികാരത്തിൻെറ രണ്ടു ഘടകങ്ങളായിരിക്കുന്നതുപോലെ, സഹോദരങ്ങളോടു ക്ഷമിച്ചു നിമ്മലഹൃദയരായി ദൈവ കരുണ യാചിക്കുക വിവേകപൂർണ്ണമായ കൃത്യമായിരിക്കും. ദൈവത്തിൻെറയും മനുഷ്യരുടെയും ഭാഗത്തുനിന്നുമുള്ള ക്ഷമ ഒരു നവയുഗനിമ്മിതിക്കും നൂതന സമൂഹ സൃഷ്ടിക്കും സഹായകമാകും.

## 11 ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ

ഈശോയുടെ പ്രാത്ഥനയിലെ ഇതുവരെയുള്ള ഭാഗങ്ങളെല്ലാം ദൈവരാജ്യവികസനവും അതിൽ മനുഷ്യക്കുള്ള ഭാഗഭാഗിത്വവും ഉദ്ദേശിച്ചുള്ളതായിരുന്നു. അവസാനത്തെ ഈ അഭ്യത്ഥന ദൈവരാജ്യവികാസത്തിനു വിഘാതമായി നില്ക്കുന്ന ഘടകങ്ങരം നീങ്ങാനും ക്രൈസ്തവനു് അന്തിമവിജയം ലഭിക്കാനും വേണ്ടിയുള്ളതാണു്.

അനുദിനജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും നീങ്ങിക്കിട്ടാനുള്ള ഒരു പ്രാത്ഥനയായി ഇതിനെ വ്യാഖ്യാനിക്കുന്നതു ശരിയല്ല. ''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്നു വിളിച്ചാരംഭിച്ച ഈ പ്രാത്ഥനയിൽ ''ഞങ്ങളെ പ്രലോഭനത്തിൽ ഉരംപ്പെടുത്തരുതേ'' എന്നുകൂടി ചേത്തു അഭ്യത്ഥിക്കുമ്പോരം, ഈ പ്രലോഭനങ്ങരംക്കു് ഹേതുവായി നില്ക്കുന്നതു ദൈവമാണെന്നു ഒരു ധ്വനി വരാൻ സാദ്ധ്യതയുണ്ടു്. പഴയ ഉടമ്പടി ഗ്രന്ഥത്തിൽ ദൈവം മനുഷ്യരെ പരീക്ഷിക്കാൻ ശ്രമിക്കുന്ന ചില സംഭവങ്ങരം രേഖപ്പെടുത്തിയിട്ടുണ്ടു്. പൂവ്വപിതാക്കളിൽ പ്രശസ്തനായ അബ്രാഹത്തിൻെറ വിശ്വാസം എത്രമാത്രമുണ്ടെന്നു പരീക്ഷിക്കാൻ അദ്ദേഹത്തിൻെറ ഏകപുത്രനായ ഐസക്കിനെ ബലിയപ്പിക്കുവാൻ ദൈവം ആവശ്യപ്പെടുന്ന സംഭവം ഉത്പത്തി (22: 1) പുസ്തകത്തിൽ വിവരിച്ചിട്ടുണ്ടു്. ഷൂർ മരുഭൂമിയുടെ വിരിമാറിലൂടെ ഇസ്രായേൽ ജനത്തെ നയിച്ചുകൊണ്ടു് പ്രവാചകനായ മോസസ്സു് നീങ്ങിയപ്പോരം ദൈവം അവരെ ചില അവസരങ്ങളിൽ പരീക്ഷിച്ചിരുന്നതായി പുറപ്പാടിൻെറ പുസ്തകത്തിൽ (15: 25) രേഖപ്പെടുത്തിയിട്ടുണ്ടു്. ധനവാനും പ്രതാപിയുമായ ഹെസക്കിയാ രാജാവിൻെറ സ്വഭാവശുദ്ധിയും ആദശനിഷ്ഠയും പരിശോധിച്ചു നോക്കുന്നതിനു ദൈവം ഒരുങ്ങിയ കാര്യം ദിനവൃത്താന്തത്തിൻെറ രണ്ടാം പുസ്തകത്തിൽ (32:31) വായിക്കുവാൻ

കഴിയും. ഇവയൊക്കെ ഒററപ്പെട്ട സംഭവങ്ങളായി കണ്ക്കാക്കുകയല്ലാതെ, മനുഷ്യരെ പരീക്ഷണത്തിനു വിധേയമാക്കുക ദൈവത്തിൻെറ ശീലമാണെന്നു സിദ്ധാന്തിക്കുന്നതു ശരിയല്ല.

പഴയ ഉടമ്പടിയിലെ പില്ക്കാല ഗ്രന്ഥങ്ങളിൽ ഒന്നായ പ്രഭാഷകനിൽ (15:12) മനുഷ്യരുടെ ബലഹീനതകാംക്കും വീഴ്ചകാംക്കും ഉത്തരവാദി ദൈവമാണെന്നുള്ള അനുമാനത്തെ ശക്തിയായി എതിർത്തിട്ടുണ്ട്. പുതിയ ഉടമ്പടിയിൽ ഈ പുതിയ സിദ്ധാന്തം വളരെ വ്യക്തമായി സ്ഥാപിച്ചിട്ടുണ്ട്. റോമ്മാ സാമ്രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ വസിച്ചിരുന്ന ക്രൈസ്തവക്ക്വേണ്ടി, ഈശോയുടെ സഹോദരനെന്നു സെൻറു് പോാം വിശേഷിപ്പിക്കുന്ന ജെയിംസ് എഴുതിയ കത്തിൽ നാം ഇങ്ങനെ വായിക്കുന്നു: ''പ്രലോഭനത്തിൽപെട്ടിരിക്കുന്ന ഒരുവനും, ദൈവം തന്നെ പ്രലോഭിപ്പിക്കുന്നുവെന്നു പറയരുതു്. ദൈവം തിന്മകളാൽ പരീക്ഷിക്കപ്പെടുന്നില്ല; അവിടുന്നു് ആരെയും പരീക്ഷിക്കുന്നുമില്ല. എന്നാൽ ഓരോരുത്തനും സ്വന്തം ദുരാശയാൽ ആകർഷിക്കപ്പെട്ടും വശീകരിക്കപ്പെട്ടുമാണു് പ്രലോഭനത്തിനു വിധേയമാകുന്നതു്.'' ക്രൈസ്തവർ എന്തുകൊണ്ടാണു് പിതാവായ ദൈവത്തോടു പ്രലോഭനങ്ങളിൽ ഉാംപ്പെടുത്തരുതേ എന്നു പ്രാത്ഥിക്കുന്നതെന്നു് ഒരു പ്രശ്നം ഈ അവസരത്തിൽ ഉന്നയിക്കാം. ''പരീക്ഷകനാൽ പ്രലോഭനങ്ങളിലേക്കു നയിക്കപ്പെടുവാൻ ഞങ്ങളെ അനുവദിക്കല്ലേ'' എന്നാണു് ഈ പ്രാത്ഥനയുടെ സൂചിതാത്ഥമെന്നു വ്യാഖ്യാനിച്ചു് പരീക്ഷകൻ ദൈവമല്ല, സാത്താനാണെന്നു സ്ഥാപിക്കുവാൻ പൂവ്വസൂരികളിൽ ഒരാളായ തെർത്തുല്യൻ ഉദ്യമിച്ചിട്ടുണ്ടു്. ശക്തിക്കതീതമായ പ്രലോഭനങ്ങാംക്കു ദൈവം മനുഷ്യരെ വിധേയരാക്കുകയില്ലെന്നുള്ള സെൻറു് പോളിൻെറ അഭിമതത്തെ അവലംബമാക്കി പണ്ഡിതകേസരികളായ അഗസ്റ്റിനും, ജറോമും വിശദീകരണക്കുറിപ്പുകാം എഴുതിയിട്ടുണ്ടു്. ദൈവമല്ല പ്രലോഭകൻ എന്നതാണു് അവരുടെയും സിദ്ധാന്തസാരം.

എന്നാൽ അനുദിന ജീവിതത്തിലെ പ്രലോഭനങ്ങളും പ്രശ്നങ്ങളുമല്ല ഇവിടുത്തെ മുഖ്യവിഷയമായി ഉദ്ദേശിച്ചിരിക്കുന്നതു്. ദൈവരാജ്യത്തെ പ്രാൎത്ഥിച്ചും പ്രതീക്ഷിച്ചും കഴിയുന്ന ക്രൈസ്തവൻ സാത്താനുമായുള്ള അന്തിമസമരത്തിൽ വിജയം നേടാനാഗ്രഹിക്കുന്നു. പരീക്ഷണമെന്നും പ്രലോഭനമെന്നും അൎത്ഥം പറയാവുന്ന 'പൈറാസ്മോസു്'' എന്ന പദമാണു് മൂലത്തിൽ കാണുന്നതു്. അനുദിന ജീവിതത്തിലുണ്ടാകുന്ന പ്രലോഭനങ്ങളേയും പരീക്ഷകളേയും ഈ പദംകൊണ്ടു വിവക്ഷിക്കാമെങ്കിലും, സാത്താൻെറ കെണികളിൽ നിന്നുമുള്ള വിമുക്തിയും വിജയവുമെന്നു് മററാരൎത്ഥം കൂടി ഈ പദത്തിനു പറയാവുന്നതാണു്. ''എൻെറ ക്ഷമാപൂൎണ്ണമായ നിലനില്പിൻെറ വചനം നീ കാത്തതുകൊണ്ടു് ഭൂമിയിൽ നിവസിക്കുന്ന സകലരുടെയുംമേൽ വരാനിരിക്കുന്ന പരീക്ഷണ കാലത്തു് ഞാനും നിന്നെ സംരക്ഷിക്കും'' എന്നുള്ള വെളിപാടിൻെറ പുസ്തകത്തിലെ വിവരണത്തിൽ ''പൈറാസ്മോസ്' എന്ന പദമാണു് പ്രയോഗിച്ചിരിക്കുന്നതു്. മാനസികവും ശാരീരികവുമായ വേദനയുടെ കാസാ സ്വീകരിച്ചുകൊണ്ടു് ഈശോ ഗദ്സേമനിലേക്കു പ്രവേശിച്ചു. യൂദാസെന്ന ശിഷ്യനിലൂടെ സാത്താൻ അവിടെയെത്തി. അന്ധകാരത്തിൻെറയും പ്രലോഭനത്തിൻെറയും ശക്തികളുടെ വിളയാട്ടത്തിനുള്ള അവസരം. 'പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കുവാൻ പ്രാൎത്ഥിച്ചുകൊള്ളുവിനെ''ന്നു് ഈശോ ശിഷ്യൎക്കു താക്കീതു നല്കി. യേശുവിൻെറ കൂടെയുണ്ടായിരുന്ന ശിഷ്യൎക്കു മാത്രമായി നല്കിയ ഉപദേശമായി ഇതിനെ പരിഗണിക്കാൻ നിവൃത്തിയില്ല. അവസാന നാളുകളിലെ അതിശക്തമായ പ്രലോഭനങ്ങളിൽ വിജയം നേടാനുള്ള മാൎഗ്ഗമായി പ്രാൎത്ഥന അവലംബിക്കണം.

എഫേസൂസു്കാൎക്കു് എഴുതിയ കത്തിൽ സാത്താനുമായുള്ള സമരത്തിൻെറ രീതിയെപ്പററി പോലും വിവരിക്കുന്നുണ്ടു്. ''കൎത്താവിൻെറ ശക്തിയും പ്രാഭവവുമാൎജ്ജിച്ചു് നിങ്ങൾ കരുത്തുള്ളവരാകുവിൻ. പിശാചിൻെറ

കുടില തന്ത്രങ്ങളെ എതിൎത്തുനില്ക്കുവാൻ പ്രാപ്തരാകേണ്ട തിനു നിങ്ങറം ദൈവത്തിൻെറ ആയുധങ്ങളും ധരിക്കു വിൻ. എന്തെന്നാൽ നമ്മുടെ സമരം മാംസത്തിനും രക്ത ത്തിനും എതിരായിട്ടല്ല, പ്രത്യുത അധികാരങ്ങറംക്കും ശക്തികറംക്കും അന്ധകാരമയമായ ഈലോകത്തിൻെറ അധിപതികറംക്കും ആകാശതലങ്ങളിലുള്ള ദുഷ്ടാത്മപി കറംക്കും എതിരായിട്ടത്രേ. അതുകൊണ്ടു് ദൈവത്തി ൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ'' (6:10f). ക രിശിലെ ത്യാഗബലിവഴി സാത്താനെ ക്രിസ്തു പരാജ യപ്പെടുത്തിയെന്നുള്ളതു് വാസ്തവമാണു്. എന്നാൽ വർ ദ്ധിത വീര്യത്തോടെ ഈലോകത്തിൻെറമേൽ പിടിമുറു ക്കുവാൻ സാത്താൻ ശ്രമിക്കും. അവസാന ദിവസത്തി ൻെറ ദൈർഘ്യം ദൈവം കുറച്ചില്ലായിരുന്നുവെങ്കിൽ ആരും രക്ഷപെടുകയില്ലായിരുന്നുവെന്നു പറയത്തക്കവി ധം ഭീകരമാണു് ഈ സമരവും സാത്താൻെറ അഭ്യാസ പ്രകടനങ്ങളും. തെരഞ്ഞെടുക്കപ്പെട്ടവരെ ഉദ്ദേശിച്ചു് ആ ദിവസങ്ങളുടെ എണ്ണം കുറച്ചിരിക്കയാണു് (മാക്കു് 13:19) അതുകൊണ്ടു് അവസാന നിമിഷങ്ങളിൽ പ്രലോഭന ങ്ങളുടെ മുന്തിരിക്കുലകളുമായെത്തുന്ന സാത്താനെ തോ ല്പിക്കുവാൻ താത്പര്യത്തോടെ പ്രാൎത്ഥിക്കണമെന്നതു് ദൈവികാഹ്വാനത്തിൻെറ പരിധിയിൽപെട്ട കാര്യ മാണു്.

അവസാനത്തെ ഈ അഭ്യൎത്ഥനയുടെ രണ്ടാംഭാഗ ത്തു 'തിന്മയിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ'' എ ന്നാണു പ്രാൎത്ഥിക്കുന്നതു്. ഗ്രീക്കിലുള്ള മൂലം വിവൎത്ത നം ചെയ്യുമ്പോറം തിന്മയിൽനിന്നു് എന്നോ, ദുഷ്ടനി ൽനിന്നു് എന്നോ അൎത്ഥമെടുക്കാം. പാശ്ചാത്യപണ്ഡി തന്മാർ 'തിന്മയിൽനിന്നു 'എന്ന വിവൎത്തനവും യവന പണ്ഡിതന്മാർ 'ദുഷ്ടനിൽനിന്നു്'' എന്ന വിവൎത്തനവുമാ ണു് പൊതുവേ അംഗീകരിച്ചിരിക്കുന്നതു്. തിന്മയിൽ നിന്നു് എന്നുള്ള അൎത്ഥം സ്വീകരിക്കുമ്പോറം എല്ലാ വി ധത്തിലുമുള്ള തിന്മ എന്നാണൂഹിക്കേണ്ടതു്. ദുഷ്ടൻ എ ന്ന പദംകൊണ്ടു് ഈ സന്ദർഭത്തിൽ വിവക്ഷിക്കുന്നതു് മനുഷ്യസമൂഹത്തിൻെറ ജന്മശത്രുവായ സാത്താനെയാ

ണ്. വിതക്കാരൻെറ ഉപമയ്ക്കു ഭാഷ്യം നല്കിയപ്പോഠം ക്രിസ്തു ഇക്കാര്യം സൂചിപ്പിക്കയുണ്ടായി. 'രാജ്യത്തിൻെറ വചനം കേട്ടിട്ട്, അതു ഗ്രഹിക്കാതിരുന്നവൻെറ ഹൃദയത്തിൽ വിതക്കപ്പെട്ടതു് ദുഷ്ടൻ വന്നു നീക്കം ചെയ്യുന്നു'' (മാത്യു 13:19). ഈ വ്യാഖ്യാനത്തിൽ ദുഷ്ടനെന്നു പരാമശിച്ചിരിക്കുന്നതു് സാത്താനെയാണ്. കളകളുടെ ഉപമയ്ക്കു വ്യാഖ്യാനം നല്കിയപ്പോഴും ഇതേ ശൈലി തന്നെയാണു് ഈശോ ഉപയോഗിക്കുന്നതു്. ''നല്ല വിത്തു വിതച്ചവൻ മനുഷ്യപുത്രനാണ്. വയൽ ഈലോകമാണ്; നല്ലവിത്തു രാജ്യത്തിൻെറ പുത്രരും കളകഠം ദുഷ്ടൻെറ പുത്രരുമാകുന്നു. കള വിതച്ച ശത്രു പിശാചാണ്''' (മാത്യു 13:39). ഇവിടെയും ദുഷ്ടനെന്ന പദംകൊണ്ടു് വിവക്ഷിക്കുന്നതാരെയാണെന്നു് വ്യക്തമാണല്ലോ.

ജീവിതസായാഹ്നത്തിൽ ശിഷ്യന്മാക്കുവേണ്ടി പിതാവായ ദൈവത്തോടു് യേശു നടത്തുന്ന സുന്ദരവും ഹൃദയസ്പർശിയുമായ പ്രാത്ഥനയിലെ ഒരു ഭാഗം ഇവിടെ പ്രസക്തമാണ്. ''അങ്ങു് അവരെ ലോകത്തിൽ നിന്നു് എടുക്കണമെന്നല്ല, ദുഷ്ടനിൽ നിന്നു് കാത്തുകൊള്ളണം എന്നാണു് ഞാൻ പ്രാത്ഥിക്കുന്നതു്'''(ജോൺ 17:15). ദുഷ്ടനെന്ന പദം പ്രയോഗിച്ചു് സാത്താനെ വിവക്ഷിക്കുന്ന സന്ദർഭങ്ങഠം ബൈബിളിൽ ഇനിയുമുണ്ടെന്നു മാത്രമേ തത്കാലം പറയുന്നുള്ളു.

അനുദിന ജീവിതത്തിലെ പ്രലോഭനങ്ങളെപ്പററിയാണു് പൂവ്വഭാഗത്തു പറഞ്ഞിരിക്കുന്നതെന്നു വിവക്ഷിക്കുന്നതെങ്കിൽ, 'തിന്മയിൽ നിന്നും രക്ഷിക്കണമേ' എന്നുള്ള ഉത്തരഭാഗത്തിനാണു് പ്രസക്തിയും യുക്തിയും. അന്തിമസമരത്തെ പരീക്ഷകളിൽകൂടി പരാമശിച്ചിട്ടുണ്ടെന്നു പരിഗണിക്കുമ്പോഠം, 'ദുഷ്ടനിൽ നിന്നും രക്ഷിക്കണമേ'' എന്നുള്ള പ്രാത്ഥനയാണു് കൂടുതൽ അത്ഥപൂണ്ണമായി തോന്നുന്നതു്. മനുഷ്യജീവിതത്തിലെ പ്രാധാന്യം അർഹിക്കുന്ന സന്ദർഭമാണു് ജനനം. എന്നാൽ മരണം കൂടുതൽ പ്രാധാന്യമർഹിക്കുന്നതാണെന്നു് സമ്മതിച്ചേ മതി

യാവൂ. ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻെറ ജീവിതം ശുഭമായി അവസാനിപ്പിക്കുക വളരെ പ്രധാനമായ കാര്യമാണ്. ദൈവത്തിൽ വിശ്വസിച്ചും, ധന്യപ്രവൎത്തികൾ ചെയ്തും വേണം ജീവിതാന്ത്യം ചെലവഴിക്കുവാൻ. ജീവിതത്തിൻെറ ജയാപജയങ്ങൾ നിൎണ്ണയിക്കുന്ന അവസാന നിമിഷങ്ങളിൽ ദൈവസഹായം അഭ്യൎത്ഥിച്ചുകൊണ്ടു് ഈശോയുടെ പ്രാൎത്ഥന ഉപസംഹരിക്കുന്നു.

## ഉപസംഹാരം

ആദിമക്രൈസ്തവരുടെ ജീവിതത്തോടു് അലിഞ്ഞുചേൎന്ന ഒന്നാണു് ഈശോയുടെ പ്രാൎത്ഥന. അവരുടെ ആശയങ്ങളും ആഗ്രഹങ്ങളും ആ പ്രാൎത്ഥനയിൽ നിഴലിക്കുന്നുണ്ടു്. യേശുവിൻെറ രണ്ടാമത്തെ ആഗമനം അതിവേഗം സാധിക്കുമെന്നു് അവർ വിശ്വസിച്ചിരുന്നതുകൊണ്ടു് തീക്ഷ്ണതയോടെ അവർ പ്രാൎത്ഥിച്ചിരുന്നു. അനുദിന ജീവിതത്തിലെ പ്രശ്നങ്ങളും പ്രയാസങ്ങളും വേദനകളും ഞെരുക്കങ്ങളും എല്ലാം ഈ പ്രാൎത്ഥനയുടെ പരിധിയിൽ വരുന്നുമുണ്ടു്. നമ്മുടെയും അനുദിന ജിവിതത്തോടു് അത്യധികം ബന്ധപ്പെട്ടതാണു് ഈ പ്രാൎത്ഥനയെന്നു് ഇന്നും നമുക്കു തോന്നുന്നു. എന്നിരുന്നാലും ഭൗതിക ജീവിതത്തെക്കാൾ ആദ്ധ്യാത്മിക ജീവിതത്തെ പരാമൎശിക്കുന്നതാണു് ഇതിലെ അഭ്യൎത്ഥനകൾ. ഈശോ ശിഷ്യൎക്കു ചൊല്ലിക്കൊടുത്തു പഠിപ്പിച്ച ഈ പ്രാൎത്ഥന അവരുടെ ശിഷ്യ പ്രശിഷ്യപരമ്പരകളിലൂടെ നമുക്കും ലഭിച്ചിരിക്കുന്നു. ഈ പ്രാൎത്ഥന ഉരുവിടുന്ന അധരങ്ങൾ എന്നും ധന്യമാവുക തന്നെ ചെയ്യും.

ACHARYA PALACKAL JEEVASS KENDRA LIBRARY 16299


# സ്വർഗ്ഗസ്ഥനായ പിതാവ്

## എസ്സ്. വെങ്ങാലൂർ

ശതകങ്ങൾക്കു മുൻപ് ശുഭ്രവസ്ത്രധാരിയും നേർപോക്കു സ്വഭാവക്കാരനുമായ ഒരു യഹൂദയുവാവ് പാരമ്പര്യപ്രസിദ്ധമായ പലസ്തീനായിൽ ജീവിച്ചിരുന്നു. മലമടക്കുകളിലും മരത്തണലിലുമിരുന്നു ശുദ്ധഹൃദയരും പരുക്കൻ പ്രകൃതിക്കാരുമായ ഗ്രാമീണരെ വട്ടമിരുത്തി ആ ചെറുപ്പക്കാരൻ പ്രസംഗിച്ചിരുന്നു. നാടൻ ശൈലിയും ഹൃദയത്തിന്റെ അടിത്തട്ടുവരെ അനായാസേന ഒഴുകിയിറങ്ങുന്ന ഭാഷയും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു.

"ഞങ്ങളെ ഒന്നു പ്രാർത്ഥിക്കാൻ പഠിപ്പിക്കാമോ?" ആ ഗ്രാമീണരിൽ ചിലർ ചോദിച്ചു; അല്ല അഭ്യർത്ഥിച്ചു. അദ്ദേഹം ഒരു പ്രാർത്ഥന ചൊല്ലിക്കൊടുത്തു് അവരെ പഠിപ്പിച്ചു. ഇന്നും ജനങ്ങളുടെ അധരങ്ങളിൽക്കൂടി പില്ക്കാല തലമുറകളിലേക്കു കൈമാറിപ്പോരുന്ന ഉത്കൃഷ്ടസുന്ദരമായ ആ പ്രാർത്ഥനയുടെ—സ്വർഗ്ഗസ്ഥനായ പിതാവിന്റെ—പൊരുളതിരിക്കാനുള്ള ശ്രമമാണ് ഈ ഗ്രന്ഥത്തിൽ നടത്തിയിരിക്കുന്നതു്. ആധുനിക ദൈവശാസ്ത്ര വിദഗ്ദ്ധരുടെ വീക്ഷണങ്ങളോടു് കഴിവതും രമ്യപ്പെട്ടുപോകാൻ ശ്രദ്ധിച്ചുകൊണ്ടാണ് ഇതിലെ ഓരോ വാക്യവും കുറിച്ചിരിക്കുന്നതു്.

# സ്വർഗ്ഗസ്ഥനായ പിതാവ്



എസ്. വെങ്ങാലൂർ

42.701
EN

Indic Digital Archive Foundation
gpura.org